# ഗുരുനാഥൻ.

പുസ്തകം 14 | 1110 മേടം | ലക്കം 9


## ജീവിതസഹായവും വിദ്യാഭ്യാസവും.


(ജി. രാമൻ മേനോൻ, എം. എ., ബി. എൽ.)


ആരോഗ്യരക്ഷയ്ക്കു് അത്യാവശ്യമായ സാമാന്യജ്ഞാനം സമ്പാദിക്കുന്നതു വിദ്യാഭ്യാസത്തിന്റെ ഏത്രയും പ്രധാനപ്പെട്ട ഒരംശമാണെന്നു മുൻലേഖനത്തിൽ, പ്രസ്താവിക്കയും ഇതു സംബന്ധിച്ചു ചില സംഗതികൾ വിവരിക്കയും ചെയ്തിട്ടുണ്ടല്ലൊ. ഈ ലേഖനത്തിൽ ആരോഗ്യരക്ഷയെക്കുറിച്ചു ചില കാൎയ്യങ്ങൾകൂടി പറയാം. മനുഷ്യൎക്കു് ആവശ്യമുള്ള സാധാരണ കാൎയ്യങ്ങളെല്ലാം ആവശ്യംപോലെ സ്വയം നിൎവ്വഹിക്കുന്നതിനു ചെറുപ്പത്തിൽ തന്നെ മനുഷ്യർ ശീലിക്കണം. ഈ വിധത്തിലുള്ള സാമാന്യപരിശീലനത്തിലുണ്ടായിരിക്കാവുന്ന ന്യൂനതകൾ വിദ്യാഭ്യാസന്യൂനതകളാണു്. നമ്മുടെ നാട്ടിൽ കിട്ടുന്ന ഏതെല്ലാം ഭക്ഷണസാധനങ്ങൾ ഏതെല്ലാം വിധത്തിൽ ഉപയോഗിച്ചാൽ ആരോഗ്യം സുരക്ഷിതമാകുമെന്നു സാമാന്യമായും, അവനവന്റെ ദേഹസ്ഥിതിക്കു ചേരുന്നതേതെല്ലാമെന്നു പ്രത്യേകമായും വിദ്യാൎത്ഥികൾ പഠിത്തം കൊണ്ടും സ്വാനുഭവപരിശോധന കൊണ്ടും മനസ്സിലാക്കണം.

നമ്മുടെ നാട്ടിൽ അധികം ആളുകളും പ്രധാനമായി ഉപയോഗിക്കുന്ന ഭക്ഷണസാധനം നെല്ലരികൊണ്ടുള്ള ചോറാണല്ലൊ. തവിടു മുഴുവൻ കളഞ്ഞ അരികൊണ്ടുള്ള ചോറു തവിടു ധാരാളമുള്ള അരികൊണ്ടുള്ളതിനെ അപേക്ഷിച്ചു ഗുണം വളരെ കുറഞ്ഞതാണു്. ഒരുമാതിരി വരട്ടുചൊറിയും, വിളൎച്ചയും, ബലക്ഷയവും ഉള്ള കുട്ടികൾക്കും മററും ധാരാളം തവിടുള്ള അരികൊണ്ടു ചോറോ, കഞ്ഞിയോ, പലഹാരമോ ഉണ്ടാക്കിക്കൊടുത്താൽ, മിക്കപ്പോഴും സുഖക്കേടുകൾ ഇല്ലാതാകയും ശക്തിയും ഉത്സാഹവും ഉണ്ടാകയും ചെയ്യും. ബൎമ്മായിൽനിന്നും മററും വരുന്ന തുമ്പപ്പൂപോലുള്ള ഉണക്കലരിയിൽ തവിടു തീരെയില്ല. ആരോഗ്യത്തിനു് അത്യാവശ്യമായ വിററാമിനും തവിടിന്റെ കൂടെ നീക്കപ്പെട്ടു. അതുകൊണ്ടു്, ഇത്ത

രം അരി ഉപയോഗിക്കാതിരിക്കുന്നതാണു നല്ലതു്. ചാക്കരികളിൽ ചില തരം പുഴക്കലരികളിലും തവിടു വളരെ കുറവാണെങ്കിലും, ഇവയിൽ, തവിടില്ലാത്ത ഉണക്കലരിയിലേക്കാൾ അധികം വിററാമിനുണ്ടു്. നെല്ലു പുഴുങ്ങുമ്പോൾ തവിടിലുള്ള വിററാമിന്റെ കുറേ ഭാഗം അരിയുടെ അകത്തേക്കു പ്രവേശിക്കുന്നു. അതുകൊണ്ടു നെല്ലു പുഴുങ്ങി ഉണക്കി കുത്തിയുണ്ടാക്കുന്ന അരിയുടെ തവിടു പോയാലും കുറേ വിററാമിൻ അരിയിൽ ശേഷിക്കും. എന്നാൽ, പുഴക്കലരിയായാലും കുറേ തവിടുള്ള അരിയാണു് തവിടില്ലാത്തതിനേക്കാൾ അധികം നല്ലതു്. പതിവായി ധാരാളം തവിടുള്ള അരി ഭക്ഷണസാധനമായി ഉപയോഗിക്കാൻ സാധിച്ചില്ലെങ്കിലും ചിലപ്പോഴെങ്കിലും അപ്രകാരം ചെയ്യുന്നതു് ആരോഗ്യത്തിനു ഗണ്യമായ രക്ഷയായിരിക്കും. തവിടു ധാരാളമുള്ള അരി അരച്ചു തേങ്ങയും പഴവുംകൂടെ ചേൎത്തുണ്ടാക്കുന്ന വത്സൻ (അട) വളരെ രുചിയുള്ളതും ആരോഗ്യപ്രദവുമാണു്. അരി വേവിച്ചു ചോറാക്കുന്നതിൽ ഒരു കാൎയ്യം പ്രത്യേകം ശ്രദ്ധിക്കണം. വെള്ളം നല്ലവണ്ണം ചൂടുപിടിച്ചതിനുശേഷം, അരി ഇട്ടു് ഒരു തിളവന്നാൽ പിന്നെ, അധികം തിളപ്പിക്കരുതു്. അരി വെള്ളത്തിൽ കിടന്നു സാവധാനത്തിൽ കുതിൎന്നു വേവണം. ഒരു തിള വന്നാൽപിന്നെ തീ കുറേശ്ശെ മാത്രമെ കത്തിക്കാവൂ. ചില ഔഷധങ്ങൾ മന്ദാഗ്നിയിൽ പാകം ചെയ്യണമെന്നു വൈദ്യന്മാർ പറയാറുണ്ടല്ലൊ. ഭക്ഷണസാധനങ്ങളുടെ കാൎയ്യത്തിലും ഇങ്ങനെതന്നെയാണു വേണ്ടതു്. ഇങ്ങനെ മന്ദാഗ്നിയിൽ വെന്താൽ, വിററാമിൻ അധികമായി വെള്ളത്തിൽ കലൎന്നുപോകയില്ല; ചോറിൽ തന്നെ ഉണ്ടായിരിക്കും. അതുകൊണ്ടു്, ഇങ്ങനെ പാകംചെയ്യുന്ന അരി വാൎത്തു ചോറുപയോഗിക്കുന്നതിൽ വിററാമിൻ അധികം നഷ്ടപ്പെടുകയില്ല. ചോറിനു നല്ല രുചിയും ഉണ്ടായിരിക്കും. ഈ രുചി വിററാമിൻ അതിൽ ക്രമത്തിനുള്ളതിന്റെ ലക്ഷ്യമാണെന്നു വിചാരിക്കാം. ചോറു് അധികം വെന്തു കുഴഞ്ഞാൽ, അതിനു രുചിയുണ്ടായിരിക്കയില്ല; പോഷണാംശവും കുറവായിരിക്കും. ചോറും മററു മിക്ക ഭക്ഷണസാധനങ്ങളും അധികം വേവിക്കാതെ, നല്ലവണ്ണം ചവച്ചു തിന്നുന്നതാണു നല്ലതു്. കട്ടുള്ള മരച്ചീനി മുതലായ ചില സാധനങ്ങൾ നല്ലവണ്ണം വേവിച്ചു വെള്ളം ഊററിക്കളയണം. മറെറല്ലാ സാധനങ്ങളും അധികം വേവിക്കാതിരിക്കുന്നതാണു നല്ലതു്. ഭക്ഷണസാധനം അധികം വേവാതിരുന്നാൽ അതു നല്ലവണ്ണം ചവയ്ക്കേണ്ടിയിരിക്കും. അപ്പോൾ ഉമിനീരു ധാരാളമായി അതിൽ ചേൎന്നു ദഹനത്തെ സഹായിക്കുന്നു. അധികം വെന്ത പദാൎത്ഥങ്ങൾ നല്ലവണ്ണം ചവയ്ക്കുന്നതിനു മുമ്പുതന്നെ ഇറങ്ങിപ്പോകുന്നതിനാൽ, അവയിലുള്ള പോഷണാംശങ്ങളിൽ ഒരു വലിയ ഭാഗം ശരിയായി ദഹിക്കയൊ രക്തത്തിൽ ചേരുകയൊ ചെയ്കയില്ല. ചീര മുതലായ ഇലകളും, കുമ്പളങ്ങാ, വെള്ള

രിയ്ക്കാ, വെണ്ടയ്ക്കാ മുതലായ സസ്യങ്ങളും മുമ്പറഞ്ഞ വിധത്തിൽ പാകം ചെയ്തു പതിവായി ഭക്ഷിക്കണം. വെള്ളരിക്ക മുതലായ ചില സസ്യങ്ങൾ പച്ചയായി തിന്നുന്നതാണു അധികം നല്ലതു്. മാമ്പഴം, വാഴപ്പഴം മുതലായ ഫലങ്ങളും പറങ്കി അണ്ടി, തേങ്ങാ മുതലായവയും വേവിക്കാതേയും തിന്നാമല്ലൊ. ദിവസവും ഇത്തരം ഭക്ഷണസാധനങ്ങൾ വേവിക്കാതെ കുറേശ്ശെയെങ്കിലും തിന്നുന്നതു് ആരോഗ്യത്തിനു വലിയ രക്ഷയാണു്. വേവിക്കാത്ത ഭക്ഷണസാധനങ്ങളിൽ രോഗാണുക്കളുണ്ടായിരിക്കാമെന്നു ഭയമുണ്ടെങ്കിൽ, അവയെ തിളച്ച വെള്ളത്തിൽ കഴുകിയെടുത്തു തിന്നാവുന്നതാണു്.

നെല്ലു നാടനുരലും ഉലയ്ക്കയും ഉപയോഗിച്ചു കുത്തി അരിയാക്കി വെളുപ്പിച്ചാലും വിററാമിൻ അധികം പോകയില്ല; മില്ലിൽ കുത്തി വെളുപ്പിച്ചാൽ, വിററാമിൻനഷ്ടം കുറേക്കൂടെ അധികമായിരിക്കും. എന്നാൽ മില്ലിലും തവിടധികം പോകാതെ കുത്തിക്കാൻ സാധിക്കും. തവിടധികം പോകാതെ കുത്തിത്തരണമെന്നു ഹള്ളർ നിയന്ത്രിക്കുന്നയാളോടു മുൻകൂട്ടി പറഞ്ഞാൽ, അപ്രകാരം ചെയ്തുതരാൻ പ്രയാസമൊന്നുമില്ല. ഹള്ളറിൻെറ സ്ക്രൂ കുറച്ചു് അയച്ചുവച്ചാൽ തവിടു് അധികം പോകാതിരിക്കും. ഈ കാലത്തു് മിക്ക സ്ഥലങ്ങളിലും നെല്ലുകുത്താൻ ആളെ കിട്ടുന്നതു പ്രയാസമായിരിക്കുന്നതിനാൽ സ്വന്തമായി നെല്ലുള്ളവരും അതിനെ മില്ലിൽ കൊടുത്തു കുത്തിക്കേണ്ടിയിരിക്കുന്നു. സാധിക്കുമെങ്കിൽ, നാടനുരലും ഉലയ്ക്കയും ഉപയോഗിച്ചു നെല്ലു കുത്തിയെടുക്കുന്നതാണു പലവിധത്തിലും നല്ലതു്. ഇങ്ങനെയായാൽ, കൂട്ടതലാളുകൾക്കു ജോലിയും കൂലിയും കിട്ടും. എന്നാൽ, ആളെ കിട്ടാത്തതുകൊണ്ടു നെല്ലു മില്ലിൽ കുത്തിക്കേണ്ടിയിരുന്നാലും, സ്ക്രൂ അയച്ചുവച്ചു കുത്തിച്ചാൽ, തവിടും വിററാമിനും അധികം നഷ്ടപ്പെടാതെ സൂക്ഷിക്കാവുന്നതാണു്.

അനേകതലമുറകളായി നാം തവിടുകളഞ്ഞും മിക്ക ഭക്ഷണസാധനങ്ങളും അധികം വേവിച്ചും ഭക്ഷിച്ചു ശീലിച്ചുപോയതിനാൽ, ഈ പതിവു ഭേദപ്പെടുത്തി പ്രകൃത്യാനുസൃതമായ ഭക്ഷണരീതി പല പടിയായി സാവധാനത്തിൽ സ്വീകരിക്കുന്നതാണു മിക്കപ്പോഴും സൗകര്യപ്രദമായിരിക്കുക. ചിലൎക്കു പെട്ടെന്നുള്ള ഭക്ഷണംമാററം പല സുഖക്കേടുകളുണ്ടാക്കിയേക്കും. എല്ലാവൎക്കും ഒരേരീതി ഗുണകരമല്ലെന്നും വരാം. ഓരോരുത്തൎക്കു് അധികം ഗുണപ്രദമായ ഭക്ഷണരീതി ഇന്നതാണെന്നു്, പരീക്ഷണംകൊണ്ടു കണ്ടുപിടിക്കണം. മുമ്പു വിവരിച്ച സാമാന്യതത്വങ്ങളനുസരിച്ചു് ഓരോതരം ഭക്ഷണസാധനങ്ങൾ ഉപയോഗിച്ചു്, അനുഭവംകൊണ്ടു് ഒരാളുടെ ദേഹസ്ഥിതിക്കു് ഏററവുമധികം യോജിച്ച ഭക്ഷണരീതി ഏതാണെന്നു മ

നസ്സിലാക്കാം. ചിലക്ക് കരിയ്ക്ക് അധികം ഗുണപ്രദമായിരിക്കും. മററു ചിലക്ക് വിടലപ്രായത്തിലുള്ള തേങ്ങയും മററു ചിലക്ക് മൂത്ത തേങ്ങയുടെ പാലുമായിരിക്കും ചേരുന്നത്. ചിലക്ക് വാഴപ്പഴവും തേങ്ങയുംകൂടെ തിന്നുന്നതു് ആരോഗ്യപ്രദമായിരിക്കും. ഒരു ഭക്ഷണസാധനവും എല്ലാവക്കും ഒന്നുപോലെ ചേരുന്നതായിരിക്കയില്ല. ഇന്നയാൾക്ക് ഇന്ന ഭക്ഷണരീതി ചേരുമെന്നു ദേഹപ്രകൃതികൊണ്ടും മററും നല്ല വൈദ്യന്മാക്ക് സാമാന്യമായി മുൻകൂട്ടി നിർദ്ദേശിക്കാൻ ഒട്ടൊക്കെ സാധിക്കുമെങ്കിലും, പലപ്പോഴും ചില്ലറ പിശകുകൾ ഇവക്കും പററിയേക്കാം. അനുഭവമാണു ഈ കാര്യത്തിൽ ഏററവും പ്രധാനമായിട്ടുള്ളതു്.

രാത്രിയിൽ കിടക്കാൻ നേരത്തും, കാലത്തു് എഴുന്നേററാലുടനേയും കുറേശ്ശെ വെള്ളം കുടിച്ചാൽ ചിലക്ക് ക്രമമായ മലശോധനയുണ്ടാകും. മററു ചിലക്ക്, ഭക്ഷണം കഴിഞ്ഞിട്ടു കുറേ വാഴപ്പഴമോ മററു പകപങ്ങളോ തിന്നുന്നതാണ് ഇതിനു നല്ലതു്. അത്താഴം കഴിഞ്ഞിട്ടു കുറേ നല്ല തവിട്ടും (ദോഷശങ്കയുണ്ടെങ്കിൽ, പതുക്കെ ഒന്ന് അനത്തിയെടുക്കണം) തിരുകിയ തേങ്ങയും, പഴവുംകൂടെ കുഴച്ചുതിന്നാൽ പിറേറദിവസം ശരിയായ മലശോധനയുണ്ടാകും. കാലത്തു കുറേ ചൂടുവെള്ളം കുടിക്കുന്നതുകൊണ്ടു ചിലക്ക് ഈ ഫലം സിദ്ധിക്കുന്നു. മററു ചിലക്ക് ചൂടുള്ള കഞ്ഞിത്തെളിയിൽ നെയ്യിട്ടു കുടിച്ചാൽ ക്രമമായ മലശോധനയുണ്ടാകും. ഇവയിൽ ഏതാണു തനിക്കു ചേരുന്നതെന്നു് ഓരോരുത്തരും പരീക്ഷിച്ചു കണ്ടുപിടിച്ചു് ആ മാർഗ്ഗത്തെ സ്വീകരിക്കണം. ഒരു മാർഗ്ഗം കുറേ ദിവസം ഫലപ്രദമായിരുന്നാലും പിന്നീടു ഫലപ്രദമല്ലാതായേക്കാം. അപ്പോൾ മറെറാന്നു പരീക്ഷിച്ചാൽ ഫലപ്രദമായേക്കും. ദോഷപ്രദമല്ലാത്ത ഏതെങ്കിലും വിധത്തിൽ ശരിയായ മലശോധന ദിവസവും ഉണ്ടാകുന്നതു് ആരോഗ്യത്തിനു് അത്യാവശ്യമാണ്. മലമൂത്രവേഗങ്ങളെ തടയാതെ, ആവശ്യമുള്ളപ്പോൾ അവയെ വിസർജ്ജിക്കണം. മിക്കരോഗങ്ങളുടേയും പ്രധാന കാരണം മലബന്ധം നിമിത്തം രക്തത്തിലും മററും കലരുന്ന ദുഷ്ടുകളാണ്. മസൂരി, മലമ്പനി, വിഷജ്വരം, കാളറ മുതലായ രോഗങ്ങൾ പോലും ദേഹത്തിൽ ദുഷ്ട് അധികമുള്ളപ്പോഴാണു മനുഷ്യരെ ബാധിക്കുന്നതു്. രോഗബാധയെ തടയുന്നതിനുള്ള ഉത്തമമാർഗ്ഗം, ദേഹത്തെ ശുദ്ധവും ശക്തവുമാക്കുകയാണ്.

ഇങ്ങനെയൊക്കെ സൂക്ഷിച്ചാലും, വേവിച്ച ഭക്ഷണം മുതലായി നമ്മുടെ ജീവിതത്തിലുള്ള കൃത്രിമത്വങ്ങൾ നിമിത്തം മിക്കയാളുകളുടെ കുടലിലും കുറേശ്ശെ മലം, പോകേണ്ട സമയത്തു വെളിയിൽ പോകാതെ ശേഷിക്കുന്നു. ഇതുനിമിത്തമുണ്ടാകുന്ന ദോഷം നിവാരണം ചെയ്യാനാണു മാസത്തിലൊരിക്കലോ മറേറാ വയറിളക്കണമെന്നു പറയുന്നതു്. ഇതിനുപയോഗിക്കാവുന്ന മാണിഭദ്രം ലേഹ്യത്തിൻെറ ഒരു വകഭേദം താഴെ കുറിക്കുന്നു:—

കൊന്നത്താലി നറുക്കിച്ചതച്ചത്, കുടങ്ങൽ സമൂലം, ഇവ $1\frac{1}{2}$ പലംവീതം ഒന്നര ഇടങ്ങഴി വെള്ളത്തിൽ വേവിച്ച് $1\frac{1}{2}$ നാഴിയാക്കി പിഴിഞ്ഞരിച്ചു വയ്ക്കണം. അതിൽ മൂന്നുപലം ശക്കര കലക്കി അരിച്ചു വിളഞ്ഞതും സാധാരണ വലിപ്പമുള്ളതുമായ ഒരു തേങ്ങായുടെ മുക്കാൽഭാഗത്തിന്റെ പാലും ചേൎത്തു കുറുക്കി ഇളയപാവാക്കണം. (തേങ്ങാപ്പാലിനു പകരം അരത്തുടം നെയ്യോ, നല്ല ആവണക്കെണ്ണയോ ചേക്കുന്നതും കൊള്ളാം.)

ഈ പാവിൽ, കടുക്കാത്തോട്, നെല്ലിയ്ക്കാത്തോട്, ഇരട്ടിമധുരം, വിഴാലരിക്കാമ്പ്, ഇവ $2\frac{1}{4}$ കഴഞ്ചുവീതവും, നല്ല ത്രികോല്പക്കൊന്ന ആറു കഴഞ്ചും ചിന്നാമുക്കി മൂന്നു കഴഞ്ചും മുമ്പേകൂട്ടി ഉണക്കിപ്പൊടിച്ചു ശീലപ്പൊടിയാക്കി വച്ചിട്ടുള്ളതു ചേൎത്തുനല്ലവണ്ണം ഇളക്കി യോജിപ്പിച്ചു ഭരണിയിൽ ആക്കി സൂക്ഷിക്കണം.

പ്രായപൂൎത്തി വന്നവൎക്ക് ഒന്നുമുതൽ രണ്ടുവരെ ത്രപാത്തുക്കം ലേഹ്യം സേവിച്ചാൽ വയറിളകും. പ്രായത്തിന്റെ കുറവനുസരിച്ചു മാത്ര കുറയ്ക്കണം. മാസത്തിലൊരിക്കൽ വയറിളക്കാനൊ, സുഖഭേദിക്ക ചില ദിവസങ്ങളിൽ അത്താഴം കഴിഞ്ഞൊ ഈ മരുന്നു സേവിക്കാം. നല്ലവണ്ണം വയറിളകണമെങ്കിൽ, അത്താഴം കഴിഞ്ഞ്, ഒന്നോ രണ്ടോ ത്രപാത്തുക്കവും പിറേറദിവസം കാലത്തു് ഒന്നോ രണ്ടോ ത്രപാത്തുക്കവും സേവിക്കയും സ്വല്പംകഴിഞ്ഞു കുറച്ചു പാലും ധാരാളം തിളച്ചവെള്ളവും ചേൎത്തു ചൂടോടെ കുടിക്കയും ചെയ്യണം. പാലുംവെള്ളവുമൊ തിളച്ചവെള്ളം മാത്രമൊ പലതവണ കുടിച്ചാൽ പലതവണ വയറിളകി കുടൽ ശുദ്ധമാകും. അന്നേദിവസം സാധാരണമായ പത്ഥ്യാഹാരം മാത്രമെ കഴിക്കാവൂ. വയറിളക്കുന്നതിനു നല്ല ആവണക്കെണ്ണയോ, നല്ല ഓളിവ് എണ്ണയോ, (ചായത്തിനുപയോഗിക്കുന്നതല്ല,) നല്ല പാരഫീൻ എണ്ണയോ, ഉപയോഗിക്കുന്നതാണ ചിലൎക്ക് അധികം നല്ലതു്.

ധാരാളം ഭക്ഷണം കഴിക്കയും ജോലി കുറവായിരിക്കയും ചെയ്യുന്നതാണ ദേഹത്തിനു പുഷ്ടിയും ശക്തിയുമുണ്ടാകുന്നതിനുള്ള മാൎഗ്ഗമെന്നു പലരും തെററിദ്ധരിച്ചിട്ടുണ്ട്. മിതവും ഹിതവുമായ വിധത്തിൽ ഭക്ഷണം കഴിക്കയും ധാരാളം ജോലി ചെയ്യുന്നതുമാണ് ആരോഗ്യത്തിനും സുഖത്തിനും ദീൎഘായുസ്സിനുമുള്ള ഉത്തമമാൎഗ്ഗം. അതിഭക്ഷണവും അലസതയും, രോഗവും കഷ്ടതയും ഉണ്ടാക്കും. ഉറക്കത്തിനുള്ള സമയമൊഴിച്ചു മററെല്ലാസമയത്തും എന്തെങ്കിലും ഉപയോഗപ്രദമായ ജോലി ചെയ്തുകൊണ്ടിരിക്കുന്നതു ദേഹത്തിനും മനസ്സിനും ആരോഗ്യവും സുഖവും പ്രദാനം ചെയ്യുന്നു. ശക്തിയിൽ കവിഞ്ഞ അമിതാദ്ധ്വാനം മാത്രമെ ദോഷം ചെയ്കയുള്ളു.

# വില്യം ഷേക്സ്പിയർ.

(ആർ. പത്മനാഭപിള്ള ബി. എ., ബി. എൽ.)

(തുടർച്ച)

ലണ്ടനിൽ എത്തിയതിനുശേഷം ഷേക്സ്പിയർ നാടകാഭിനയത്തിലും, നാടകനിർമ്മാണപരിശ്രമങ്ങളിലും ഏർപ്പെട്ടുകയും ക്രമേണ അദ്ദേഹം മററുള്ളവരുടെ ശ്രദ്ധയെ ആകർഷിച്ചു തുടങ്ങുകയും ചെയ്തു. നാടകവേദിയിലും നാടകനിർമ്മാണത്തിലും ഷേക്സ്പിയർ ചെറുപ്പത്തിൽതന്നെ അസാമാന്യമായ സാമർത്ഥ്യം പ്രകടിപ്പിച്ചുവെന്നുള്ള സംഗതി 1592 ൽ റാബർട്ട് ഗ്രീൻ പ്രസിദ്ധം ചെയ്ത ഒരു ഗ്രന്ഥത്തിലുള്ള അസൂയാജനകമായ പ്രസ്താവന കൊണ്ടുതന്നെ നമുക്കു മനസ്സിലാക്കാം. ഗ്രീൻ എഴുതിയ ഈ ഗ്രന്ഥത്തിന്റെ പ്രസാധകൻ അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായ ഹെൻറിചെററിൽ എന്നൊരാളായിരുന്നു. 1592-ൽതന്നെ സ്വന്തമായി പ്രസിദ്ധംചെയ്ത ഒരു പുസ്തകത്തിന്റെ മുഖവുരയിൽ മേൽപറഞ്ഞ ഗ്രീനിന്റെ ഗ്രന്ഥം പ്രസിദ്ധീകരിയ്ക്കുന്നതിന്റെ ചുമതലവഹിച്ചതിൽ തനിക്കുള്ള നിഷ്കളങ്കമായ വ്യസനം ചെററിൽ രേഖപ്പെടുത്തുകയും, നിർവ്വ്യാജം ക്ഷമായാചനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഷേക്സ്പിയരുടെ നടനകലാചാതുര്യം, സത്യസന്ധത, സ്വഭാവനൈർമ്മല്യം, നാടകനിർമ്മാണവൈദഗ്ദ്ധ്യം ഇവയെപ്പററി ചെററിൽ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ മുഖവുരയിൽ സ്തുത്യർഹമായി പ്രസ്താവിച്ചിട്ടുണ്ടെന്നുള്ള സംഗതിയും സ്മരണീയമാണു്.

1593-ൽ ഷേക്സ്പിയർ 'വീനസ്സും ആഡോണിസ്സും' എന്ന അദ്ദേഹത്തിന്റെ ആദ്യകൃതി പ്രസിദ്ധം ചെയ്തു. ആ ഗ്രന്ഥം അദ്ദേഹം തന്റെ ഒരുത്തമസുഹൃത്തും അഭ്യുദയകാംക്ഷിയുമായ സൗത്താംപ്ടൺപ്രഭുവിന്റെ പേർക്കാണു സമർപ്പിച്ചതു്. അടുത്തവർഷം 'ലുക്രീസ്' എന്ന കവിതയും ഷേക്സ്പിയർ പ്രസിദ്ധം ചെയ്തു.

1593-ൽ ഷേക്സ്പിയർ നാടകവേദിയിൽ രംഗപ്രവേശം ചെയ്തുവെന്നുള്ളതിലേയ്ക്കു സൂക്ഷ്മമായ തെളിവുണ്ട്. ലണ്ടനിലെ അക്കാലത്തെ നടന്മാർ ലാർഡുചെമ്പർലെയിനിന്റേയും, ലാർഡ് അഡ്മിറലിന്റേയും നാടകക്കമ്പനികളിലാണു് ഉൾപ്പെട്ടിരുന്നതു്. ഒരു സ്ട്രാററ്ഫോർഡ്നഗരനിവാസിയായ റിച്ചേർഡ്ബർബേജ്കൂടി ഉൾപ്പെട്ട ലാർഡ് ചെമ്പർലെയിനിന്റെ കമ്പനിയിലാണു് ഷേക്സ്പിയർ അഭിനയം ആരംഭിച്ചതു്. 1593-ലെ ക്രിസ്തുമസ് ആഘോഷങ്ങളിൽ ചെമ്പർലെയിനി

ൻെറ നാടകക്കമ്പനി എലിസബെത്തു്രാജ്ഞിയുടെ കൊട്ടാരത്തിൽ രണ്ടു നാടകങ്ങൾ അഭിനയിച്ചതായും, അതിൽ നടന്മാരുടെ കൂട്ടത്തിൽ ഷേക്സ്പിയരുടേയും ബർബേജിൻേറയും നാമധേയങ്ങൾ ഉൾപെട്ടിരുന്നതായും രേഖകൾകൊണ്ടു് വ്യക്തമാകുന്നുണ്ടു്.

1596-ൽ ഷേക്സ്പിയരുടെ ഏകപുത്രനായ ഹാംനററ് പത്താമത്തെ വയസ്സിൽ സ്ട്രാറഫോർഡിൽവെച്ചു മരിച്ചുപോയി. സ്ട്രാറഫോർഡിലാണ് ഭാര്യയും സന്താനങ്ങളും താമസിച്ചുവന്നിരുന്നതെങ്കിലും ഷേക്സ്പിയർ സമയവും സൌകര്യവും അനുവദിച്ചിരുന്നപ്പോൾ ലണ്ടനിൽനിന്നും പോയി അച്ഛൻെറ ഗൃഹത്തിൽ താമസിക്കാറുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ തൊഴിലിൽ എല്ലായ്പ്പോഴും ഷേക്സ്പിയർ ബദ്ധശ്രദ്ധനായി, വിജയത്തിനായി അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നു.

യുവാവായ ഷേക്സ്പിയർ നാടകവേദിയിൽ പ്രവേശിച്ചു പണം സമ്പാദിച്ചു തുടങ്ങിയതോടുകൂടി അച്ഛൻെറ സ്ഥിതിയ്ക്കു ശ്രേയോന്മുഖമായ ഒരു പുരോഗമനം കണ്ടുതുടങ്ങി. 1597-ൽ സ്ട്രാറഫോർഡ് നഗരത്തിലുള്ള ന്യൂപ്ലേസ് എന്ന ഒരു കെട്ടിടം അറുപതു പവൻ കെട്ടത്തു വില്യം ഷേക്സ്പിയർ വിലയ്ക്കുവാങ്ങി. ഇക്കാലത്തു് ഇദ്ദേഹം ലണ്ടനിലും ചില വസ്തുക്കൾ സമ്പാദിച്ചുവെന്നുള്ളതു സെൻറ്ഹെലൻസ് എന്ന സ്ഥലത്തു് ഒരു വസ്തുവിന് അഞ്ചുപവൻ പതിമൂന്ന് ഷില്ലിംഗ് അദ്ദേഹം കരം കൊടുത്തുവെന്നുള്ള സംഗതിതന്നേ സ്പഷ്ടമാക്കുന്നു. ജാൺലാംബർട്ട് ആഷ് ബിവസ്തുക്കളെ സംബന്ധിച്ചുള്ള തൻെറ അച്ഛൻേറയുംമററും പേരിൽ ചാൻസറി കോർട്ടിൽ ബോധിപ്പിച്ചിരുന്ന ഒരു വ്യവഹാരവും അക്കാലത്താണു പര്യവസാനിപ്പിച്ചതു്.

'റിച്ചേർഡ് ദ്വിതീയൻ' 'റിച്ചേർഡ് തൃതീയൻ' 'റോമിയോയും ജൂലയിററു്' എന്നീ മൂന്നു നാടകങ്ങളും അച്ചടിച്ചു പ്രസിദ്ധംചെയ്തതു് ഈ വർഷത്തിലായിരുന്നു. 1598-ൽ 'ഹെൻറി (IV)' ഒന്നാംഭാഗം ലൗസ്ലേബേഴ്സ്ലാസ്റ്റ്' എന്നീ നാടകങ്ങളും പൊതുജനസമക്ഷം ഷേക്സ്പിയർ സമപ്പിച്ചു. ഇതിൽ ഒടുവിൽ പ്രസ്താവിച്ച പുസ്തകത്തിൻെറ ആദ്യവശത്താണു ഗ്രന്ഥകത്താവായ ഷേക്സ്പിയരുടെ നാമധേയം ആദ്യമായി പ്രസിദ്ധം ചെയ്തതു്. ഈ കൃതിയുടെ ആവിർഭാവത്തിനു ശേഷം എല്ലാ പുസ്തകങ്ങളിലും ഗ്രന്ഥകത്താവിൻെറ പേരുകൂടി അച്ചടിച്ചു ചേത്തിട്ടുണ്ടു്.

പ്രസ്തുതവർഷത്തിൽ ബെൻജാൺസൺ എന്ന പ്രസിദ്ധ നാടകകൃത്ത് രചിച്ച 'എവരിമാൻ ഇൻഹിസ്ഹ്യൂമർ' (Every man in his humour) എന്ന വിശിഷ്ടകൃതി നാടകവേദിയിൽ അഭിനയിയ്ക്കുകയും, ഷേക്സ്പിയർ അഭിനയത്തിൽ പങ്കുകൊള്ളുകയുമുണ്ടായി. ബെൻജാൺസണും,

ഷേക്സ്പിയറും അക്കാലത്തു വലിയ സുഹൃത്തുക്കളായിരുന്നു. സർ വാംട്ടർറാലി സ്ഥാപിച്ചു നടത്തിവന്ന 'മെർമെയിഡ്' ക്ലബ്ബിൽവച്ച് ഇവർ സാധാരണ കാണുകയും സംസാരിക്കുകയും ഒരു പതിവായിത്തീൎന്നു. ഈ ക്ലബ്ബിൽ അക്കാലത്തെ പ്രധാന കവികളും, നടന്മാരും, നാടകകഥാനിൎമ്മാതാക്കളും, മററു സാഹിത്യചിന്തകന്മാരും സാധാരണയായി സന്നിഹിതരാകാറുണ്ടായിരുന്നു. ഫലിതമയമായ സംഭാഷണങ്ങളിലുള്ള വൈദഗ്ദ്ധ്യത ഓരോരുത്തരും ഇവിടെവച്ചു പ്രകടിപ്പിയ്ക്കാറുമുണ്ടായിരുന്നു.

ഫ്രാൻസിസ്മിയേഴ്സ് പ്രസിദ്ധംചെയ്ത ഒരു പുസ്തകത്തിൽ ഒരു കവിയെന്നനിലയിലും, നാടകകഥാകൃത്ത് എന്ന നിലയിലും ഷേക്സ്പിയൎക്ക് അസാമാന്യമായ സാമൎത്ഥ്യം ഉണ്ടായിരുന്നുവെന്നു പ്രസ്താവിച്ചിരിക്കുന്നു. രസഭ്രയിഷ്ഠവും, ശോകഭ്രയിഷ്ഠവുമായ പല പ്രധാന നാടകങ്ങളും രചിച്ച പ്ലാട്ടസ്സിനും, സെനക്കയ്ക്കും, ലാററിൻഗ്രന്ഥകാരന്മാരുടെയിടയിലുള്ള സ്ഥാനം ഷേക്സ്പിയൎക്ക് ആംഗ്ലേയഭാഷയിൽ സിദ്ധിച്ചിരിക്കുന്നുവെന്നാണ്". ഇദ്ദേഹത്തിന്റെ അഭിപ്രായം. ഷേക്സ്പിയർ നൂതനമായി ആരംഭിച്ച 'സാണററ്' എന്ന നവീന കവിതാരീതിയെപ്പററിയും മിയേഴ്സ് അദ്ദേഹത്തിന്റെ പുസ്തകത്തിൽ ശ്ലാഘിച്ചു പ്രസ്താവിച്ചിട്ടുണ്ട്.

റിച്ചേർഡ്ക്വയിനി എന്നൊരാറം മുപ്പതു പവൻ കടം ആവശ്യപ്പെട്ടുകൊണ്ടു ഷേക്സ്പിയൎക്ക് ഒരെഴുത്തയച്ചതായി നമുക്ക് അറിയാമല്ലൊ. ഈ റിച്ചേർഡ്ക്വയിനിയുടെ പുത്രൻ തോമസ് ക്വയിനിയാണു പിന്നീടു ഷേക്സ്പിയറുടെ പുത്രി ജൂഡിത്തിനെ വിവാഹം കഴിച്ചതു്. ഈ എഴുത്തിൽ പറയുന്ന ഏടപാടിനെപ്പററിയോ, ഷേക്സ്പിയർ അന്യൎക്ക് അയച്ചതോ, മററാളുകൾ അദ്ദേഹത്തിനയച്ചതോ ആയ എഴുത്തുകളെപ്പററിയോ, സൂക്ഷ്മമായി നമുക്ക് ഒരു പരിജ്ഞാനവും സിദ്ധിച്ചിട്ടില്ല.

16-ാംശതാബ്ദത്തിലെ നാടകശാലകൾ ഇക്കാലത്തേപ്പോലെ സുഖസൌകൎയ്യാദികളുള്ളവയോ, പ്രകാശമാനമായ ദീപങ്ങൾകൊണ്ടു അലംകൃതങ്ങളോ ആയിരുന്നില്ല. റോമൻ നാടകശാലകളെപ്പോലെ അവ ഓവൽ ആകൃതിയോടുകൂടിയും മേൽക്കൂടില്ലാത്തവയുമായിരുന്നു. ജ്വലിച്ചുകൊണ്ടിരുന്ന പന്തങ്ങളാണു നാടകവേദികൾക്കു പ്രകാശം നൽകിയിരുന്നതു്. രംഗവിധാനങ്ങളും പിൽകാലങ്ങളെ അപേക്ഷിച്ചു കുറവായിരുന്നു എന്നുതന്നെ പറയാം. ഇരിയ്ക്കുന്നതിനും മററും ഉപയോഗിച്ചുവന്നിരുന്ന സാമാനങ്ങളുടേയൊ, മററു ഉപകരണങ്ങളുടേയൊ മാററമോ, അല്ലാത്തപക്ഷം വിവരം കാണിക്കുന്നഒരു നോട്ടീസുപലകയോ, ആണു രംഗങ്ങളുടെ വ്യതിയാനം സൂചിപ്പിച്ചുകൊണ്ടിരുന്നതു്. ഇതിനും പുറമെ എല്ലാനടന്മാരും പുരുഷന്മാരായിരുന്നു. സ്ത്രീകളുടെ ഭാഗം അഭിനയിച്ചിരുന്നതു സാധാരണയായി ബാലന്മാരായിരുന്നു. നാടകാഭിനയം പകൽ മൂന്നു മണിയ്ക്കു സമാര

ഭിച്ചു് ഉദ്ദേശം മൂന്നു നാലു മണിക്കൂർസമയം നീണ്ടുനിൽക്കുകയും, അവസാനംവരെ നാടകക്കൊട്ടകയുടെ മുകളിൽ ഒരു കൊടി പറത്തുകയും ചെയ്തിരുന്നു.

ലണ്ടൻ നഗരനിവാസികളുടെ ഉപയോഗത്തിനായി ഷേക്സ്പിയരുടെ കാലത്തു സാമാന്യം വലിയ നാലു നാടകശാലകളുണ്ടായിരുന്നു. എന്നാൽ അവ നഗരാതിത്തിയ്ക്കു വെളിയിലായിരുന്നു സ്ഥിതി ചെയ്തിരുന്നതു്. ഇവയിൽ 'ബ്ളാക്ക്ഫ്രയേഴ്സ്,' 'ഗ്ലോബ്', എന്നീ രണ്ടു നാടകശാലകളുമായി മാത്രമെ ഷേക്സ്പിയക്ക് എന്തെങ്കിലും ബന്ധമുണ്ടായിരുന്നുള്ളു. അനന്തരജീവിതത്തിൽ ഒരു നടൻ, നാടകകർത്താവു് എന്നീ നിലകളിൽ, മേൽ പ്രസ്താവിച്ച രണ്ടു നാടകശാലകളുമായി ബന്ധിച്ചാണു ഷേക്സ്പിയർ ജീവിതം നയിച്ചതു്. ഇതിൽ 'ഗ്ലോബ്' തിയേററിന്റെ ഉടമസ്ഥാവകാശവുംകൂടി ഷേക്സ്പിയക്കുണ്ടായിരുന്നുവെന്നുള്ളതും സ്മരണീയമാണു്.

1601-ാമാണ്ടു ഷേക്സ്പിയരുടെ പിതാവു് ഇഹലോകവാസം വെടിയുകയും, കുടുംബഭരണമേധാവിത്വം ഷേക്സ്പിയക്കു സിദ്ധിയ്ക്കുകയും ചെയ്തു. അടുത്തവഷം 320 പവൻ വിലകൊടുത്തു 107 ഏക്കർ സ്ഥലം സ്ട്രാറവ്ഫോർഡിൽ ഷേക്സ്പിയർ വാങ്ങുകയും, താമസിയാതെതന്നെ 20 ഏക്കർ കൃഷിസ്ഥലവും ഒരു ഭവനവുംകൂടി അവിടത്തന്നെ വിലയ്ക്കുവാങ്ങുകയും ചെയ്തു. 1605-ാമാണ്ടു 38 പവൻവീതം ആണ്ടിനാലാദായം സിദ്ധിക്കുന്ന ഒരു സ്ഥലവുംകൂടി 440 പവൻ വിലകൊടുത്തു ഷേക്സ്പിയർ വാങ്ങിയെന്നു പറഞ്ഞാൽ കുടുംബസ്ഥിതി എത്രമാത്രം ത്വരിതഗതിയിൽ അഭിവൃദ്ധിമാർഗ്ഗത്തിലേക്കു നയിക്കപ്പെട്ടുവെന്നു നമുക്കു ഊഹിക്കാമല്ലൊ.

'ഗ്ലോബ്', 'ബ്ളാക്ക്ഫ്രയേഴ്സ്', എന്നീ നാടകശാലകളുടെ മാനേജർ, ഒരു പ്രധാന നടൻ, നാടകകഥാനിമ്മാതാവു്, എന്നീ വിവിധനിലകളിൽ ഷേക്സ്പിയരുടെ ആദായം ദൈനംദിനം വദ്ധിച്ചുകൊണ്ടിരുന്നു. കായ്യാന്വേഷണത്തിലും, ധനവിനിമയത്തിലും അദ്ദേഹം സദാപി നിഷ്കഷ്യോടുകൂടി പ്രവത്തിച്ചുകൊണ്ടിരുന്നു. മാൾട്ട് വാങ്ങിയവകയിൽ തനിക്കു ലഭിക്കേണ്ട ഒന്നിൽചില്വാനം പവനുവേണ്ടി സ്ട്രാറവ്ഫോർഡ് കോടതിയിൽ 1604-ൽ അദ്ദേഹം ഒരു വ്യവഹാരം ബോധിപ്പിച്ചതായി കാണുന്നു. തന്റെ മാതാപിതാക്കന്മാക്കു സിദ്ധിച്ചതിനു തുല്യമായ ഒരു സ്ഥാനം സ്വദേശത്തു തനിക്കു ലഭിക്കണമെന്നു ഷേക്സ്പിയക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമത്രെ.

ഇപ്പോൾ നാം കാണുന്ന രീതിയിലല്ലെങ്കിലും, ഷേക്സ്പിയരുടെ ശോകപയ്യവസായിയായ നാടകങ്ങളിൽ ഒരു പ്രധാന സ്ഥാനം വഹിയ്ക്കുന്ന 'ഹാംലററ്' എന്ന കൃതി ആദ്യമായി അഭിനയിച്ചതു് 1604-ാമാണ്ടാ

ണ്. ജെയിംസ് ഒന്നാമന്റെ സ്ഥാനാരോഹണത്തിനുശേഷം, ലാർഡ് ചെമ്പർലെയിന്റെ കമ്പനിക്കാൎക്കു നാടകം കളിക്കുന്നതിന് അനുവാദം നല്കിയ ഒരു രാജകീയവിളംബരത്തിൽ ഷേക്സ്പിയരുടെ നാമധേയവുംകൂടി കാണുന്നുണ്ട്. ഇതിനുംപുറമെ, ഒരു പ്രസിദ്ധ നാടകകൎത്താവായ ബെൻ ജാൺസൺ രചിച്ച 'സെജാനസ്', എന്ന നാടകത്തിൽ നടന്മാരുടെ പേരുവിവരം ചേൎത്തിരിക്കുന്നതിൽ വില്യംഷേക്സ്പിയരുടെ പേരുംകൂടി ഉൾപ്പെട്ടുന്നുണ്ട്. ഇക്കാലങ്ങളിൽ ഷേക്സ്പിയർ സാധാരണയായി നാടകങ്ങൾ അഭിനയിയ്ക്കുകൂടി ചെയ്തിരുന്നുവെന്നു നമുക്കു മേൽ പ്രസ്താവിച്ച സംഗതികളിൽനിന്നും ഊഹിക്കാം.

ഇതിനുശേഷം അദ്ദേഹം നടൻ എന്ന നിലയിൽ നാടകവേദിയെ അലങ്കരിച്ചുവെന്നു കാണിയ്ക്കുന്നതിനു വിശേഷാൽ രേഖകളൊന്നുംതന്നെയില്ലെങ്കിലും, അഭിനയിച്ചിട്ടില്ലെന്നു തീൎത്തുപറയുവാൻ ഗത്യന്തരമില്ല. നാടകനിൎമ്മാണത്തിൽ കൂടുതൽ സമയം വ്യയംചെയ്തുതുടങ്ങിയതുകൊണ്ടു പിന്നീടു ഷേക്സ്പിയർ അധികമായി രംഗത്തിൽ വന്നിരുന്നില്ലെന്നു നമുക്കു ന്യായമായി ഊഹിക്കാം. ശോകപൎയ്യവസായിയായ 'ഒഥെല്ലോ', 'കിംഗ് ലിയർ', 'മാക്ക്ബെത്ത്' മുതലായ പല പ്രധാന നാടകങ്ങളും രചിക്കുന്നതിൽ അദ്ദേഹം ഇക്കാലത്തു ബദ്ധശ്രദ്ധനായിരുന്നു. ഇതിനും പുറമെ താൻ നിൎമ്മിച്ച നാടകങ്ങൾ രംഗത്തിൽ അഭിനയിക്കുന്നസമയം അവയുടെ മേൽനോട്ടം വഹിക്കുക എന്ന ജോലികൂടി അദ്ദേഹത്തിനു നിൎവ്വഹിക്കേണ്ടതായിവന്നു.

ഇപ്രകാരം ജോലിത്തിരക്കുകൾ ഉണ്ടായിരുന്നിട്ടും ഷേക്സ്പിയർ കൂടക്കൂടെ സ്ട്രാറ്റ്ഫോർഡിൽ പോയി ഭാൎയ്യയും കുട്ടികളും ഒരുമിച്ചു താമസിക്കാറുണ്ടായിരുന്നു. 1607 ജൂൺമാസത്തിൽ ഷേക്സ്പിയർ അദ്ദേഹത്തിന്റെ മകൾ സൂസന്നയെ, വൈദ്യപരിശീലനംചെയ്തു സ്ട്രാറ്റ്ഫോർഡിൽ താമസിച്ചുവന്നിരുന്ന ജാൺഹാൾ എന്ന ഒരു മാന്യനു വിവാഹം കഴിച്ചു കൊടുത്തു. ഇപ്രകാരം സുഖമായി ഷേക്സ്പിയർ ജീവിതം നയിച്ചുവരവെ, ആ വൎഷം ഡിസംബർമാസത്തിൽ ഇളയസഹോദരൻ എഡ്മണ്ട് തന്റെ ഇരുപത്തെട്ടാമത്തെ വയസ്സിൽ കാലധൎമ്മം പ്രാപിച്ചതിനാൽ ദുഃഖിതനായി.

1608-ൽ ഷേക്സ്പിയരുടെ പൗത്രി എലിസബത്ത്ഹാൾ ഭൂലോകജാതയായി. മേരിആർഡൻ ഇപ്രകാരം ഒരു മാതാമഹിയായെങ്കിലും ഈ സുഖം നീണാൾ അനുഭവിക്കുന്നതിനുള്ള ഭാഗ്യം ദൈവം അവൎക്കു നല്കിയില്ല. സമ്പൽശ്രേയസ്സുകളുടെ വിളനിലവും, തന്റെ സ്നേഹഭാജനവുമായ പ്രിയപുത്രന്റെ ശുശ്രൂഷാസുഖമനുഭവിച്ചുകൊണ്ട് ആ മഹതി

1608-ാമാണ്ട് സെപ്റ്റംബർമാസത്തിൽ ലോകരംഗത്തിൽനിന്ന് എന്നെന്നേയ്ക്കുമായി അന്തർദ്ധാനംചെയ്തു.

പലകാലങ്ങളിലായി ഷേക്സ്പിയർ നിർമ്മിച്ചിട്ടുള്ള 'സാണററ്'കൾ കൂട്ടിച്ചേർത്ത് ഒരു വാല്യമായി 1609-ൽ പ്രസിദ്ധം ചെയ്തു. ഈ കവിതകളുടെ വൈശിഷ്ട്യത്തെപ്പററിയും, അസ്വാദ്യതയെപ്പററിയും, ഫ്രാൻസിസ്മിയേഴ്സ് അദ്ദേഹത്തിൻെറ 'വിററ്സ്ട്രഷറി' എന്ന ഗ്രന്ഥത്തിൽ പ്രശംസിച്ചു പ്രസ്താവിച്ചിട്ടുണ്ട്, "മാധുര്യമേറിയ ഈ പദ്യങ്ങൾ എൻെറ ഉത്തമസുഹൃത്തുക്കൾതന്നെയാകുന്നു." എന്നാണു മിയേഴ്സ് ഈ പദ്യങ്ങളെപ്പററി പ്രസ്താവിച്ചിട്ടുള്ളതു്.

ഇരുപത്താറു വർഷത്തെ നിരന്തരപരിശ്രമത്തിനുശേഷം 1612-ൽ—അദ്ദേഹത്തിൻെറ 48-ാമത്തെ വയസ്സിൽ—ശേഷമുള്ള ആയുഷ്കാലം പുത്രമിത്രകളത്രാദികളോടൊരുമിച്ചു ശാന്തവും സൌഖ്യവുമായി നയിക്കുന്നതിനു, ഷേക്സ്പിയർ സ്ട്രാററ്ഫോർഡിലേയ്ക്കു പുറപ്പെട്ടു. തൻെറ ജീവിതാവസാനഘട്ടങ്ങൾ സൌഖ്യമായി, ചിന്താലീനനായി, പുസ്തകപാരായണത്തിലും താൻ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ പരിശോധിച്ചു പരിഷ്കരിക്കുന്നതിലും ഏർപ്പെട്ടു സ്ട്രാററ്ഫോർഡിൽ കഴിയ്ക്കണമെന്നുള്ള അദ്ദേഹത്തിൻെറ ദീർഘകാലമായി ഉണ്ടായിരുന്ന ആശ സഫലമായിയെന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളട്ടെ.

ആ വർഷാവസാനത്തിൽ ഷേക്സ്പിയറുടെ മറെറാരു സഹോദരൻ റിച്ചേർഡും അകാലമായി ദേഹവിയോഗം ചെയ്തു. സ്ട്രാററ്ഫോർഡിൽ താമസമുറപ്പിച്ച് അധികംനാൾ കഴിയുംമുമ്പു ഷേക്സ്പിയർ 'ബ്ളാക്ക്ഫ്രയേഴ്സ്' നാടകശാലയ്ക്കുസമീപം ഒരു കെട്ടിടം വിലയ്ക്കുവാങ്ങുകയും അതു് ഉടൻതന്നെ വാടകയ്ക്കു കൊടുക്കുകയുംചെയ്തു. ഷേക്സ്പിയർക്കുകൂടി ഉടമസ്ഥാവകാശം ഉണ്ടായിരുന്ന 'ഗ്ലോബ്' തിയേററർ 1613-ാമാണ്ട് അവസാനത്തിൽ യാദൃച്ഛികമായുണ്ടായ ഒരഗ്നിബാധയുടെ ഫലമായി നശിച്ചുപോയി. സ്ഥിരതാമസം സ്ട്രാററ്ഫോർഡിലായതിനുശേഷവും ചില സന്ദർഭങ്ങളിൽ ഷേക്സ്പിയർ ലണ്ടൻ സന്ദർശിക്കാറുണ്ടായിരുന്നു. 1616-ാമാണ്ട് ഫെബ്രുവരിമാസത്തിൽ അദ്ദേഹത്തിൻെറ ഇളയപുത്രി ജൂഡിത്തിനെ തോമസ്ക്വയിനി എന്നൊരാൾക്കു വിവാഹം ചെയ്തുകൊടുത്തു.

1616-ാമാണ്ട് മാർച്ചുമാസത്തിൽ ഷേക്സ്പിയർ അദ്ദേഹത്തിൻെറ മരണപത്രം (വിൽ) എഴുതിവച്ചു. ഏപ്രിൽമാസത്തിൻെറ മദ്ധ്യത്തിൽ ബെൻജാൺസൺ, ഡ്രെയിററൺ എന്നീ സുഹൃത്തുക്കൾ അദ്ദേഹത്തെ അദ്ദേഹത്തിൻെറ ഭവനത്തിൽവച്ചു സന്ദർശിക്കയുണ്ടായി. ഈ സന്ദർശനം കഴിഞ്ഞു് അധികനാൾ കഴിയുന്നതിനുമുമ്പു ഷേക്സ്പിയർ രോഗ

ബാധിതനായി ശയ്യയെ അവലംബിച്ചു. മൂന്നു ദിവസത്തെ പനിയുടെ ഫലമായി നമ്മുടെ കഥാനായകൻ 1616 ഏപ്രിൽമാസം 23-ാനു- ലോക രംഗത്തിൽനിന്നും അന്തർദ്ധാനംചെയ്തു. 26-ാനു- അദ്ദേഹത്തിൻെറ ശവസംസ്കാരകർമ്മം സ്ട്രാററ്ഫോർഡ്പള്ളിയിൽവച്ച് ബന്ധുക്കളുടേയും, മററു പലസ്നേഹിതന്മാരുടേയും സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെട്ടു.

മരണപത്രപ്രകാരം ഷേക്സ്പിയർ അദ്ദേഹത്തിൻെറ സ്വത്തിൻെറ ഒരു വമ്പിച്ചഭാഗം മൂത്തപുത്രി സൂസന്നായ്ക്കായി നീക്കിവച്ചിരുന്നു. ഇളയപുത്രി ജൂഡിത്തിനും, സഹോദരി ജോവാനിനും, സ്ട്രാററ്ഫോർഡ് നഗരത്തിലെ ദരിദ്രന്മാൎക്കും, ചില സുഹൃത്തുക്കൾക്കുമായി ബാക്കിയുള്ള സ്വത്തു് അദ്ദേഹം ഭാഗിച്ചു. ഭാൎയ്യയായ ആൻഹാതാവയ്ക്കു്, വിധവയ്ക്കു നിയമപ്രകാരം സിദ്ധിയ്ക്കാവുന്ന അവകാശം മാത്രമെ ലഭിച്ചുള്ളു. 1622-ൽ ഷേക്സ്പിയറുടെ സഹോദരൻ ജിൽബർട്ടും, 1623-ൽ ഭാൎയ്യ ആൻഹാതാവേയും കാലധൎമ്മം പ്രാപിച്ചു. ഷേക്സ്പിയറുടെ കുടുംബം അദ്ദേഹത്തിൻെറ പൌത്രന്മാരുടേയും, പൌത്രികളുടേയും കാലം അവസാനിച്ചതോടുകൂടി 1670-ൽ കാലയവനികയിൽ നിശ്ശേഷം മറഞ്ഞുപോയി.

ഷേക്സ്പിയറുടെ കുടുംബം നാമാവിശേഷമായി തീൎന്നെങ്കിലും, അദ്ദേഹത്തിൻെറ നാമം ആംഗ്ലേയഭാഷ നിലനില്ക്കുന്നിടത്തോളം കാലം അക്ഷയചൈതന്യത്തോടുകൂടി പ്രശോഭിച്ചുകൊണ്ടിരിക്കുമെന്നു നിസ്സംശയം പറയാം. മനുഷ്യസ്വഭാവവും ജീവിതത്തിൻെറ വിവിധ വശങ്ങളും, ചിത്രണം ചെയ്യുന്നതിനു നാടകങ്ങൾക്കുള്ള സാദ്ധ്യതയെ അദ്ദേഹം സൂക്ഷ്മമായി മനസ്സിലാക്കുകയും, അദ്വിതീയമായ തൻെറ ഭാവനാശക്തിയുടെ സഹായത്തോടുകൂടി നാടകങ്ങളെ അവയ്ക്കുള്ള ഒരു ഉപകരണമാക്കി ലോകസമക്ഷം അവതരിപ്പിക്കുകയും ചെയ്തു. മനുഷ്യഹൃദയത്തെ സ്പൎശിക്കുന്ന ഒരു ദിവ്യശക്തി ഷേക്സ്പിയറുടെ നാടകങ്ങളിൽ പ്രത്യേകം നമുക്കു കാണ്മാൻ കഴിയും. മനുഷ്യഹൃദയത്തിൻെറ നാനാമുഖങ്ങളായ പ്രവൎത്തനങ്ങളെപ്പററിയുള്ള കൂലങ്കഷമായ പരിജ്ഞാനമാണു് അദ്ദേഹത്തിൻെറ വിജയത്തിൻെറ പരമരഹസ്യം. മലയാളഭാഷയിൽ തുഞ്ചത്തെഴുത്തച്ഛനെപ്പററി ഒരു മഹാൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ "സൽഫലപുഷ്പപല്ലവകദംബാലംബയായ് ഭൂതലേ മിന്നു"ന്ന ആംഗ്ലേയ ഭാഷാരസാലതരുവിൻെറ തുഞ്ചത്തിരുന്നുകൊണ്ടു്,

"മന്ദം വാങ്മധുവൎഷധാരതുടരേ തൂകി സദാനിസ്തുലാ-
നന്ദം നൽകുമജാനപാവന ശുകജ്യോതിസ്സിനായ് കൈതൊഴാം"

# പ്രൈവററ്സ്ക്കൂൾ അദ്ധ്യാപകന്മാർ.

## അവരുടെ ഭാവി ശോഭനമാക്കേണ്ടതെങ്ങിനെ.

(കെ. കെ. കുരുവിള എം. എ., ബി. ഡി.)

തിരുവിതാംകൂർ വിദ്യാഭ്യാസലോകത്തിൽ, പ്രൈവററ്സ്ക്കൂൾ അദ്ധ്യാപകന്മാരുടെ സ്ഥാനമെന്തെന്ന് ഇതിനുമുമ്പു പലപ്രാവശ്യം പലരും പ്രസ്താവിച്ചിട്ടുള്ളതിനെ ഞാൻ ഇവിടെ വീണ്ടും ഒന്നുധരിച്ചുകൊള്ളട്ടെ. ആകെ ഈ സംസ്ഥാനത്തുള്ള 3749 വിദ്യാലയങ്ങളിൽ 2690 ഗ്രാൻറുപള്ളിക്കൂടങ്ങളും 649368 വിദ്യാൎത്ഥികളിൽ 362995 കുട്ടികൾ ഗ്രാൻറുവിദ്യാലയങ്ങളിൽ പഠിക്കുന്നവരുമാണ്. 16,661 അദ്ധ്യാപകന്മാരുള്ളതിൽ 11,063 പേരും ഗ്രാൻറുപള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നവരാണെന്നുള്ളതും പ്രസ്താവ്യമത്രെ. പരീക്ഷാഫലം താരതമ്യപ്പെടുത്തി നോക്കിയാൽ ഗ്രാൻറു പള്ളിക്കൂടങ്ങൾ ഗവമ്മെൻറു പാഠശാലകളെ അപേക്ഷിച്ച് ഒട്ടും പിന്നോക്കമല്ലെന്നു വിദ്യാഭ്യാസഡയറക്ടറന്മാർ വളരെ മുമ്പുതന്നെ സമ്മതിച്ചിട്ടുള്ള കാൎയ്യമാണ്. പരമാൎത്ഥമെങ്ങനെയിരുന്നാലും ഡിപ്പാർട്ടുമെൻറു സ്കൂളുകൾക്കും ഗ്രാൻറുപള്ളിക്കൂടങ്ങൾക്കും വേണ്ടി ഗവമ്മെൻറു ചെലവാക്കുന്ന തുക നോക്കിയാൽ ഗ്രാൻറുപള്ളിക്കൂടക്കാൎക്കു സങ്കടത്തിനു മാൎഗ്ഗമില്ലെന്ന് ആരും പറയുകയില്ല.

ഗവമ്മെൻറു പള്ളിക്കൂടങ്ങൾക്കുള്ള മൊത്തം ചെലവ്, 35,10,516 രൂപായും ഗ്രാൻറുപള്ളിക്കൂടങ്ങൾക്കു 11,80,967 രൂപായും ആണ്. ഇംഗ്ലീഷുപള്ളിക്കൂടങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രാൻറു കിട്ടുന്ന പള്ളിക്കൂടങ്ങൾ വളരെ തുച്ഛമാണെന്നു പറയേണ്ടിയിരിക്കുന്നു.

ഇംഗ്ലീഷുവിദ്യാലയങ്ങളിൽ ഗ്രാൻറു കിട്ടുന്നതിൽ അധികവും ബാലികാപാഠശാലകൾക്കാണ്. മേൽപറഞ്ഞിരിക്കുന്ന സംഗതികളെ കുറേക്കൂടി വ്യക്തമാക്കുന്നതിനു താഴെ പറയുന്ന പട്ടിക പ്രയോജനപ്പെടുമെന്നു വിശ്വസിക്കുന്നു.

| | സ്കൂളുകൾ | വിദ്യാൎത്ഥികൾ | ഗവ: ചെലവാക്കുന്ന തുക |
|---|---|---|---|
| ഗവ: ഇംഗ്ലീഷ് | 41 | 15454 | 3,90,519 |
| മലയാളം | 999 | 268,378 | 16,38,426 |
| പ്രൈ. ഇംഗ്ലീഷ് | 231 | 38,377 | 1,59,568 |
| മലയാളം | 2408 | 3,19,021 | 9,96,505 |

ഈ ഭീമമായ വ്യത്യാസത്തെ പരിഹരിക്കുവാനുള്ള ശ്രമം ഇതുവരേയും കാൎയ്യമായി ആരുംതന്നെ ചെയ്തിട്ടുള്ളതായി എനിക്കറിവില്ല.

ഗവമ്മെൻറിൽനിന്നു പ്രൈവററുവിദ്യാലയങ്ങളുടെ അധികച്ചെലവിൽ 75 ശതമാനം ഗ്രാൻറു കൊടുത്താൽ നന്നായിരിക്കുമെന്നു വിദ്യാഭ്യാസപരിഷ്കരണറിപ്പോർട്ടിൽ പ്രസ്താവിച്ചുകാണുന്നുണ്ട്. 100-ക്കു 75-നു പകരം 100-ക്കു 33- മാത്രമെ ഇപ്പോഠം വിദ്യാലയങ്ങഠംക്കു അവകാശമുള്ളു. അതുതന്നെ സാധിച്ചുകിട്ടാൻ വളരെ പ്രയാസവുമാണ്.

ഡിപ്പാർട്ടുമെൻറു വച്ചിരിക്കുന്ന തോതനുസരിച്ച് അധികച്ചെലവു കാണിക്കാൻ വളരെ പ്രയാസമായിവരുന്നു. അധികച്ചെലവിനെ ഭയന്ന് അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ കുറവു (വ്യയനിയന്ത്രണം) ഉണ്ടാകുന്നു. ശമ്പളം വെട്ടിക്കുറയ്ക്കൽകൊണ്ട് അധികച്ചെലവില്ല. അധികച്ചെലവില്ലാത്തതുകൊണ്ടു ഗ്രാൻറില്ല. ഡിപ്പാർട്ടുമെൻറിനും മാനേജുമെൻറിനും ചെലവില്ല. തൻമൂലം അദ്ധ്യാപകന്മാക്കു നഷ്ടമോ പട്ടിണിയോ ആണു ഫലം. ഈ കഷ്ടതകഠം എല്ലാം സഹിക്കുന്നതു് അദ്ധ്യാപകന്മാരാണെന്നുള്ളതു ഞാൻ വിശേഷിച്ചു പറയേണ്ടതില്ല. ഇതുമൂലവും മററും അവക്കു നേരിടുന്ന പ്രയാസങ്ങഠം വളരെ, എങ്കിലും അതിനു വേണ്ടതായ നിവാരണപദ്ധതി രൂപീകരിക്കുന്നതിന് അവരെക്കൊണ്ട്, ഇതുവരേയും സാധിച്ചിട്ടില്ല. 1109 ധനു 13-ാനു- (1933 ഡിസംബർ 28) മാവേലിക്കരവച്ചു കൂടിയ സമ്മേളനത്തിൽ നാലാം റസലൂഷർ ബി വിഭാഗമായി പള്ളിക്കൂടങ്ങഠംക്കുള്ള ഗ്രാൻറിനം അധികച്ചെലവിന്മേലല്ല, അദ്ധ്യാപകന്മാരുടെ ശമ്പളത്തെ അടിസ്ഥാനപ്പെടുത്തിയാണു കൊടുക്കേണ്ടതെന്നു പാസ്സാക്കിയതു്. ഗവമ്മെൻറിൽനിന്നുള്ള മറുപടിയിൽ മലയാളവിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെതന്നെ ചെയ്യുന്നു എന്നത്രെ പ്രസ്താവിച്ചിട്ടുള്ളതു്. സഹായാദ്ധ്യാപകന്മാക്കു വി. എസ്സ്. എൽ. സി. ക്കാക്ക് എട്ടരയും, ട്രെയിനിംഗ് പാസ്സായവക്കു പത്തരയും ഹെഡ്മാസ്റ്ററന്മാക്കു പന്ത്രണ്ടരയും വീതം ഗവമ്മെണ്ടിൽനിന്നും ഗ്രാൻറു നൽകുന്നു എന്നുള്ളതു വാസ്തവംതന്നെ. എന്നിരുന്നാലും മാനേജ്മെൻറിൽനിന്നും അവക്ക് ഈ തുകയിൽ കൂടുതലായി ഒന്നുംതന്നെ കിട്ടുന്നില്ലെന്നുള്ള വാസ്തവം എല്ലാവക്കും അറിയാവുന്നതാണ്. അതുതന്നെ ശരിയായികിട്ടാൻ ഇനിയും വല്ലതും ചെയ്യേണ്ടതായും ഇരിക്കുന്നു. അങ്ങനെയിരിക്കെ ഗ്രാൻറുപള്ളിക്കൂടം അദ്ധ്യാപകന്മാക്കു ഗവമ്മെൻറുസ്കൂഠം അദ്ധ്യാപകന്മാരെപ്പോലെതന്നെ ഇല്ലെങ്കിലും ഉപജീവനം സാധിക്കാനായി വേണ്ട തുക ഗ്രാൻറിനായി കിട്ടണമെന്നാണ് അദ്ധ്യാപന്മാരുടെ ആഗ്രഹം. ഇതിനെക്കുറിച്ചു വിദ്യാഭ്യാസപരിഷ്കരണറിപ്പോർട്ടിൽതന്നെ പറഞ്ഞിരിക്കുന്നതും താഴെ പറയുന്നതുമായ കാൎയ്യങ്ങഠം ഉടനെ നിവ്വഹിക്കേണ്ടതാണ്.

1. അദ്ധ്യാപകന്മാൎക്കു സ്ഥലവ്യത്യാസംകൂടി ഗണിച്ചുകൊണ്ട് ഒരു ശമ്പളസ്കെയിൽ നിശ്ചയിക്കണം.

2. ഗ്രാൻറുപരിശോധനയിൽ ഏതെല്ലാം ചെലവുകളാണ ഡിപ്പാർട്ടുമെൻറു സ്വീകരിച്ചിരിക്കുന്നതു്; ഏതെല്ലാമാണ സ്വീകരിക്കാത്തതു് എന്ന യാതൊരു നിശ്ചയവും ഇപ്പോൾ മാനേജരന്മാൎക്കില്ല. ഏതെല്ലാം ചെലവുകളാണ സ്വീകാൎയ്യമെന്ന കണിശമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

3. ഫീസുസൌജന്യം ഗവമ്മെണ്ടിൽനിന്നും അനുവദിച്ചിരിക്കെ, അതിൽ നാലിലൊരംശം മാനേജുമെൻറു വഹിക്കണമെന്നുള്ള നിശ്ചയത്തെ മാററണം

ഇങ്ങനെയുള്ള വ്യവസ്ഥയോടുകൂടി സ്കൂളുകളിലെ വരവും ചെലവും നിശ്ചയിക്കണമെന്നും വ്യത്യാസത്തിന്റെ തൊണ്ണൂറു ശതമാനം ഗവമ്മെൻറും, പത്തു ശതമാനം മാനേജരും വഹിക്കണമെന്നമാണ് എന്റെ അഭിപ്രായം. പത്തു ശതമാനമായാൽ 10000 രൂപാ വരവുള്ള വിദ്യാലയങ്ങളിൽ മാനേജർ ആണ്ടിൽ 1000 രൂപാ കോട്ടുക്കേണ്ടിവരും. അതുതന്നെയും വഹിക്കുവാൻ അവൎക്കു പ്രയാസമായിട്ടാണ് ഇപ്പോഴത്തെ സ്ഥിതി. ഇതിൽ കൂടുതൽ വച്ചാൽ വേണ്ട സമ്പ്രദായങ്ങൾ പ്രയോഗിച്ചു ഗവമ്മെൻറിൽനിന്നു കിട്ടുവാനുള്ളതു കിട്ടാൻ ശ്രമം ചെയ്യും.

ഇതോടുകൂടി എവിടെയെങ്കിലും ഒരാൾ അദ്ധ്യാപകന്മാരിൽ ചിലരെ മാനേജുമെൻറിൽ പ്രവേശിപ്പിച്ചാൽ അവൎക്കുകൂടി മാനേജർ കോട്ടുക്കേണ്ട തുകയ്ക്കു സംഭാവനചെയ്യാൻ ന്യായമായി അനുവദിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നുകിൽ മാത്രമെ അദ്ധ്യാപകന്മാരിൽനിന്ന മുൻപിൽകൂട്ടി പണം വാങ്ങുക, കൊടുക്കുന്ന സംഖ്യയിൽ കൂടുതലിന് ഒപ്പിടുവിക്കുക ആദിയായ അനാവശ്യങ്ങൾ നിൎത്തുവാൻ സാധിക്കുകയുള്ളു.

ഈ പണം സൎക്കാർ ട്രഷറിയിൽ സ്വീകരിച്ചു, അദ്ധ്യാപകന്മാൎക്കു ശമ്പളം കൊടുക്കുകയാണ നല്ലതെന്നാണ് എന്റെ അഭിപ്രായം.

ഇതുപോലെ ഒരു വ്യവസ്ഥ മലയാളംപള്ളിക്കൂടക്കാരെ സംബന്ധിച്ചിടത്തോളം ചെയ്യാൻ നിവ്വാഹമില്ലെന്ന വന്നേക്കാവുന്നതാണ്. മലയാളം പ്രൈമറിപള്ളിക്കൂടങ്ങൾക്കു മാനേജരന്മാർ എന്തെങ്കിലും കൊടുക്കണമെന്നുവച്ചാൽ ഇപ്പോഴത്തേതിൽ കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഓരോ സമുദായങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിൽ പോലും വളരെ പരിശ്രമത്തിന്റെ ഫലമായിട്ടത്രെ അവൎക്കു കിട്ടേണ്ട എട്ടരരൂപായെങ്കിലും കിട്ടുക എന്നുള്ളതു പതിവായി വന്നിരിക്കുന്നതു്. അതുകൊണ്ടു മലയാളംപള്ളിക്കൂടങ്ങളിലുള്ള പ്രൈമറിപാഠശാലാദ്ധ്യാപക

ന്മാരുടെ ശമ്പളഗ്രാൻറു പത്തും പന്ത്രണ്ടും ആക്കിയെങ്കിലും വൎദ്ധിപ്പിക്കേണ്ടതാണ്.

ഗവൎമ്മെൻറു പള്ളിക്കൂടങ്ങളെ കുറയ്ക്കാവുന്നിടത്തു കുറച്ചും, ആവശ്യമില്ലാത്തതും ശരിയായി നടത്താത്തതുമായ ഗ്രാൻറുപള്ളിക്കൂടങ്ങളെ ഇല്ലാതാക്കിയും, മുൻസിപ്പാലിററിക്കു ലഭിക്കുന്ന പണത്തിൽ കുറെ വിദ്യാലയങ്ങൾക്കായി വേർതിരിച്ചും മററും ഇതിനു പണം ഉണ്ടാക്കാവുന്നതാണ്.

ഗ്രാൻറിനേക്കുറിച്ച് എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കുകയും അങ്ങനെ അദ്ധ്യാപകന്മാരുടെ അഭിമാനവും ജീവിതവും സുരക്ഷിതമാക്കുകയും ചെയ്താൽ അവരുടെ വലിയ നിരാശയ്ക്കു പ്രതിവിധിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇതോടുകൂടി അദ്ധ്യാപകന്മാരുടെ പ്രാവിഡൻറുഫണ്ടിനെപ്പററിയും രണ്ടു വാക്കു പറയേണ്ടതുണ്ട്. ഇംഗ്ലീഷുസ്കൂളുകളിൽ ഇപ്പോൾ ഉള്ളതുപോലെ മലയാളംസ്കൂളുകളിൽകൂടി പ്രാവിഡൻറുഫണ്ട് ഏൎപ്പെടുത്തുകയും അതിനെ പരിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ രൂപായ്ക്ക് ഒരു ചക്രംവീതം എന്നുള്ളതു മാററി രൂപായ്ക്കു രണ്ടു ചക്രംവീതം എന്നാക്കിയാൽ ഒരു അദ്ധ്യാപകൻ ജോലിയിൽനിന്നും പിരിയുമ്പോൾ അയാൾക്കു കാൎയ്യമായ ഒരു തുക കിട്ടി എന്നു വരും. നാല്പതു രൂപാ ശരാശരി കിട്ടുന്ന ഒരദ്ധ്യാപകന് ഇപ്പോഴത്തെ കണക്കനുസരിച്ചു 20 വൎഷം കഴിഞ്ഞു ജോലിയിൽനിന്നും പിരിയുമ്പോൾ 1200 രൂപാ കിട്ടിയെന്നു വരാം. ഇതു തുച്ഛമായ ഒരു സംഖ്യയാണ്. അയാൾക്ക് ഒരു 2500 രൂപായെങ്കിലും കിട്ടത്തക്കവണ്ണം പ്രാവിഡൻറുഫണ്ടു രൂപീകരിക്കേണ്ടതാണ്.

നമ്മുടെ ആവശ്യങ്ങൾക്കായി എല്ലായ്പോഴും ഗവൎമ്മെൻറിനെ ആശ്രയിക്കുന്നതു നല്ലതല്ല. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ നന്മയ്ക്കായി ഒരു "തൊഴിലാളിപ്രവൎത്തക ഇൻഷ്വറൻസു" പദ്ധതി സാദ്ധ്യമാകുമോ എന്നൊരു അന്വേഷണം നടത്തണമെന്നു സ്റ്റാത്താംറിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതു നടപ്പിൽ വരുത്താനായി ഉത്സാഹിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്. ഗവൎമ്മെൻറുസ്കൂളിലുള്ള അദ്ധ്യാപകന്മാൎക്കുവേണ്ടി ഇതുപോലെ എന്തോ നടത്തി പരാജയത്തിൽ അവസാനിച്ചതുകൊണ്ടു പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാർ തുടങ്ങുന്നതും അങ്ങനെതന്നെ അവസാനിക്കണമെന്നില്ല. നേരേമറിച്ച് ആ പ്രസ്ഥാനത്തിനുള്ള വിഷമങ്ങൾ എന്തായിരുന്നു എന്നു കണ്ടുപിടിച്ച് അതിനുള്ള നിവാരണമാൎഗ്ഗംകൂടി നമ്മുടെ പദ്ധതിയിൽ നിൎദ്ദേശിക്കാവുന്നതാണ്.

അദ്ധ്യാപകന്മാരെ യഥേഷ്ടം പിരിച്ചുവിടാതെ അവൎക്കു സ്ഥിരലാവണം ഉണ്ടായിരിക്കുക, അവധികാൎയ്യങ്ങളിലുംമററും ഗവൎമ്മെൻറു അദ്ധ്യാ

പകന്മാരെപ്പോലെ സൌകയ്യമുണ്ടാക്കി കൊടുക്കുക, അവരെ ഗവർമ്മെൻറു സർവീസിൽ പ്രവേശിപ്പിക്കുക എന്നീ കായ്യങ്ങൾ ഇതിനെതുടൎന്നുണ്ടാകും.

ഇവിടത്തെ വിദ്യാഭ്യാസസമ്പ്രദായം ധാരാളം മനസ്സിലാക്കുവാൻ അവസരം കിട്ടിയിട്ടുള്ള ദേഹവും ഡെപ്യൂട്ടിഡയറക്ടർ ആയും ഡയറക്ടർ ആയും ഇരുന്ന നമ്മുടെ ആവശ്യങ്ങൾ എന്തെന്ന അറിഞ്ഞിട്ടുള്ള ദേഹവുമായ മി: സി. വി. ചന്ദ്രശേഖരൻ ഈ കായ്യങ്ങളെ നടപ്പിൽവരുത്താനായി ശ്രമിക്കുമെന്നു നമുക്കു വിശ്വസിക്കാം.

നമ്മുടെ അവകാശങ്ങളേയും സ്ഥിതിയേയും കുറിച്ചു നാം വാദിക്കുന്ന സമയത്തും നമ്മുടെ വിജയം നമ്മിൽതന്നെ ആണെന്ന് ഓക്കണം. നാം യോജിച്ചു പ്രവൎത്തിക്കുന്നതിൽ പല കായ്യങ്ങളും ആശ്രയിച്ചിരിക്കുന്നു. എല്ലാവക്കും യോജിച്ചു പ്രവൎത്തിക്കുന്നതിനു സാധിക്കുകയില്ല. കഥയില്ലാത്ത സംഗതികളിൽനിന്നു നല്ലതും ഉയൎന്നതുമായ കായ്യങ്ങളിലേക്കു മനസ്സിനെ ഉയൎത്തുവാൻ നാം പഠിക്കേണ്ടതുണ്ട്. നമ്മുടെ അഭിപ്രായത്തോടു ചേരാത്തവരുമായി യോജിച്ചു പ്രവൎത്തിക്കുന്നതിനുള്ള മനസ്ഥിതി ഉണ്ടാകണം. പൊതുക്കായ്യങ്ങളിൽ നാം പ്രവേശിക്കുമ്പോൾ പൊതുക്കായ്യങ്ങളും സ്വന്തകായ്യങ്ങളും തിരിച്ചാലോചിക്കാൻ നാം പഠിക്കണം. ഈ ഉൽകൃഷ്ടമായ മനസ്ഥിതിയോടെ നാം വിദ്യാലയങ്ങളിൽ കുട്ടികളെ പഠിപ്പിച്ചെങ്കിൽ മാത്രമെ നമ്മുടെ ജോലി ഫലപ്രദമാകയൊള്ളു. നമ്മുടെ ആവശ്യങ്ങൾ ശരിയാംവണ്ണം നടന്നുപോകണമെന്നല്ലാതെ മററുള്ളവരോടു താരതമ്യപ്പെടുത്തി നോക്കിയിട്ടു നമുക്കാവശ്യമില്ല. സാമൂഹ്യ ശുശ്രൂഷയ്ക്കായി പുറപ്പെടുന്നവർ സഹിക്കാനും ക്ഷമിക്കാനും അന്യരെ വഹിക്കാനും പഠിക്കേണ്ടവരും മററുള്ളവരെ അങ്ങനെ ഒരു ജീവിതത്തിലേക്കു നടത്തുന്നവരുമായിരിക്കണം.

ഗ്രാൻറുപള്ളിക്കൂടത്തിലുള്ളവരെല്ലാം ആങ്ങനെയാണെന്നു ഞാൻ വാദിക്കുന്നില്ല. ഡിപ്പാർട്ടുമെൻറു നിയമനത്തിൽ അവരുടെ അവകാശം കൂടി കരുതണമെന്നുള്ള അപേക്ഷ ഉണ്ടല്ലോ. അങ്ങനെയിരുന്നാലും ഒരു പങ്ക് ആളുകൾ അദ്ധ്യാപകജോലിമൂലം, തങ്ങളുടെ ജനസമുദായത്തിനുപകാരവും രാജ്യത്തിനു നന്മയും ഉണ്ടാകുമെന്നുള്ള വിശ്വാസത്തിന്മേൽ മററു സൗകയ്യങ്ങൾ ഉപേക്ഷിച്ചുവന്നിട്ടുള്ളവരാണെന്നാണ് എൻെറ വിശ്വാസം. അവരുടെ ഉദ്ദേശവും ആദൎശവും ഗ്രാൻറുപള്ളിക്കൂടം അദ്ധ്യാപകന്മാൎക്ക് ഒരു സാഹചയ്യമുണ്ടാക്കി കൊടുക്കുന്നുണ്ട്.

അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറിൻേറയും മാനേജ്മെൻറിൻേറയും ഇടയ്ക്കുകൂടി വളരെ ക്ലേശം സഹിക്കുന്നുണ്ടെങ്കിലും അവരുടെ വിദ്യാലയങ്ങൾ,

പരീക്ഷകളിലും വിദ്യാൎത്ഥികളുടെ സ്വഭാവരൂപീകരണത്തിലും ഈ രാജ്യത്തു് ഇങ്ങനെയുള്ള ഒരു സ്ഥാനം അർഹിക്കുകയില്ലായിരുന്നു.

# മലപോലെ വളൎത്തായ്യിൻ മനീഷിതങ്ങൾ.

വഞ്ചിപ്പാട്ടു്.

(വിദ്വാൻ, വൈ- നാരായണയ്യർ.)

മൃതിയുടെയധികാരപരിധിയിലെഴും ജീവ-
തതിയിതിലൊരുവനുമധീശനല്ല
ഇതുപര-മവികല യഥാൎത്ഥമെന്നിരിക്കിലും
പുതുതാകും ചെറുലോകം ഭരണാൎത്ഥമായ്
എതിരിലേതൊരുവനു മുയന്നു പൊന്തിടാമതിൻ
പതിയായായവൻ ഭരിച്ചിടുന്നുമുണ്ടാം.
ഇതെന്തിനാ?-ണിവരുടെ വിഹൃതിക്കായിട്ടുമാത്രം?
അതേഅതേ! അതുതന്നെഅതിനുത്തരം.
നവലോകം നമുക്കിതു; നവമോനാമിതിനോക്കിൽ?
നവങ്ങളിങ്ങനാദിക്കുള്ളുലകളല്ലോ!
ഇഹലോകം വിജിഗീഷുഗണത്തിൻ പന്തയക്കളം;-
മഹരഹം പ്രശാന്തിവേതനം ലഭിപ്പാൻ
അഹമഹമികയൊടു മതിജവം തുടൎന്നോടും
ബഹളം താൻതെളിയിപ്പൂ കളിനിയമം.
തെളിവിനേഡിഷണ സമ്മതിക്കുന്നെങ്കിലും നമ്മ-
ളൊളിഞ്ഞകാപഥം തേടിയധഃപതിപ്പൂ!
വിഹിതമാചരിക്കുന്നീ, ലവിഹിതംചെയ്‌വൂതാനും
വിധിനമ്മെക്കാക്കുമെന്നു വിട്ടവിഡ്ഢികൾ!
കളവിനിജ്ജളതയെ; നലമോ തീയതോരണ്ടും
വിളയിപ്പാൻ വിരുതുതൻ പ്രവൃത്തിക്കത്രേ.

* അഖിലതിരുവിതാംകൂർ പ്രൈവററുസ്ക്കൂൾ അദ്ധ്യാപകയൂണിയന്റെ ആഭിമുഖ്യത്തിൻ 110 മിഥുനം 22-ാംതീയതി ശനിയാഴ്ച കോട്ടയത്തു കൂടിയ രണ്ടാമത്തെ അഖിലതിരുവിതാംകൂർ പ്രൈവററുസ്ക്കൂൾ അദ്ധ്യാപകകാൺഫറൻസിലെ അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു്.

മനുജനഖിലപാപാചരണവും വെടിഞ്ഞാലും
അണുവും നീതിയിൽനിന്നു ചലിക്കാഞ്ഞാലും
നിജോൽക്കർഷവിഘാതമാം നിഖിലവും ത്യജിച്ചാലും
നിരഘചരിതനായ്ത്താൻ നിവസിച്ചാലും
അവന്റെ വാഴ്ച്ചയോടുമല്ലടിക്കും പരിതസ്ഥിതി-
യവിടെവിടെ നേരിടാമനേകമാക്കും:— (26)

തടിത്തുകൾ നരരെപ്പോൽ താന്തോന്നിത്തം കൊതിക്കുന്നു,
തടിനികൾ തടവെഴാഗ്ഗതിതേടുന്നു,
തടിച്ച ഝംഝാവാതവും വിശൃംഖലം വിഹരിപ്പാൻ
പിടച്ചുപാഞ്ഞണയുന്നു പിണിയാളെപ്പോൽ:— (30)

നദികൾ നീതിനിഷ്ഠയ്ക്കു നടനരംഗമാമേതു
നരനെത്തൻ കയത്തിങ്കൽ തിരുകിടാത്തു?
മഹനീയഗുണവാന്റെ മണിമച്ചിങ്കലും നിജ-
മഹങ്കാരം തടില്ലത കുറയ്ക്കുത്തുണ്ടോ?
പ്രയതർ തൻതോണിയെയും തലകീഴായ്മറിക്കാതെ
പ്രഭഞ്ജനനൊരുലേശമിളയ്ക്കുത്തുണ്ടോ! (36)

പ്രകൃതിതൻ പ്രകൃതമിതവളൊരുസമചിത്ത-
പ്രകൃതി-യായംബയ്ക്കൊപ്പം ശിശുക്കളെല്ലാം:— (38)

അണയേയും ആററിനേയുമവളൊരുപോലെ നോക്കും,
അണിമച്ചും അശനിയുമവൾക്കു തുല്യം,
കരുത്തിനാൽ നരൻ കാററിൻഗമനത്തെത്തടവതും
മരുത്തിനാൽ വഞ്ചിമറിഞ്ഞവൻ ചാവതും
ഇരുപാടുമൊരുപോലെയിമപൂട്ടാതെ താൻനോക്കി
നിരുപമം രസിക്കുന്നു പ്രകൃതിദേവി. (44)

നിജബലഹീനതയോ ക്ഷതിചെയ്യാതിരിക്കട്ടെ,
നിയതിതൻ കടുംകൈകൾ മറവിക്കട്ടെ,
നിയതമിതരനരൻ തുടരുവൊരവിവേകം
നിജവ്യക്തി ജീവിതത്തിലിരുൾചേർത്തിടും. (48)

മതിമാന്മാരുടെ കർമ്മപരിപാടി നിരൂപിക്കിൻ!
മഹദാദർശത്തെ കൈക്കൊണ്ടുയർന്നീടുവിൻ!
നിശിതവും വിഷമവും ശ്രമജടിലവുമാമീ
നിരന്തര ജീവലോകരണാങ്കണത്തിൽ
അവരവരാലാവോള മടരാടിയതിൽനേടു-
മവയെവെന്നൊടുക്കുവാനവർ ശ്രമിച്ചു! (54)

വിഷമതകലരുമീശ്രമത്തെ വിട്ടൊഴിയുവാൻ
വിരുതിൽ നാമൊരുപിഴവഴിയും കണ്ടു:—
ശിശുക്കൾവല്ല കല്ലിലുമിടറിവീഴുകിലവർ
ശിലയ്ക്കുയിരാരോപിച്ചു തൊഴിക്കുമല്ലോ;
അതുപോൽ നാമപജയം നിഭൃതമായ് സഹിക്കുവാ-
നശക്തരായ് ശൂന്യമാകും ഗഗനാന്തത്തിൽ
അവശതയ്ക്കധീശരാമസംഖ്യം ദേവതമാരെ-
യധിരോപിച്ചവരെ നാം ശകാരിക്കുന്നു.
അവരെയും വിധിയെയുമധിക്ഷേപശരം ചൊരി-
ഞ്ഞവഹേളിച്ചെന്നാലാർത്തിയണുസഹ്യമാം!
"അഹഹമൂഢരേ!"—എന്നങ്ങകലെ മിന്നിടും സൗഖ്യ-
മഭയരോദനത്തെപ്പാർത്തിളിച്ചിടുന്നു!
അതുകണ്ടു പഠിക്കുവിൻ! അമിതാശകളയുവിൻ!
അഭയാർത്ഥം കിനാവിന്മേലടിയുന്നായ്‌വിൻ! (68)

ഫലകാലംവരുംമുൻപേ പട്ടുപോയമരംകൊണ്ടു
ഫലമില്ലെന്നൊരു ചൊല്ലു പരമാർത്ഥമോ?
ചിലകാലം പഥികർക്കായിലക്കുടാരവും കെട്ടി-
ത്തലകാഞ്ഞു തണൽവീശിത്തളർച്ചതീർത്തും,
കളകാകളികൗതുകം ഖഗജാതത്തിനു നീഡ-
മുളവാക്കാനരുശാഖ പരത്തിവച്ചും.
കുളുർതെന്നൽത്തളിർമെയ്യ്ക്കു കുസുമസൗരഭം ചേർത്തും,
അളിനിരയ്ക്കശിക്കുവാനമൃതുവാർത്തും,
നിജകായമിതരർക്കു നിർവൃതിക്കായ് നിയോഗിച്ചാൽ
രുജവേണ്ട! ചരിതാർത്ഥം—സഫലം ജന്മം. (78)

മിഹിരകിരണമേറ്റു മിളിതാനന്ദംവാണതും,
തുഹിനാംശുത്തുനിലാവിൽവിഹരിച്ചതും,
പരപ്രേമംപുലർത്തിയും പരാനന്ദംവളർത്തിയും
നിരവധിസുഹൃത്തുകൾക്കുയർച്ചചേർത്തും,
അരിപടലിയെ സ്വയമമരിൽവെന്നതുമോർത്താൽ
പെരികെനിസ്സാരമെന്നു കരുതുന്നുവോ? (84)

ഭാവനാസ്പൃഷ്ടമാമേതോ ഭാവികാലഭവികസം-
ഭാവ്യതയെക്കിനാവുക,ണ്ടതിലെത്തുവാൻ
വർത്തമാനകാലത്തിനെബ്ബലിനൽകി വിദൂരമാം
പത്തനത്തിൽ ഭാഗ്യശ്രീയെ ക്ഷണിക്കുകയോ? (88)

ഭയംവേണ്ട! ഭയംവേണ്ട! പുരുഷകാരത്തിനൊട്ടും
ജയമില്ലെന്നൊരുവരും ജല്പിക്കവേണ്ട!
മനുജജീവിതം ക്ഷണപ്രഭമായിട്ടിരിക്കയാൽ
മലപോലെവത്താസ്സിൻ മനീഷിതങ്ങൾ! * (92)

# ജപ്പാനിലെ വിദ്യാഭ്യാസം.

## I.

(എൻ. പി. മാരാർ.)

പാശ്ചാത്യമഹച്ഛക്തികളോടു കിടപിടിക്കത്തക്കവണ്ണം പരിഷ്കാരത്തിലും സംസ്കാരത്തിലും അത്യുന്നതപദം പ്രാപിച്ചിട്ടുള്ള പൌരസ്ത്യരാജ്യങ്ങളിൽ ഒന്നാണു ജപ്പാൻ. അവിടത്തെ സകലവിധമായ അഭിവൃദ്ധിക്കും അഭ്യുന്നതിക്കും ഹേതുഭൂതമായിട്ടുള്ളതു് ആ രാജ്യത്തിലെ വിദ്യാഭ്യാസപദ്ധതിയാണ്. അതിനാൽ തത്സംബന്ധമായ ഒരു വിവരണം ഒരിക്കലും അസ്ഥാനസ്ഥമാകാനിടയില്ല. 'ബാലാക്ക്ഭൂമി' എന്ന അപരനാമധേയത്തോടുകൂടിയ ജപ്പാനിലെ വിദ്യാഭ്യാസസമ്പ്രദായത്തെ സംക്ഷിപ്തമായി വിവരിച്ചുകൊള്ളുന്നു.

പതിനാറാംശതാബ്ദത്തിൽ പാശ്ചാത്യരാജ്യങ്ങളോടുള്ള സമ്പക്കത്തിനുശേഷമാണു ജപ്പാനിൽ വിദ്യാഭ്യാസം ആധുനികരീതിയിൽ ആരംഭിച്ചതു്. കേവലം കച്ചവടത്തിനു മാത്രമായി അവിടെ ചെന്നെത്തിയ പോർട്ടുഗീസുകാർ, അനാവശ്യമായി മതവിഷയത്തിൽ തലയിട്ടതിനാൽ, ബുദ്ധമതാനുയായികളായ ആ രാജ്യനിവാസികളുടെ ഇടയിൽ പ്രബലങ്ങളായ പ്രതിഷേധപ്രകടനങ്ങൾ ഉണ്ടായി. തന്നിമിത്തം, മതപരിവത്തനം ചെയ്യിക്കുവാൻ പ്രസംഗിച്ചു നടക്കുന്ന ക്രിസ്ത്യൻപാതിരിമാരെ നാട്ടുകടത്തുവാനും, മതംമാറുന്ന ജപ്പാൻകാരെ ജീവനോടെ ദഹിപ്പിക്കുന്നതിനും, അവരുടെ സകല സ്വത്തുക്കളും സക്കാരിലേക്കു കണ്ടുകെട്ടുന്നതിനും രാജകീയവിളംബരം പ്രസിദ്ധീകരിക്കുവാൻ ചക്രവത്തി നിർബന്ധിതനായി എങ്കിലും പത്തൊൻപതാംശതാബ്ദത്തിൽ, കച്ചവടത്തിനായി ജപ്പാനിൽ എത്തിയ അമേരിക്കാക്കാരുടെ നാവികബലം ജപ്പാൻകാരെ ഭയവിഹ്വലരാക്കുകയും ഒരു സമാധാനഉടമ്പടി ചെയ്യാൻ നിർബന്ധിതരാക്കുകയും

---

* (മാത്യു ആർ. നോംഡിന്റെ തത്വചിന്താപരമായ കവിത.

ചെയ്തു. കാലക്രമേണ റഷ്യാ, ഹാളൻറ്; ഇംഗ്ലണ്ട്, ഫ്രാൻസ് മുതലായ യൂറോപ്യൻരാജ്യങ്ങളോടും അപ്രകാരമുള്ള വാണിജ്യഉടമ്പടി ചെയ്യാതിരിക്കാൻ ജപ്പാൻകാൎക്കു ഗത്യന്തരമില്ലാതായി. ജപ്പാൻകാരുടെ ഇടയിൽ സ്വരാജ്യാഭിമാനമെന്നപോലെതന്നെ വിദേശീയവിദ്വേഷവും പടിപടിയായി വൎദ്ധിച്ചുതുടങ്ങി. തൽഫലമായി രൂപീകരിക്കപ്പെട്ട ഭരണഘടനയിൽ ചക്രവൎത്തിയുടെ അധികാരശക്തിക്കു സ്ഥിരപ്രതിഷ്ഠ സിദ്ധിച്ചു. സാമ്രാജ്യത്തിൻെറ അഭിവൃദ്ധിയ്ക്കായി, ജപ്പാനിൽ വിശ്വവിജ്ഞാനം പ്രചരിപ്പിക്കേണ്ടതാണെന്നു അവിടത്തെ ഭരണകൎത്താക്കന്മാർ തീരുമാനിച്ചു.

1872-ൽ നടപ്പിൽവരുത്തിയ വിദ്യാഭ്യാസകോഡിലെ ഉദ്ദേശപ്രഖ്യാപനത്തിൽ (1) സന്മാൎഗ്ഗപരിശീലനം (2) ബുദ്ധിസംസ്കരണം (3) കലാഭ്യസനവും പരിജ്ഞാനവും എന്നിവ മൂന്നും ഉൾപ്പെടുത്തിയിരിക്കുന്നു ജപ്പാൻചക്രവൎത്തിയുടെ ഒരു വിളംബരത്തിൽനിന്നും താഴെ ഉദ്ധരിക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധാൎഹമാണ്. "ഇനി മേലാൽ ഈ രാജ്യത്തിൽ പഠിപ്പില്ലാത്ത ഒരു കുടുംബമോ, കുടുംബത്തിൽ അപ്രകാരമുള്ള ഒരംഗമോ ഉണ്ടായിരിക്കുവാൻ പാടില്ലാത്തതാകുന്നു. അതിനുതക്കവണ്ണം വിദ്യാഭ്യാസം പ്രചുരപ്രചാരത്തിൽ വരുത്തണം. ഉയൎന്ന വിദ്യാഭ്യാസം ഓരോ വ്യക്തിയുടേയും ബുദ്ധിശക്തിക്കു തക്കവണ്ണം വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. എന്നാൽ ഏതെങ്കിലും ബാലനോ ബാലികയോ പള്ളിക്കൂടത്തിൽ ചേൎന്നു പഠിക്കാത്തപക്ഷം അപ്രകാരമുള്ള ഉപേക്ഷക്കുററത്തിനു ഉത്തരവാദിത്വം വഹിക്കേണ്ടതു് കുട്ടിയുടെ രക്ഷാകൎത്താവായിരിക്കുന്നതാകുന്നു." അക്ഷരംപ്രതി അനുഷ്ഠിക്കപ്പെട്ട പ്രസ്തുതപ്രഖ്യാപനത്തിൻെറ ഫലമായി, ജപ്പാനിലെ ഏതെങ്കിലും ഗ്രാമത്തിലാകട്ടെ, കുടുംബത്തിലാകട്ടെ, എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്ത ഒരാൾപോലും ഇല്ലെന്നുള്ള വിവരം പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഭരണകൎത്താക്കന്മാരുടെ കൎത്തവ്യങ്ങളിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു വിദ്യാഭ്യാസമാണെന്നു ജപ്പാൻകാർ ശരിയായി ധരിച്ചിട്ടുണ്ട്. രാജകീയവിളംബരങ്ങൾ മൂലമാണ് അവിടത്തെ വിദ്യാഭ്യാസനയം രൂപീകരിക്കുന്നതും പ്രവൃത്തിപഥത്തിലെത്തിക്കുന്നതും. വിദ്യാഭ്യാസമന്ത്രി തയാറാക്കുന്ന വിളംബരം, ക്യാബിനററിൻേറയും പ്രിവികൌൺസിലിൻേറയും ഒടുവിൽ ചക്രവൎത്തിയുടേയും ആലോചനയും തീരുമാനവും കഴിഞ്ഞതിനുശേഷം മാത്രമേ പ്രസിദ്ധീകരിക്കപ്പെടുകയൊള്ളു. എലിമെൻട്രസ്കൂളുകൾ, നാൎമ്മൻസ്കൂളുകൾ, മിഡിൽസ്കൂളുകൾ പെൺപാഠശാലകൾ, പ്രത്യേകവിദ്യാലയങ്ങൾ ഇവ വിളംബരങ്ങൾക്കു വിധേയങ്ങളാണ്. എന്നാൽ സാങ്കേതികപാഠശാലകളും, കലാലയങ്ങളും സൎവ്വകലാശാലകളും, പ്രൈവറ്റുസ്കൂളുകളും വിദ്യാഭ്യാസമന്ത്രിയുടെ ഭരണത്തിനു കീഴിലാണ്. വിദ്യാഭ്യാ

സം, കല, ശാസ്ത്രം (Science) സാഹിത്യം ഇവയുടെ മേൽനോട്ടം നടത്തുന്ന ഡിപ്പാർട്ടുമെൻറ് ആറു് ബ്യൂറോകളുടെ സങ്കലനമാണു്. (1)ഉൽകൃഷ്ട വിദ്യാഭ്യാസം (2) സാമാന്യവിദ്യാഭ്യാസം (3) സാങ്കേതികവിദ്യാഭ്യാസം (4) സാമുദായികവിദ്യാഭ്യാസം (5) പാഠപുസ്തകങ്ങൾ (6) വിദ്യാൎത്ഥിനിയന്ത്രണം ഇവയ്ക്കോരോന്നിനുംവേണ്ടിയാണു പ്രസ്തുത ആറു ബ്യൂറോകൾ. ഓരോ ഡയറക്ടറാണ് ഓരോ ബ്യൂറോയുടേയും ഭരണാധികാരി സൂപ്രണ്ടന്മാർ സ്കൂളുകൾ പരിശോധിക്കുകയും പാഠപുസ്തകങ്ങൾ രചിക്കുകയും ചെയ്യുന്നു. വിദ്യാൎത്ഥികളുടെ ആരോഗ്യപരിശീലനത്തിനും പരിശോധനക്കുമായി പ്രത്യേകം സൂപ്രണ്ടന്മാരെ നിയമിച്ചിരിക്കുന്നു. അവർതന്നെയാണു വിദ്യാലയശുചീകരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതും. വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ ഉൾപ്പെടുന്നതെങ്ങിനെയെന്നു് ഒരു പാർല്ലമെൻററി സിക്രട്ടറി സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം പുറമെ, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ സഹായിക്കുവാനായി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടങ്ങിയ അനേകം ഉപദേശകസമിതികൾ രാജ്യമൊട്ടാകെ നിയമിക്കപ്പെട്ടിട്ടുണ്ടു്.

എല്ലാ സൎവ്വകലാശാലകളുടേയും ഹയ്യർസ്കൂളുകളുടേയും വായനശാലകളുടേയുംമേൽ പരിശോധന നടത്തുന്നതു വിദ്യാഭ്യാസമന്ത്രിയാണു്. സൎക്കാർപള്ളിക്കൂടങ്ങൾ, പ്രൈവറ്റുവിദ്യാലയങ്ങൾ, കിൻറർഗാട്ടൻസ്കൂളുകൾ, വായനശാലകൾ ഇവയെ പരിശോധിച്ചു് അപ്പോഴപ്പോൾ വേണ്ട പരിഷ്കാരങ്ങൾ നിർദ്ദേശിക്കുവാൻ (Perfectual governors) പെർഫെക്ചൽ ഗവർണ്ണരന്മാർ എന്ന ഉദ്യോഗസ്ഥന്മാർ ചുമതലപ്പെട്ടിരിക്കുന്നു. മേയറന്മാർ, മുൻസിപ്പൽപ്രസിഡൻറന്മാർ, ഗ്രാമാധികാരികൾ മുതലായ അനുദ്യോഗസ്ഥന്മാൎക്കു് അവരവരുടെ അധികാരാതൃത്തിയിലുള്ള പള്ളിക്കൂടങ്ങൾ പരിശോധിക്കാം.

ഇപ്രകാരം ജപ്പാനിലെ വിദ്യാഭ്യാസം ഗവമ്മേണ്ടിനാൽ നിയന്ത്രിക്കപ്പെടുന്നുവെങ്കിലും, ഒട്ടും അപ്രധാനമല്ലാത്ത ചുമതല അനുദ്യോഗസ്ഥന്മാരും വഹിച്ചുവരുന്നു. ഗവമ്മേണ്ടുദ്യോഗസ്ഥന്മാരും പ്രാദേശികസ്വയംഭരണാധികാരികളും വിദ്യാഭ്യാസപ്രചരണത്തിൽ അന്യോന്യം ഹാൎദ്ദമായി സഹകരിക്കുന്നു ഭരണാധികാരികളുടേയും ഭരണീയരുടേയും വിഭിന്നസിദ്ധാന്തങ്ങളുടെ കോമളമായ സമ്മേളനമാണു നാം അവിടെ കാണുന്നതു്. അവർതമ്മിൽ ഒന്നിണങ്ങി, തോളോടുതോൾചേൎന്നു്, വിദ്യാഭ്യാസാഭിവൃദ്ധിക്കായി അശ്രാന്തപരിശ്രമം ചെയ്യുന്നതു് അനുകരണീയംതന്നെ.

കുട്ടികളുടെ പരിശീലനവും സ്വഭാവസംസ്കരണവും ബാല്യംമുതൽ തന്നെ മാതാക്കളാണു നിൎവ്വഹിക്കുന്നതു്.

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം?"

എന്ന മഹദ്വചനം അക്ഷരംപ്രതി അൎത്ഥവത്താണെന്ന് അവൎക്കറിയാം. അതിനാൽ ചില പ്രത്യേക പരിതസ്ഥിതികളിലല്ലാതെ, സന്താനങ്ങൾ മാതാക്കളെപിരിഞ്ഞു താമസിക്കാറില്ല. നഗരങ്ങളിലുള്ള തൊഴിൽശാലകളിലെ (കൂലിവേലക്കാരായ മാതാക്കളെ) വേർപിരിയാതെ നിവൃത്തിയില്ലാത്തതിനാൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രധാന നഗരങ്ങളിലെല്ലാം കിൻറർഗാട്ടൻസ്ക്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. ആ വിദ്യാലയങ്ങളിലെ പാഠപദ്ധതിയിൽ, വിനോദം, സംഗീതം, കഥാകഥനം കരനേത്രപരിശീലനം മുതലായവ ഉൾപ്പെടുന്നു. കിൻറർഗാർട്ടൻ മുറികൾക്കു കളിമുറികൾ എന്നാണു കുട്ടികൾ പേരിട്ടിരിക്കുന്നതു്. അവയിലെ അദ്ധ്യാപികമാരെ (Nurse—mothers) ധാത്രീമാതാക്കന്മാർ എന്നു വിളിക്കുന്നു. മൂന്നുവയസ്സു കഴിഞ്ഞാൽ കുട്ടികളെ കിൻറർഗാർട്ടൻസ്ക്കൂളുകളിലയക്കുന്നു. അവിടെ ആറുവയസ്സുവരെ കഴിച്ചുകൂട്ടിയതിനുശേഷം, അവർ ഏതെങ്കിലും പ്രൈമറിസ്ക്കൂളുകളിൽ ചെന്നുചേരുന്നു. സന്മാൎഗ്ഗസംബന്ധമായ പ്രാഥമികതത്വങ്ങൾ കഥാരൂപേണയാണ് ആ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതു്. തന്മൂലം ഉത്തമന്മാരും ഉത്തരവാദിത്വമുള്ളവരും ആയ സമുദായാംഗങ്ങളായി കുട്ടികൾ വളൎന്നുവരണമെന്നാണുദ്ദേശ്യം. അതിനാവശ്യമുള്ള സാമാന്യജ്ഞാനവും, ജീവിതവിജയത്തിനുതകുന്ന പ്രായോഗികപരിശീലനവും കുട്ടികൾക്കു സിദ്ധിക്കണമെന്നുള്ളതാണു ലക്ഷ്യം. "ശരീരമാദ്യം ഖലുധൎമ്മസാധനം" എന്നുള്ള പ്രമാണപ്രകാരം കുട്ടികളുടെ ആരോഗ്യരക്ഷാവിഷയത്തിലും വിദ്യാഭ്യാസാധികാരികൾ ഏററവും ശ്രദ്ധിക്കുന്നുണ്ടു്.

പ്രാഥമികപാഠശാലകളിൽ ആറും, ഹയ്യർഎലിമെൻറിസ്ക്കൂളുകളിൽ രണ്ടും, ഉൾപ്പടെ ആകെ എട്ടു കൊല്ലമാണു ജപ്പാനിലെ സാധാരണ വിദ്യാഭ്യാസകാലം. പ്രാഥമികവിദ്യാലയങ്ങളിൽ ആറുമുതൽ പന്ത്രണ്ടുവയസ്സുവരെ പ്രായമുള്ള ബാലികബാലന്മാർ ഒരുമിച്ചിരുന്നാണു പഠിക്കുന്നതു്. അങ്ങിനെ വേണമെന്നു നിർബന്ധമുണ്ടു്. സന്മാൎഗ്ഗപാഠങ്ങൾ, ജപ്പാൻഭാഷ, കണക്കു, ജപ്പാൻചരിത്രം, ഭൂമിശാസ്ത്രം, സയൻസ്, ഡ്രായിംഗ്, സംഗീതം, ഡ്രിൽ, തയ്യൽ, (പെൺകുട്ടികൾക്കുമാത്രം) എന്നീ വിഷയങ്ങളെല്ലാം അവിടെ പഠിക്കുന്നു. മാനസികസംസ്കരണത്തിനുതകുന്ന സന്മാൎഗ്ഗപരിശീലനത്തിനും, കായികപരിപോഷണത്തിനാവശ്യമായ വ്യായാമത്തിനും, ജപ്പാനിലെ വിദ്യാഭ്യാസപദ്ധതിയിൽ വളരെ പ്രാധാന്യം കല്പിച്ചിട്ടുണ്ടു്. വിദ്യാഭ്യാസസംബന്ധമായി ചക്രവൎത്തി പുറപ്പെടുവിച്ചിരിക്കുന്ന ഒരു വിളംബരം എല്ലാ വിദ്യാഭ്യാസസമ്മേളനങ്ങളിലും വായിക്കണമെന്നു

നിർബന്ധമുണ്ട്. അതിൻെറ പ്രതികഠം സകല വിദ്യാലയങ്ങളിലേക്കും അയച്ചുകൊടുക്കുന്നു. അവ വളരെ ഭദ്രമായിട്ടാണു സൂക്ഷിക്കപ്പെട്ടുന്നതു്. ആ വിളംബരത്തിൻെറ പരിഭാഷ താഴെ ചേക്കുന്നു.

വിളംബരം.

"നമ്മുടെ പ്രജകഠം അറിയേണ്ടതെന്തെന്നാൽ:—

ചക്രവത്തിമാരായിരുന്ന നമ്മുടെ പൂവ്വപിതാമഹന്മാർ വിശാലവും ശാശ്വതവുമായ അടിസ്ഥാനത്തിന്മേൽ നമ്മുടെ സാമ്രാജ്യസൌധം കെട്ടിപ്പൊക്കി. അത്യഗാധമായും സുദൃഢമായും സൽഗുണസമ്പത്തു് അതിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പ്രജകളുടെ രാജഭക്തിയും പിതൃഭക്തിയും ഒത്തൊരുമിച്ചു് അവയുടെ പരിമളം നാലുപാടും പരത്തിയിരിക്കുന്നു. ഇതാണു നമ്മുടെ സാമ്രാജ്യമഹത്വത്തിൻെറ അടിസ്ഥാനതത്വം. ഇതുതന്നേയാണു നമ്മുടെ വിദ്യാഭ്യാസത്തിൻെറ ഉല്പത്തിസ്ഥാനവും.

അല്ലയോ പ്രജകളെ,

നിങ്ങഠം മാതാപിതാക്കന്മാരോടു ഭയഭക്തിയും സഹോദരീസഹോദരന്മാരോടു സ്നേഹവാത്സല്യങ്ങളും ഉള്ളവരായിരിക്കുവിൻ. ഭായ്യാഭത്താക്കന്മാർ പരിശുദ്ധപ്രേമമാകുന്ന സുവണ്ണശൃംഖലയിൽ ബന്ധിതരായിരിക്കുവിൻ. സ്നേഹിതന്മാർ അന്യോന്യവിശ്വാസമുള്ളവരായിരിപ്പിൻ. നിങ്ങഠം അടക്കവും ഒതുക്കവും ഉള്ളവരായിരിപ്പിൻ. എല്ലാവക്കും നന്മചെയ്യുവിൻ. ജ്ഞാനം വദ്ധിപ്പിച്ചും, കലകഠം പരിശീലിച്ചും, ചിത്തസംസ്കാരവും സന്മാഗ്ഗാചരണതല്പരതയും നേടുവിൻ. പൊതുഗുണവും പൊതുതാല്പയ്യങ്ങളും പോഷിപ്പിച്ചു സംരക്ഷിക്കുവിൻ. നമ്മുടെ ഭരണഘടനയേയും രാജ്യനിയമങ്ങളേയും ബഹുമാനപൂവ്വം സമാദരിക്കുവിൻ. നമ്മുടെ ജന്മഭൂമിക്കു് ആവശ്യമെന്നുകണ്ടാൽ, ആ ദിവ്യജനനിയുടെ ബലിപീഠത്തിൽ സ്വജീവിതകുസുമങ്ങഠം അപ്പിക്കുവിൻ. ഭൂലോകസ്വഗ്ഗങ്ങളെ സമ്മേളിപ്പിക്കുന്ന രാജസിംഹാസനത്തെ, തന്മൂലം, കാത്തു സംരക്ഷിക്കുവിൻ. അതിൻെറ നിലനില്പിനും അഭിവൃദ്ധിക്കുമായി അശ്രാന്തം പരിശ്രമിക്കുവിൻ. അങ്ങിനെ, നിങ്ങളെല്ലാം സൽഗുണസമ്പന്നന്മാരും രാജഭക്തന്മാരുമായ പ്രജകളായി എന്നെന്നും പരിശോഭിക്കുവിൻ. നിങ്ങളുടെ പൂവ്വപിതാമഹന്മാരുടെ പാരമ്പയ്യഗുണവിശേഷങ്ങളെ പൂവ്വാധികം പരിപോഷിപ്പിക്കുവിൻ. നമ്മുടെ പ്രിയപിതാമഹന്മാരിൽനിന്നും പരമ്പരാഗതമായിട്ടുള്ളതാണു് ഇതിൽ നിദ്ദിഷ്ടമായ പദ്ധതി. അതിനാൽ, ആ പുണ്യശ്ലോകന്മാരുടെ അനന്തരപരമ്പരകളും പ്രജാലക്ഷങ്ങളും അതിനെ അക്ഷരംപ്രതി അനുഷ്ഠിക്കേണ്ടതാണു്. സ്ഥലകാലഭേദമെന്യേ, അതു പരമാത്ഥമാണു്. അതിനാൽ നമ്മുടെ അഭിമതം നിങ്ങളുടെ ഹൃദയാന്തഭാഗത്തു ഭക്തിപുരസ്സരം അതിനെ കാത്തു സൂക്ഷി

ക്കണമെന്നാണ്. അല്പദയാ പ്രജകളേ, നാമും നിങ്ങളും ഒത്തൊരുമിച്ച്, മുൻപ്രസ്താവിച്ച ഉൽകൃഷ്ടഗുണം സമ്പാദിക്കുമാറാകട്ടെ."

ഹയ്യർഎലിമെൻററിസ്കൂളുകളിൽ കരനേത്രപരിശീലനം, കൃഷി, വാണിജ്യം മുതലായ വിഷയങ്ങളാണ പ്രധാനമായി പഠിപ്പിക്കുന്നത്. പരിതസ്ഥിതികളനുസരിച്ച് ഇംഗ്ലീഷു തുടങ്ങിയ വിദേശീയഭാഷകളും അഭ്യസിപ്പിക്കുന്നതാണ്. ജപ്പാനിലെ സകല നഗരങ്ങളിലും, പട്ടണങ്ങളിലും, ഗ്രാമങ്ങളിലും പ്രാഥമികപാഠശാലകളും ഹയ്യർസ്കൂളുകളും ഉണ്ട്. *

## മാതൃഭൂമിയുടെ തൃപ്പാദങ്ങളിൽ.

(ഉള്ളൂർ.)

ഭഗവതി ഭാരതാംബ, അനന്തഗുണശാലിനിയും അപരിമേയപ്രഭാവയുമായ നിന്തിരുവടിക്ക് ഇതാ അടിയങ്ങളുടെ അനന്യശരണരായ മുപ്പത്താറുകോടിയിൽപരം സന്താനപരമാണുക്കളുടെ ഭക്തിപൂർണ്ണമായ അഞ്ജലിബന്ധം, പ്രശ്രയപൂതമായ പാദോപസംഗ്രഹം, സർവ്വാപരാധങ്ങൾക്കും പ്രായശ്ചിത്തമായ സാഷ്ടാംഗപ്രണാമം.

മാതാവേ! ലോകത്തിലൊരാദിത്യബിംബമുണ്ട്—അസ്തമനമറിയാത്തതു്—അവിടുത്തെ ബ്രഹ്മജ്ഞാനം; ഒരു പൂർണ്ണചന്ദ്രനുണ്ട്—അപരപക്ഷത്തിൽ ക്ഷയിക്കാത്തതു്—അവിടത്തെ സമഗ്രയശസ്സ്; ഒരു നക്ഷത്രവ്യൂഹമുണ്ട്—അരുണോദയത്തിൽ മങ്ങാത്തതു്—അവിടത്തെ അപദാനപരമ്പര! ആ ദിവ്യജ്യോതിസ്സുകളെ ഏതു കാർമേഘങ്ങൾക്കു മറയ്ക്കാം? ഏതു കാലതമസ്സിനു ഗ്രസിയ്ക്കാം? മഹാരാജ്ഞി! അവിടുത്തെ വിശദമായ കീർത്തിപുഞ്ജത്തെ ഗൌരീഗുരുവായ ഹിമവാൻ പർവ്വതം ഗഗനചുംബികളായ ശിഖരങ്ങളെക്കൊണ്ടു ദിവൌകസ്സുകളെ ഗ്രഹിപ്പിക്കുന്നു; ഗൌരീസപത്നിയായ ഗംഗ സമുദ്രഗാമിനികളായ ശാഖകളെക്കൊണ്ടു രസാതലവാസികളെ ധരിപ്പിക്കുന്നു. ഒന്ന് അവിടുത്തെ ശിരോഭൂഷണമായ വജ്റമകുടം; അഥവാ വിജയോഷ്ണീഷം; മറെറാന്നു വക്ഷോലങ്കാരമായ മുക്താഹാരം—അഥവാ കാരുണ്യപീയൂഷം.

അമ്മേ! അമ്മയുടെ പാദസേവയിൽ നിരന്തരാസക്തയായ കുമാരീഭഗവതിക്ക് ഇന്നും സപത്നീദ്യോതകമായ ദാമ്പത്യചിന്തയില്ല! ആ നിര

* ഇംഗ്ലീഷിൽ നിന്നു്.

തിശയപുണ്യയായ നിത്യകന്യക അടിയങ്ങൾക്ക മാതൃശുശ്രൂഷയിൽ ഒരാചായ്യയായി സമുല്ലസിക്കുന്നു. പാശ്ചഭാഗങ്ങളിൽ അമ്മയെ പരിചരിക്കുന്ന രത്നാകരവും മഹോദധിയും ശീകരശീതമായ സമീരചാമരംകൊണ്ടു് അമ്മയെ വീശുന്നു! തരങ്ഗപടഹമടിച്ചു് അമ്മയുടെ പ്രശസ്തി വിശാലമെങ്ങും പരത്തുന്നു.

ഹേ! ദിവ്യമംഗളവിഗ്രഹേ! അവിടുത്തെ തൃണങ്ങൾപോലും ഔഷധികൾ !പലപലങ്ങൾപോലും തീത്ഥങ്ങൾ! പാഷാണഖണ്ഡങ്ങൾപോലും സാളഗ്രാമങ്ങൾ! ഏതു കുഗ്രാമത്തിലും പുണ്യക്ഷേത്രം! ഏതു ഊടുവഴിയിലും ദേവയാത്ര! ഏതു വനാന്തരത്തിലും ഋഷ്യാശ്രമം!

അതേ! സുകൃതിനി അവിടുത്തെ അരണ്യപ്രദേശങ്ങൾ ഒരുകാലത്തു മദോന്മത്തനായ മനുഷ്യനു മൃഗങ്ങളെ വേട്ടയാടുന്നതിനുള്ള കശാപ്പുശാലകൾ മാത്രമായിരുന്നില്ല. അതിലുമെത്രയോ അധികം അവ പ്രപഞ്ചരഹസ്യമറിഞ്ഞ മഹർഷിമാക്കു ബ്രഹ്മസാക്ഷാൽക്കാരം നൽകുന്ന പാവനായതനങ്ങളായിരുന്നു. ആ ജിതേന്ദ്രിയക്കു ഫലമൂലങ്ങൾ ഭക്ഷണസാധനങ്ങൾ; വല്ക്കലം പീതാംബരം; പാറപ്പുറം പട്ടുമെത്ത; പണ്ണശാല പ്രാസാദം; നിഗ്രഹാനുഗ്രഹശക്തി അവരുടെ രസനാഗ്രങ്ങളിൽ നത്തനം ചെയ്തിരുന്നു. ദർഭപ്പുല്ലുകൊണ്ടു ചതുരംഗസേനകളെ അവർ നിഷ്പ്രയാസം ജയിച്ചിരുന്നു. സാവ്വഭൌമന്മാരുടെ രത്നകിരീടങ്ങൾ അവരുടെ ചരണരേണുക്കളാൽ അലംകൃതങ്ങളായിരുന്നു. കരസ്ഥങ്ങളായ അഷ്ടസിദ്ധികളെ അവർ കാഷ്ഠലോഷ്ടങ്ങൾപോലെ പരിത്യജിച്ചിരുന്നു. സകല ജീവജാലങ്ങളും അവരുടെ സന്നിധിയിൽ സൌഹാർദ്ദബദ്ധങ്ങളായി സമ്മേളിച്ചിരുന്നു. ഹാ! എന്തൊരത്യാശ്ചര്യം! നോക്കുക; അന്തമ്മുഖതയുടെ ജൈത്രയാത്ര; ആത്മാരാമതയുടെ ദിവ്യവൈഭവം! ആ ശാന്തിനികേതനങ്ങൾ—പ്രകൃതിയുടെ പ്രമദവനങ്ങൾ—അപവഗ്ഗദേവതയുടെ അന്തഃപുരങ്ങൾ—തന്നെയാകുന്നു അമ്മയുടെ മാഹാത്മ്യകേന്ദ്രങ്ങൾ.

ദേവി! രണ്ടു വാക്കുകൾ ലോകത്തെ ഭവതിയുടെ ആ അരിമസ്സന്താനങ്ങൾ—വിദേശിയർ കേവലം മൃഗജീവികയിൽ വത്തിച്ചിരുന്ന ഭൂമിയുടെ കൌമാരദശയിൽ പഠിപ്പിച്ചു. രണ്ടു മറക്കാൻ പാടില്ലാത്ത വാക്കുകൾ; രണ്ടു പുളകോൽപാതകങ്ങളായ വാക്കുകൾ; 'ധമ്മംചര' ധമ്മം ആചരിക്കുക! ധമ്മം എന്തൊരു വിശ്വവ്യാപകവും വിവത്തനാസഹവുമായ വാക്കാണു് അതു്! ഏതു ഗഹനമായ നീതിശാസ്ത്രരഹസ്യമാണു് ആ അക്ഷരദ്വയിയിൽ അടങ്ങാത്തതു്; അഹിംസ; സത്യം, ബ്രഹ്മചര്യം മുതലായ ശിഷ്ടാചാരങ്ങൾ ആ മന്ദാരമാലയിലെ മലരുകളല്ലാതെ മറെറന്താണു്!

അഹിംസ! നാമരൂപാദികളാൽ കല്പിതങ്ങളായ നാനാഭാവങ്ങളുടെ അടിയിൽ അനുസ്യൂതമായി സ്ഫുരിക്കുന്ന ഐക്യജ്യോതിസ്സിനെ ആ

സൂക്ഷ്മദൃക്കുകൾ ദർശിച്ചു. അസജ്ജഡദുഃഖാത്മകമായി തോന്നുന്ന ജഡത്തിനടിയിൽനിന്നു് അനാദ്യന്തമായി പരിലസിക്കുന്ന സച്ചിദാനന്ദസൌന്ദര്യത്തെ ആ യോഗിവര്യർ നിരീക്ഷിച്ചു. പരമാത്മാവിനെ സമസ്തജീവാത്മാക്കളിലും പരമാത്മാവിൽ സമസ്തജീവാത്മാക്കളേയും കാണുകയാൽ പരമാത്മജീവാത്മങ്ങൾക്കു തമ്മിലുള്ള പാരമാർത്ഥികമായ അഭിന്നത്വം അവർ വേണ്ടവിധത്തിൽ അവധാരണം ചെയ്തു. അതിന്റെ ഫലമായി ആ ദയാസമുദ്രങ്ങൾ തത്വമസ്യാദിമഹാവാക്യാമൃതങ്ങൾകൊണ്ടു സത്തുക്കൾക്കു സമ്മോദവും സൌഹിത്യവും നൽകി. യാതൊരുത്തനും ആത്മദ്രോഹിയാകുവാൻ മനസ്സില്ലെങ്കിൽ അന്യദ്രോഹിയാകുവാൻ നിവൃത്തിയില്ലെന്നത്രെ അവരുടെ ഉപദേശസാരം. വിദേശികളായ അതിഥികളെ അവർ അത്തരത്തിലുള്ള ജ്ഞാനോപചാരങ്ങളാൽ പൂജിച്ചു; വിദേശങ്ങളിൽ സഞ്ചരിച്ചു ആ തത്വരത്നങ്ങളെ നാലുപാടും വിതറി.

അർത്ഥസമ്പാദനമാകട്ടെ കാമോപഭോഗമാകട്ടെ നിഷിദ്ധമെന്നു ആ പുണ്യശ്ലോകർ ഒരിക്കലും സിദ്ധാന്തിച്ചില്ല; ബഹുഗോക്കൾക്കും ബഹുഹിരണ്യങ്ങൾക്കും മററും അവരെപ്പോലെ പ്രാർത്ഥിച്ചവർ മററാരുമില്ല. പക്ഷേ സർവ്വസാധാരണങ്ങളായ ആ രണ്ടു ജന്തുധർമ്മങ്ങൾ മാത്രമല്ല പുരുഷാർത്ഥങ്ങളെന്നു് അവർ ലോകത്തെ പഠിപ്പിച്ചു. കാലത്തിനു ഭൂതവർത്തമാനങ്ങൾക്കു പുറമെ ഭാവിയെന്നും ഒരു പിരിവുണ്ടെന്നും അതുകൊണ്ടു ഭാവിക്കു വിരോധം കൂടാതെയുള്ള വർത്തമാനഭുക്തിയാണു് ആശാസ്യമെന്നും അവർ അനുശാസിച്ചു. വിധിയുടെ നിർദ്ദേശത്തിനു കീഴടങ്ങി യൽഭവിഷ്യരായി, വിഗതചൈതന്യരായി, ജീവിച്ചുകൊള്ളണമെന്നും അവർ ആരേയും ഉപദേശിച്ചില്ല. പൌരുഷംകൊണ്ടു വിധിയെ ജയിക്കാമെന്നും അതാകുന്നു സംസാരസാഗരത്തിന്റെ തരണോപായമെന്നും കർമ്മപാശത്തെ ഛേദിക്കുന്നതിന്നുള്ള ഖഡ്ഗവല്ലി മനുഷ്യനു ബുദ്ധിരൂപത്തിൽ ജന്മസിദ്ധമാണെന്നും ഉള്ള വസ്തുതകൾ അവരെപ്പോലെ ഊന്നിയുറപ്പിച്ചു പറഞ്ഞവർ വേറെയാരുമില്ല. ഉത്സാഹത്തെ ഭഞ്ജിക്കുന്നതോ ഉൽഗതിയെ പ്രതിബന്ധിക്കുന്നതോ ആയ ഒരൊററ വാക്കുപോലും അവർ ഉച്ചരിച്ചിട്ടില്ല. അഖണ്ഡവും അദ്വയവുമായ ബ്രഹ്മജ്യോതിസ്സിൽനിന്നു കാലചക്രഭ്രമണത്തിൽ തെറിച്ചുപോയ സ്ഫുലിംഗങ്ങളാകുന്നു ജീവാത്മാക്കളെന്നും അവയുടെ ദൈനംദിനപ്രയാണം വീണ്ടും ആ ജ്യോതിസ്സിൽ ലയിക്കുന്നതാണെന്നും ഉപപാദിക്കുന്ന അവരുടെ സൂക്തികളിൽ വൈക്ലബ്യത്തിനും ദൌർമ്മനസ്യത്തിനും സ്ഥാനമെവിടെ? വിഷയലമ്പടർ വ്യസനിക്കാം; പഞ്ചപാപികൾ ഭയപ്പെടാം; അതിനെല്ലാം ആ സത്യവാക്കുകൾ എന്തുപിഴച്ചു?

അല്ലയോ പുത്രവത്സലേ! സർവ്വാംഗസുന്ദരിയായ രാജ്യലക്ഷ്മിയുടെ അഭിസരണോദ്യമത്തെ തിരസ്കരിച്ചു സകല ജീവരാശികളേയും ബാധി

കുന്ന ഭവരോഗത്തിന് ഒരു ദിവ്യൗഷധി സമ്പാദിക്കുവാൻ തദേകതാനനായി, ത്യക്തസർവ്വസ്വനായി, ചീരവാസസ്സായി, ജടാധാരിയായി അരണ്യജീവിതക്ലേശം സ്വയം വരിച്ച ആ ആശ്ചര്യചര്യൻ-അനന്തരസത്വൻ—ആരു്? ഭഗവാൻ സമന്തഭദ്രൻ താൻ കലിംഗദേശം ജയിച്ച രാത്രിയിൽ തനിക്കു ലഭിച്ച നിർവേദജനകമായ സമരാംഗണദർശനത്താൽ "ഇനി ഞാൻ സമസൃഷ്ടങ്ങളുടെ ശ്മശാനം നല്കുന്നതും സാധുക്കളുടെ ഹൃദയരക്തം കൂട്ടിക്കുഴച്ചതുമായ രാജ്യമാംസകബളം രാക്ഷസനെപ്പോലെ ഒരു കാലത്തും ഭുജിക്കുന്നതല്ല" എന്നു ശപഥം ചെയ്തു. ലോകത്തിൽ ധർമ്മപ്രവർത്തനത്തിനായി ആയുശ്ശേഷം നയിച്ച ആ ദീർഘദർശി—ദയാധനൻ ആരു്? ചക്രവർത്തി അശോകവർദ്ധനൻ. എങ്ങോ ഉള്ള ഒരു കുഗ്രാമത്തിലെ ഏതോ ഒരു സാധുകുടുംബത്തിൽ ജനിച്ചു ശൈശവത്തിൽ തന്നെ വിഗതപിതൃകനായിട്ടും പ്രതികൂലങ്ങളായ പരിതഃസ്ഥിതികളെ പാടെ അതിലംഘിച്ചു മുപ്പത്തിരണ്ടുവയസ്സിനകം സകല ശാസ്ത്രങ്ങളുടേയും മറുകര കണ്ടു്, ഹിമവൽപര്യന്തമുള്ള എല്ലാ പണ്ഡിതന്മാരേയും വാദത്തിൽ തോല്പിച്ചു, ദുരാചാരഭൂതങ്ങളെ ഉച്ചാടനം ചെയ്തു, ശാരീരക മീമാംസ മുതലായ വിവിധഗ്രന്ഥങ്ങൾക്കു ഭാഷ്യം നിർമ്മിച്ചു് അദ്വിതീയമായ അദ്വൈതമതത്തെ പ്രതിഷ്ഠാപനം ചെയ്തു സർവ്വജ്ഞപീഠാരൂഢനായി തന്റെ വിജയഘണ്ടയുടെ ഘണഘണസ്വനം ഇന്നും ദിക്കുകളിലും വിദിക്കുകളിലും മാറ്റൊലി കൊള്ളിക്കുന്ന ആ ജ്ഞാനഭാസ്കരൻ-യതിസാർവ്വഭൗമൻ-ആരു്? ഉണ്ണിനമ്പൂതിരിശങ്കരഭഗവൽപാദർമതമാണു്. മനുഷ്യന്റെ ഉററബന്ധുവെങ്കിലും മതങ്ങളാണു പരമശത്രുക്കളെന്നും പടക്കളത്തിലേക്കാൾ അധികം രക്തം ഭഗവൽസന്നിധാനത്തിൽ പ്രവഹിച്ചിട്ടുണ്ടെന്നുമുള്ള സൂക്ഷ്മതത്വം ശരിവരെ ഗ്രഹിച്ചു വിഭിന്നമതങ്ങളെ കൂട്ടിയിണക്കി വിഭിന്നവർഗ്ഗങ്ങൾക്കു് ഏകയോഗക്ഷേമമാർഗ്ഗം തെളിച്ചു എല്ലാ പന്ഥാക്കളും ഈശപ്രാപകങ്ങളെന്നും എല്ലാ പ്രദീപങ്ങളും ഈശപ്രകാശകങ്ങളെന്നുമുള്ള വസ്തുതകളെ അടിസ്ഥാനപ്പെടുത്തി ലോകത്തിൽ ഒരൊററമതം സ്ഥാപിച്ചു തദ്വാരാ മിഥ്യാജ്ഞാനവും മിഥോമത്സരവും നിറുത്തി വിവിധങ്ങളായ മനുഷ്യസമുദായങ്ങൾക്കു തമ്മിൽ വിശ്വാസവും സൗഹാർദവും വർദ്ധിപ്പിക്കുവാൻ തന്റെ സർവ്വശക്തികളും യാവൽജീവം പ്രയോഗിച്ച ആ സമരസാഭിജ്ഞൻ-സർവ്വജനബന്ധു-ആരു്? മഹമ്മദീയപാദുഷാ അക്ബർ. മാതാവേ! ഇവരും ഇവരെപ്പോലെയുള്ള ഇനിയും അനേകായിരം മഹാനുഭാവന്മാരും അവിടത്തെ വാത്സല്യഭാജനങ്ങളായ വരിഷ്ഠസന്താനങ്ങൾ അല്ലാതെ ആരു്?

അനശ്വരയശസ്വിനി! വെറുതെയല്ല പൗരാണികന്മാർ ദേവന്മാർപോലും പുണ്യക്ഷയത്തിൽ അവിടത്തെ സ്തനന്ധയന്മാരായിത്തീർന്നു പരമപദം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു പ്രവചിച്ചിട്ടുള്ളതു്. അവിടത്തെ

പുത്രനായി ജനിച്ച ഒരുവൻ സൽക്കർമ്മങ്ങളിൽ പരാങ്മുഖനാകുമെങ്കിൽ അവർ കൈയിൽ കിട്ടിയ അമൃതകലശം ത്യജിച്ച് ആത്മഹത്യയ്ക്കുള്ള വിഷക്കുപ്പിയായിരിക്കും അന്വേഷിക്കുന്നതെന്നും അവർ ലോകത്തെ ഉൽബോധിപ്പിച്ചിട്ടുണ്ട്. പരാപരജ്ഞന്മാരായ മഹർഷിമാർ പഠിപ്പിച്ചിട്ടുള്ള പരമതത്വങ്ങളുടെ അനുഷ്ഠാനംകൊണ്ടല്ലാതെ ഭൂമി ഒരിക്കലും സ്വർഗ്ഗമാകുന്നതല്ല. കാമക്രോധങ്ങൾകൊണ്ടോ, ലോഭമോഹങ്ങൾകൊണ്ടോ, മദമാത്സര്യങ്ങൾകൊണ്ടോ മനുഷ്യൻ ഒരുകാലത്തും സ്വസ്ഥനാകുന്നതുമല്ല. അമ്മേ! അടിയങ്ങൾ അറിയും അലക്സാണ്ടർ, നെപ്പോളിയൻ മുതലായ വിശ്വവീരന്മാരേയും അവരുടെ വിക്രിയകളേയും. ഒട്ടേറെ ഭാര്യമാരെ സമുദ്രരാജാവിനും ഒട്ടേറെ ഭർത്താക്കന്മാരെ അപ്സരസ്ത്രീകൾക്കും ബാഷ്പധാരയെ സാധുക്കൾക്കും പാപഭാണ്ഡത്തെ തങ്ങൾക്കും സംഭാവന ചെയ്തതിനു പുറമെ അവർ ജീവിതംകൊണ്ട് എന്തു സാധിച്ചു? അക്രൂരരോ മഹാന്മാർ? ആ ദരിദ്രശിരോമണികളുടെ ദുഷ്പൂരമായ ഉദരമോ രക്തപങ്കിലമായ ബാഹുവോ ഭ്രുകുടിഭീമമായ മുഖമോ ഏതാണു പ്രശംസാർഹം? അടിയങ്ങളറിയും നവീന പരിഷ്കാരത്തിന്റെ ഗതിവിഗതികളേയും അതു ലോകത്തിനു വരുത്തിവയ്ക്കുന്ന ആപത്തുകളേയും. എന്താണ് ഈയുള്ളവർ ഇന്നു ചുററുപാടും കാണുന്നത്? ഫ്രാൻസും ജർമ്മനിയും തമ്മിൽ? ജർമ്മനിയും റഷ്യയും തമ്മിൽ? റഷ്യയും ജപ്പാനും തമ്മിൽ? ജപ്പാനും അമേരിക്കയും തമ്മിൽ? സർവ്വത്ര അഹിനകുലം—കാകോലൂകം—ശാശ്വതികവിരോധം—മേഷയുദ്ധസന്നാഹം. ബയണററുകളിലും പീരങ്കികളിലും ആണത്രെ പാശ്ചാത്യർ അവരുടെ സമാധാനം സ്ഥാപിക്കുവാൻ പോകുന്നത്. ആ പുതിയ സമാധാനദേവതയെ ഉപാസിക്കുവാൻ ഒട്ടധികം വന്ധ്യാപുത്രർ മൃഗതൃഷ്ണാജലത്തിൽ സ്നാനംചെയ്തു ആകാശപുഷ്പോപഹാരത്തോടുകൂടി ഗന്ധർവ്വനഗരത്തിൽ കാത്തിരിക്കുന്നു! ഹാ കഷ്ടം!! ഭൗതികശാസ്ത്രങ്ങളുടെ അഭിവൃദ്ധിക്കു താൻ ഹേതുഭൂതമാണെന്നുള്ള മദത്തോടുകൂടി തന്റെ പൂർവ്വഗാമികളെ ആയുരന്തത്തിൽ അഭിമുഖീകരിച്ച അവരുടെ പത്തൊമ്പതാംനൂററാണ്ടു ലോകത്തിൽ സമാധാനസ്ഥാപനത്തിനു താൻ എന്തു ചെയ്തുവെന്ന് അവരുടെ ചോദ്യത്തിന് ഉത്തരം പറവാൻ നിവൃത്തിയില്ലാതെ ലജ്ജാവനമ്രമായി നിലകൊണ്ടു; ഇരുപതാം നൂററാണ്ടിന്റെ കൗമാരദശയിലെ മഹായുദ്ധം താൻ നാട്ടിയ കമ്പക്കെട്ടിന്റെ പൊട്ടലാണെന്നു കണ്ടു വയററിൽ കൈതിരുമ്മി വാവിട്ടു മുറയിട്ടു. പിന്നെയും ശാന്തിദേവിക്കു ബയണററുകൾ പീഠങ്ങൾ! പീരങ്കികൾ തല്പങ്ങൾ!!

മഹാഭാഗേ! ഭഗവതിക്കെന്താണീവിഷാദദ്യോതകമായ മന്ദഹാസം? ശരി! ഞങ്ങൾക്കു മനസ്സിലായി! പൂർവ്വന്മാരായ പുണ്യപുരുഷന്മാരുടെ നാമഗ്രഹണത്തിനു ഞങ്ങൾ ഒരു പ്രകാരത്തിലും അർഹരല്ല; അവരുടെ അ

നുശാസനത്തിനു വിപരീതമായി സനാതനസംസ്കാരത്തിന്റെ പ്രജാതന്തുവിനെ ഞങ്ങൾ ശതധാ വ്യവച്ഛേദിച്ചുകഴിഞ്ഞു. ആ അക്ലിഷ്ടകർമ്മാക്കളുടെ കാലത്തു അമ്മ എല്ലാവിധത്തിലും സ്വതന്ത്രയായിരുന്നു; സമസ്തൈശ്വര്യങ്ങൾക്കും അമ്മ അന്നു സൗവർണ്ണഭണ്ഡാരമായിരുന്നു. ആധമർണ്യദുഃഖം എന്നൊന്നു് അമ്മ അന്നു് അറിഞ്ഞിരുന്നതേയില്ല. ആ ഉദാരചരിതന്മാരുടെ—ഉദാത്തപൗരുഷന്മാരുടെ—അനന്തരഗാമികൾ പോലും ഞങ്ങൾ! അവരുടെ പ്രകൃഷ്ടചിന്തയുടെ സുന്ദരസ്വരൂപം കാണ്മാൻ ഞങ്ങൾക്കു കണ്ണില്ല; അവരുടെ പ്രേമവിപഞ്ചിയുടെ മധുരനിക്വണം കേൾക്കുവാൻ ഞങ്ങൾക്കു ചെവിയില്ല. അവർ ത്രികാലജ്ഞാനികൾ—ഞങ്ങൾ പണ്ഡിതമ്മന്യർ; അവർ ജീവന്മുക്തർ—ഞങ്ങൾ ഉദരംഭരികൾ; അവർ സനതോത്ഥായികൾ—ഞങ്ങൾ ഖട്വാരൂഢർ; അവർ സമരവിജയികൾ—ഞങ്ങൾ ഗേഹേശൂരർ; അവർ പഠിച്ചതു് ഐക്യം—ഞങ്ങൾ പഠിച്ചതു് പാർത്ഥക്യം? ഞങ്ങൾ ഉരുവിടുന്നുണ്ടു്. ബ്രാഹ്മണാബ്രാഹ്മണർ, സവർണ്ണാവർണ്ണർ, ഹിന്ദുമുസ്ലീമീങ്ങൾ ഇങ്ങനെ മനുഷ്യനെ മനുഷ്യനിൽനിന്നു അകററിനിറുത്തുവാനുതകുന്ന ചില അനർത്ഥപൂർണ്ണങ്ങളായ വാക്കുകൾ. ഒരു വാക്കുണ്ടു്—ഒരു ശ്രുതിമധുരമായ വാക്കു്—ഭാരതീയൻ; അതു ഞങ്ങൾ കേട്ടിട്ടില്ല; കേട്ടാലതിന്റെ അർത്ഥമെന്തെന്നു ഞങ്ങൾക്കു് അറിഞ്ഞുകൂട. പ്രാക്തനസൂക്തികളിലെ ഭാഷ ഞങ്ങൾക്കു പരിചിതമല്ല; ആ ദിവ്യതീർത്ഥങ്ങളിലല്ല ഞങ്ങളുടെ നിത്യനൈമിത്തികസ്നാനം. ഇടക്കാലത്തു ജീവിച്ചിരുന്ന ചില പരിമിതബുദ്ധികളുടെ ക്ഷുദ്രവ്യാഖ്യാനങ്ങളുണ്ടു്; ആ അല്പസരസ്സുകളിലും ഞങ്ങൾക്കു് അവഗാഹമില്ല. അനാചാരപങ്കത്തിൽ ഞങ്ങളുടെ ശരീരം ആകണ്ഠം പുതഞ്ഞുപോയിരിക്കുന്നു; തങ്ങളുടെ അനവദ്യങ്ങളായ കർമ്മങ്ങളെ മാത്രം അനന്തരകാലികന്മാർ അനുസരിക്കണമെന്നുള്ള ആക്രാന്തദർശികളുടെ സദുപദേശം ഞങ്ങൾ മറന്നിട്ടു ശതവർഷങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. വെളിയിൽ ഞങ്ങൾക്കു സ്വാതന്ത്ര്യം വേണം—വീട്ടിൽ ഞങ്ങൾ പാരതന്ത്ര്യം പുലർത്തും; വിദേശികൾ ഞങ്ങൾക്കു സമത്വം സമ്മാനിക്കണം—സ്വദേശികളുടെ മേൽ ഞങ്ങൾ അസമത്വം നിലനിറുത്തും; അണുജീവിയെ സ്നേഹിച്ചാലും സ്നേഹിക്കും—അധഃസ്ഥിതനെ ദ്രോഹിക്കും; ആരാന്റെ കാൽ പിടിച്ചാലും പിടിക്കും—അയൽവക്കക്കാരനെ കുഴിയിൽ വീഴ്ത്തും; മഹാഭാരം കെട്ടി കഴുത്തിലിട്ടുംകൊണ്ടു മല കയറാൻ നോക്കും—ഒററക്കാൽ അടുക്കളയിൽ നിന്നും എടുക്കാതെ മറേറക്കാൽകൊണ്ടു ഭൂപ്രദക്ഷിണത്തിനു് ഒരുങ്ങും. മററാരുമല്ലമ്മേ ഇക്കാര്യത്തിൽ പിഴച്ചതു്; മക്കൾതന്നെ. ഞങ്ങൾ വിതച്ച വിത്തു ഞങ്ങൾ കൊയ്യുന്നു. ഞങ്ങൾ ആവാഹിച്ച ആഭിചാരദേവത ഞങ്ങളെ കടിച്ചുതിന്നുന്നു.

അല്ലയോ വിശ്വപാവിനി! ഭവതിയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുവാൻ അകിഞ്ചനരായ അടിയങ്ങൾക്കു വേറെ പൂജാദ്രവ്യമില്ല. ഭക്തി സുരഭിലങ്ങളും പശ്ചാത്താപാർദ്രങ്ങളുമായ ഹൃദയകുസുമങ്ങൾ. മാത്ര അവയെക്കൊണ്ട് അടിയങ്ങൾ വരദയും വദാന്യയുമായ ഭവതിയെ അർച്ചിക്കുന്നു. ദേവി! ഈ വിനീതോപഹാരം സ്വീകരിച്ച് അടിയങ്ങളെ അനുഗ്രഹിക്കുക! പൂർവ്വപുരുഷന്മാർ അടിയങ്ങൾക്കു നൽകീട്ടുള്ള ജ്ഞാനദീപം ഇനിയും പൊലിഞ്ഞിട്ടില്ല; അതിനെ ലോകമെങ്ങും പ്രകാശിപ്പിക്കുവാനുള്ള സ്നേഹം അടിയങ്ങളിൽ സംജാതമാകട്ടെ. ഇനി മേലാൽ ഒരു മന്ത്രം മാത്രമെ ഈയുള്ളവർ ഉച്ചരിക്കാവൂ—മാതൃനാമം; ഒരു പ്രവൃത്തി മാത്രമെ ഈയുള്ളവർ അനുഷ്ഠിക്കാവൂ—മാതൃസേവനം! ഭഗവതി, ഭാരതാംബ! ഇന്നു കേവലം ഭ്രാതൃഘാതകരായി കഴിയുന്ന അടിയങ്ങളെ നിന്തിരുവടിയുടെ പാദസേവകരായി പരിവർത്തനം ചെയ്യിക്കുക. അമ്മയുടെ ഈ അധഃപതനം അടിങ്ങൾക്കു സഹിക്കുന്നില്ല. മാതൃപരമാകട്ടെ, ഇനി അടിയങ്ങളുടെ ചിന്ത; മാതൃവരിവസ്യയിലാകട്ടെ അടിയങ്ങളുടെ മത്സരം. എഴുപത്തിരണ്ടു കോടിയിൽപരം കൈകൾക്കു സ്വരാജ്യത്തെ സ്വാരാജ്യമായി മാററി തദ്വാരാ ലോകത്തിനു ശാശ്വതമായ ശാന്തിയും സന്തുഷ്ടിയും നൽകുവാൻ സാധിക്കുകയില്ലെങ്കിൽ അവർ ശരീരഭാരങ്ങളായി എന്തിന് എത്രകാലത്തേക്ക് ഇരിക്കണം? ഒരു കാര്യം നിശ്ചയമാണ്. മാതാവ് ഉയരാതെ മർത്ത്യലോകത്തിന് ഉയർച്ചയില്ല. ഭൌതികസംസ്കാരത്തിന്റെ ഭയങ്കരമായ സമരദുന്ദുഭി -ഭാരതഖണ്ഡത്തിന്റെ പരമപാവനമായ-സാമഗാനത്തിന്റെ സന്നിധാനത്തിൽ ശബ്ദിക്കുകയില്ല. ഭവതിയെപ്പററി ഭക്തി വിശ്വാസങ്ങളൊ, സ്നേഹബഹുമാനങ്ങളൊ, അടിയങ്ങൾക്കുണ്ടെങ്കിൽ, സത്യാന്നപ്രമദിതവ്യം; ധർമ്മാന്നപ്രമദിതവ്യം; കുശലാന്നപ്രമദിതവ്യം; ഭൂത്യൈനപ്രമദിതവ്യം; എന്ന ഔപനിഷദമായ അനുശാസനം അടിയങ്ങൾ ഇന്നും ഉച്ചൈസ്തരാം ഉൽഘോഷിക്കും. അടിയങ്ങളുടെ ഹൃദയഗഹ്വരങ്ങളിൽ നിന്നാണ് ആ വാക്കുകൾ ഉൽഗമിക്കുന്നതെങ്കിൽ അവയെ ആർത്തവും ആകുലവും ആയ ലോകം കേട്ടു ആനന്ദപുളകം അണിയും. ഏകനീഡമാകും ഈ ഊഴി; വസുധൈവ കുടുംബകം എന്ന വാക്യം പ്രവൃത്തി രൂപത്തിൽ പ്രകാശിക്കും.

ഇക്കാര്യത്തിൽ ബദ്ധപരികരരാകുവാൻ ഉറയ്ക്കുന്ന അടിയങ്ങളെ വിജയലക്ഷ്മി കടാക്ഷിക്കുമാറാകട്ടെ!.

നമസ്തേ കർമ്മഭൂമി!
നമസ്തേ പുണ്യഭൂമി!; *

* മാതൃഭൂമി വിശേഷാൽ പ്രതിയിൽനിന്നും

# മോഗാവിദ്യാലയം.

(മാത്യു എം. കുഴിവേലി.)

ഇദാനീന്തനകാലത്തു വിദ്യാഭ്യാസശാസ്ത്രത്തിലും പ്രബോധനരീതികളിലും ഗണ്യമായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടല്ലൊ. മോണ്ടിസ്സോറി, ഡാൾട്ടൻ, പ്രോജക്റ്റ്, ആദിയായ രീതികൾ ആധുനികകാലത്തു് ഉണ്ടായിട്ടുള്ള നവീനരീതികളാണ്. എന്നാൽ ഇവയെല്ലാം പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായങ്ങൾക്കു പ്രത്യേകം യോജിച്ചവയാകയാൽ, ഈ രീതികളെ നമ്മുടെ രാജ്യങ്ങളിൽ പ്രയോഗിക്കുക സുഗമമല്ല. ഇൻഡ്യയിലെ ഇക്കാലത്തെ വിദ്യാഭ്യാസാദർശങ്ങൾക്ക് അനുയോജ്യമായും, ഇവിടത്തെ പരിതസ്ഥിതികൾക്കു യോജിച്ച തരത്തിലും ഉള്ള ഒരു ഭാരതീയവിദ്യാഭ്യാസരീതി കണ്ടുപിടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ചെയ്ത പരിശ്രമങ്ങളുടെ ഫലമാണു മോഗാരീതിയെന്നറിയപ്പെടുന്ന വിദ്യാഭ്യാസസമ്പ്രദായം. പഞ്ചാബിൽ മോഗാ എന്ന സ്ഥലത്തു് അമേരിക്കൻ മിഷ്യനറിമാർ സ്ഥാപിച്ചു നടത്തിവരുന്ന വിദ്യാലയത്തിൽ മാതൃകാപരമായി പ്രയോഗിച്ചുവരുന്ന രീതിയാണു മോഗാരീതി. മോഗാവിദ്യാലയത്തെ സംബന്ധിച്ചും, അവിടത്തെ പാഠപരിപാടികളെക്കുറിച്ചും സാമാന്യമായി വിവരിക്കണമെന്നെ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ.

## സ്ഥാപനം.

1919—ൽ ഇൻഡ്യയിലെ അമേരിക്കൻ പ്രസ്സ്ബിറ്റീരിയൻ മിഷ്യനറിമാർ ഒരു കോൺഫറൻസ് കൂടി ക്രിസ്തുമത പ്രചരണസംബന്ധമായ പലകാര്യങ്ങളെപ്പററിയും ആലോചിച്ചു. അക്കൂട്ടത്തിൽ ഭാരതീയരുടെ ശോച്യമായ വിദ്യാഭ്യാസനിലയേയും, സാമ്പത്തികദുരവസ്ഥയേയും പററി അവഗാഢമായി ചിന്തിക്കുന്നതിനിടയായി. ഇൻഡ്യാക്കാർ അധികവും ഗ്രാമനിവാസികളും, കൃഷീവലന്മാരും ആയിരിക്കുന്നതിനാൽ അവരുടെ അഭിവൃദ്ധിയെ പ്രത്യേകലാക്കാക്കിയുള്ള ഏതെങ്കിലും ഒരു വിദ്യാഭ്യാസപദ്ധതി അപരിത്യാജ്യമാണെന്നു നിശ്ചയിക്കുകയും, അതിനായി ഒരു വിദ്യാഭ്യാസകമ്മിററിയെ രൂപവൽക്കരിക്കയും ചെയ്തു. പ്രസ്തുത കമ്മിററി 'ഇൻഡ്യയിലെ ഗ്രാമീണവിദ്യാഭ്യാസം' എന്ന അഭിധാനത്തിൽ ഒരു റിപ്പോർട്ടു സമർപ്പിച്ചു. ഈ റിപ്പോർട്ടിൽ ഭാരതീയവിദ്യാഭ്യാസാവശ്യങ്ങളെ പ്രത്യേകം ചൂണ്ടിക്കാണിക്കുകയും തൊഴിൽപരമായ പാഠശാലകൾ സ്ഥാപിക്കേണ്ടതു് ഇക്കാലസ്ഥിതിക്ക് അനിഷേധ്യമാണെന്നു സമർത്ഥിക്കുകയും ചെയ്തിരുന്നു. മുൻപ്രസ്താവിച്ച കമ്മിററിനിർദ്ദേശങ്ങളുടെ ഫലമായി പരീക്ഷണാർത്ഥം സമാരംഭിച്ച സ്ഥാപനമാണു മോഗാവിദ്യാലയം.

## പ്രിൻസിപ്പാളന്മാർ.

ഇതേവരെ മോഗാവിദ്യാലയഭരണം നടത്തിയിരുന്ന പ്രഥമാദ്ധ്യാപകന്മാർ എല്ലാവരും സുപ്രസിദ്ധന്മാരായ വിദ്യാഭ്യാസപ്രവീണന്മാരാണ്. മോഗായുടെ യഥാർത്ഥസ്ഥാപകനും പ്രഥമ പ്രിൻസിപ്പാളും ആയിരുന്ന മിസ്റ്റർ കാട്ടർ ഇൻഡ്യയിൽ അസാമാന്യപ്രശസ്തി സമ്പാദിച്ചിട്ടുള്ള ഒരു വിദ്യാഭ്യാസപ്രവർത്തകനാണ്. മോഗായിലെ രണ്ടാമത്തെ പ്രിൻസിപ്പാൾ ഡോക്ടർ മാക്കി എന്ന ദേഹം "ഇൻഡ്യയിലെ ഗ്രാമീണപാഠശാലകൾക്ക് അനുയോജ്യമായ ഒരു പ്രോജക്റ്റ്പദ്ധതി" എന്ന ഒരു ഗ്രന്ഥത്തിൻെറ കർത്താവാണ്. അഗാധപണ്ഡിതനും, വിദ്യാഭ്യാസസംബന്ധമായ നിരീക്ഷണങ്ങളിൽ പ്രവീണനും, പ്രോജക്റ്റ്രീതി എന്ന വിദ്യാഭ്യാസഗ്രന്ഥത്തിൻെറ രചയിതാവും ആയ ഡോക്ടർ ഹാർപ്പർ എന്ന മഹാനാണു മോഗായിലെ ഇപ്പോഴത്തെ പ്രിൻസിപ്പാൾ. ഇദ്ദേഹത്തിൻെറ നിസ്തന്ദ്രപരിശ്രമഫലമായി മോഗാരീതിക്ക് ഇൻഡ്യയിൽ ഇക്കാലത്ത് വളരെയധികം പ്രശസ്തിയും പ്രചാരവും ലഭിച്ചിട്ടുണ്ട്.

## വിദ്യാലയം.

മോഗാ പ്രഥമവും പ്രധാനവും ആയ ഒരു ശിക്ഷാക്രമപാഠശാലയാണ്. എങ്കിലും അതിനോടനുബന്ധിച്ചു നടത്തുന്ന എട്ടുക്ലാസ്സുള്ള മോഡൽസ്കൂൾ ഇൻഡ്യയിലെ വെർണാകുലർസ്കൂളുകൾക്ക് ഉത്തമമാതൃകയായി പരിലസിക്കുന്നു. അധഃപ്പതിച്ചുകിടക്കുന്ന ഇൻഡ്യൻ ഗ്രാമീണജീവിതത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി പ്രായോഗികവും, ഫലപ്രദവും, സുഗമവും ആയ ഒരു വിദ്യാഭ്യാസരീതിയെ ഇൻഡ്യയ്ക്കു പ്രദാനം ചെയ്യണമെന്നുള്ളതാണു മോഗാവിദ്യാലയത്തിൻെറ പ്രധാന ഉദ്ദേശം.

## പരിസരങ്ങൾ.

ഏകദേശം 55 ഏക്കറോളം വിസ്താരം വരുന്ന വിശാലമായ പരിസരങ്ങളിലാണു വിദ്യാലയം സ്ഥാപിച്ചിരിക്കുന്നത്. ഇതിൽ 45 ഏക്കറോളം സ്ഥലം വിദ്യാർത്ഥികളുടെ കൃഷിത്തോട്ടങ്ങൾക്കായി വിനിയോഗിക്കുന്നു. കൃഷിയെ പ്രത്യേകം ലാക്കാക്കി നാലഞ്ചു കിണറുകളും, കന്നുകാലിത്തൊഴുത്തുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രധാനമായ സ്കൂൾകെട്ടിടം കൂടാതെ പ്രിൻസിപ്പാളിൻെറ ബംഗ്ലാവ്, അദ്ധ്യാപകന്മാരുടെ വസതികൾ, വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ, എന്നിങ്ങനെ പല കെട്ടിടങ്ങളും വിദ്യാലയത്തിനു സമീപം സ്ഥിതിചെയ്യുന്നു. മോഗായിൽ അദ്ധ്യയനം നടത്തുന്ന സകല വിദ്യാർത്ഥികളും സ്കൂളിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിൽ താമസിക്ക

ണമെന്ന നിർബന്ധമുണ്ട്. ഭാരതീയാദർശങ്ങൾക്ക് അനുസൃതമായ രീതിയിലുള്ള ഒരു റെസിഡൻഷ്യൽസ്കൂളാണു മോഗാ. ഇവിടത്തെ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും അധികവും ക്രസ്ത്യാനികൾതന്നെയാണു.

വിദ്യാർത്ഥികൾ.

മോഗായിൽ ആകപ്പാടെ 150 വിദ്യാർത്ഥികളേയുള്ളു. ഇതിൽ 25 പേർ ശിക്ഷാക്രമക്ലാസ്സിൽ പഠിക്കുന്ന അദ്ധ്യാപകവിദ്യാർത്ഥികളും ബാക്കി 125 പേർ മോഡൽസ്കൂളിലെ വിദ്യാർത്ഥികളുമാണ്. മോഗായിലെ വിദ്യാർത്ഥികൾ തീരെ നിർധനരും മാതാപിതാക്കന്മാരിൽനിന്നു പഠിത്തച്ചിലവുകൾക്കു നാലുകാശുപോലും ലഭിക്കാത്തവരുമാകുന്നു. അവരുടെ ക്ലാസ്സ ഫീസ്സും മററു സകലച്ചിലവുകളും അവർതന്നെ വിദ്യാഭ്യാസകാലത്തു സംപാദിക്കുന്ന പണം കൊണ്ടാണു നിർവ്വഹിക്കുന്നതു്.

പ്രവേശനയോഗ്യതകൾ

മോഗാവിദ്യാഭ്യാസരീതി ഇൻഡ്യയിൽ പുനരുദ്ധാരണത്തെ പ്രത്യേകം ലാക്കാക്കിയുള്ള ഒന്നായതുകൊണ്ടും, മോഗാരീതികൾ ഇൻഡ്യൻ വിദ്യാഭ്യാസത്തിനു മാതൃകായോഗ്യമായിത്തീരണമെന്നു പ്രവർത്തകന്മാർക്കു ഉദ്ദേശ്യമുള്ളതുകൊണ്ടും, അവിടെ പ്രവേശനത്തിനു തിരിഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കു ചില യോഗ്യതകൾ ഉണ്ടായിരിക്കണമെന്നു നിർബന്ധമുണ്ട്. സ്വഭാവവൈശിഷ്ട്യം, ബുദ്ധിശക്തി, ആരോഗ്യം, വ്യക്തിമാഹാത്മ്യം ആദിയായ യോഗ്യതകളുള്ളവരെ മാത്രമെ അവിടെ ചേർക്കയുള്ളു,

അഭ്യസനപരിപാടികൾ.

അരോഗദൃഢഗാത്രന്മാരും പ്രസന്നവദനരും ആയ അവിടത്തെ വിദ്യാർത്ഥികൾ നേരം പ്രഭാതമായാലുടനെ സ്കൂൾ പരിസരങ്ങളിലുള്ള കൃഷിസ്ഥലങ്ങളിൽ ഒരോരോ ജോലികളിൽ ഏപ്പെടുന്നു. വെട്ടുക, കിളയ്ക്കുക, പുല്ലുപറിക്കുക എന്നിങ്ങനെയുള്ള ഏതുജോലിയും അവർക്കു സന്തോഷപ്രദമാണ്. തങ്ങൾക്കാവശ്യമുള്ള ഏതുജോലിയും ചെയ്യുന്നതു് ഒരു അഭിമാനമായിഗണിക്കുന്ന അവിടത്തെ വിദ്യാർത്ഥികൾ വേലയുടെ മാഹാത്മ്യം നല്ലവണ്ണം മനസ്സിലാക്കുന്നുണ്ട്. മിഡിൽസ്കൂളിലെ ഓരോവിദ്യാർത്ഥിക്കും 35 x 35 അടിവിസ്താരത്തിൽ പ്രത്യേകം തോട്ടങ്ങളും പ്രൈമറിവിഭാഗത്തിലെ ഓരോ ക്ലാസ്സിനും പ്രത്യേകം തോട്ടങ്ങളും ഉണ്ട്. വിദ്യാർത്ഥികളുടെ കൃഷിപ്പണികൾ ക്ലാസ്സിലെ പാഠങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. കൃഷിയാവശ്യങ്ങൾക്കുള്ള വിത്തുകൾ, വളങ്ങൾ, കൃഷിയായുധങ്ങൾ, മുതലായ സാധനങ്ങൾ വാ

ക്കുന്നതു് അദ്ധ്യാപകന്മാരുടെ നിർദ്ദേശാനുസരണം വിദ്യാർത്ഥികൾതന്നെയാണു്.

പ്രാഥമികക്ലാസ്സുകളിൽ പ്രകൃതിപാഠം ഉദ്യാനപരിപാലനത്തോടു ഘടിപ്പിച്ചിരിക്കുന്നു. മിഡിൽക്ലാസ്സുകളിൽ പ്രകൃതിപാഠം, കൃഷിശാസ്ത്രം, കണക്കു്, ഭൂമിശാസ്ത്രം ഇവയോടു സംയോജിപ്പിച്ചിരിക്കുന്നു. കൃഷിചെയ്തുണ്ടാകുന്ന വിളവുകൾ വിദ്യാർത്ഥികൾതന്നെ വില്ക്കുകയും അതിൽനിന്നു ലഭിക്കുന്ന പണം കൃഷിച്ചിലവുകൾ, ഭക്ഷണച്ചിലവുകൾ; ഫീസ്സ്, എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കു വിനിയോഗിക്കുകയും ചെയ്യുന്നു.

## ഫീസ്സ്.

സൌജന്യവിദ്യാഭ്യാസം ഒരു ക്ലാസ്സിലും നൾകുന്നില്ല. പ്രാഥമികക്ലാസ്സുകളിലെ ഫീസ്സുതന്നെ നമ്മുടെ ഏതാതനുസരിച്ചു വളരെ അധികമാണു്. മോഗാവിദ്യാശാലയിൽ ഒന്നാംക്ലാസ്സിൽ ഒരു രൂപയും രണ്ടാംക്ലാസ്സിൽ ഒരു രൂപാ നാലണയും, മൂന്നാംക്ലാസ്സിൽ ഒന്നര രൂപയും, നാലാംക്ലാസ്സിൽ മൂന്നുരൂപയും ആണു് ഒരോ മാസത്തേയും ഫീസ്സ്. മിഡിൽക്ലാസ്സുകളിൽ 6 രൂപാമുതൽ 8 രൂപാവരെ ഫീസ്സുണ്ടു്. ഈ തരത്തിലുള്ള ഫീസ്സും മററു ചെലവുകളും കഴിഞ്ഞാലും ഓരോകുട്ടിക്കും അല്പമായ സമ്പാദ്യവും ഉണ്ടായിരിക്കും. 1926-ലെ കണക്കനുസരിച്ചു് അക്കൊല്ലത്തെ വിദ്യാർത്ഥികളുടെ ആകെ വരവു് 5940 രൂപയും ആകെ ചെലവു് 4363 രൂപയും ശരാശരി ഒരു കുട്ടിയുടെ സമ്പാദ്യം ഏകദേശം 10 രൂപ 8 അണയും ആയിരുന്നു.

## മോഗായിലെ പ്രോജക്ററുകൾ.

പ്രോജക്ററുരീതിയാണു മോഗാവിദ്യാലയത്തിൽ അനുവർത്തിച്ചു പോരുന്ന പ്രധാനരീതി. വിദ്യാഭ്യാസം പ്രായോഗികവും ഫലപ്രദവുമാകുന്നതിനു് ഈ രീതി പ്രത്യേകം ഉപകരിക്കുമെന്നാണു വിദ്യാലയപ്രവർത്തകന്മാരുടെ അഭിപ്രായം.

ഒന്നാംക്ലാസ്സിലെ കുട്ടികൾ ഒരു ഗൃഹപ്രോജക്റ്റു് നടത്തുന്നുണ്ടു്. കുട്ടികൾതന്നെ ഒരു വീടുണ്ടാക്കുക എന്നുള്ളതാണു് ഈ പ്രോജക്ററുകൊണ്ടുദ്ദേശിക്കുന്നതു്. ഇഷ്ടികകൾ നിർമ്മിച്ചു ഭിത്തികൾ പണിയുകയും, വാതലുകളും, വാതായനങ്ങളും, അവർതന്നെ അളവുകൾ ശരിപ്പെടുത്തി നിർമ്മിക്കയും ചെയ്യുന്നു. വിദ്യാർത്ഥികൾ ഗ്രാമങ്ങളിൽ സഞ്ചരിച്ചു പല ഗൃഹങ്ങളും നിരീക്ഷിച്ചു പരിശോധിച്ചു് അവയുടെ നിർമ്മാണരീതിയും, സാധനസാമഗ്രികളും എല്ലാം മനസ്സിലാക്കിയശേഷമാണു ഗൃഹം പണിയുന്നതു്. ഗൃഹനിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ ഉണ്ടാക്കുന്നതിനും, വാങ്ങുന്ന

തിനും, അളവുകളും, തൂക്കങ്ങളും ക്രയവിക്രയരീതികളും എല്ലാം അറിഞ്ഞിരിക്കേണ്ടതിനാൽ അവയൊക്കെ ക്ലാസ്സിൽ പഠിപ്പിക്കുന്നു. കെട്ടിടത്തിന്റെ പ്ലാൻ വരയ്ക്കുക, സാധനസാമഗ്രികൾ വാങ്ങുക, മുതലായ കാര്യങ്ങൾക്കു ക്ഷേത്രഗണിതജ്ഞാനവും, കച്ചവടത്തിനു വ്യാപാരനിയമങ്ങളും അറിയേണ്ടതിനാൽ അവയും ക്ലാസ്സിൽ പഠിപ്പിക്കുന്നു. ഇപ്രകാരം ക്ലാസ്സിൽ പഠിപ്പിക്കുന്ന ഓരോ വിഷയവും അവർക്കു പ്രായോഗികമാക്കിത്തീർക്കുന്നതിന് ഈ പ്രോജക്റ്റുകൾ സഹായിക്കുന്നു. ഗൃഹനിർമ്മാണം കഴിഞ്ഞാലുടനെ അതിനെ സംബന്ധിച്ചുള്ള ഒരു പൂർണ്ണവിവരണം കുട്ടികൾ എഴുതണം. ഇതിലേക്കു ക്ലാസ്സിലെ ഭാഷയും, രചനയും സഹായകമായിത്തീരുന്നു. ഇപ്രകാരം പ്രോജക്റ്റുകൾ മാർഗ്ഗമായി അവർ അദ്ധ്യയനം നടത്തുന്നതുകൊണ്ട് അവർക്കു വിദ്യാഭ്യാസത്തിൽ കൂടുതൽ താല്പര്യവും, ഉത്സാഹവും ഉളവാകുകയും നിരീക്ഷണപരീക്ഷണങ്ങൾക്കും പ്രായോഗികപരിശീലനത്തിനും സൌകര്യം ലഭിക്കുകയും ചെയ്യുന്നു. പരസ്പരസഹായം, സ്വാശ്രയശീലം, പ്രവൃത്ത്യുന്മുഖത, മുതലായ വിശിഷ്ടഗുണങ്ങൾ മോഗായിലെ പാഠപദ്ധതിയിലെ സ്വാഭാവികഫലങ്ങളത്രെ.

രണ്ടാംക്ലാസ്സിൽ ഒരു നൂൽപരുത്തി പ്രോജക്റ്റു നടത്തുന്നുണ്ട്. ഉയർന്ന ക്ലാസ്സുകളിൽ വ്യാപാരപ്രോജക്റ്റ്, ആശുപത്രി, ബാങ്കിങ്ങ്, പരസ്പരസഹായസംഘം, ഗ്രാമീണപുനരുദ്ധാരണം എന്നിങ്ങനെ അനേകവിധം പ്രോജക്റ്റുകൾ നടത്തുന്നുണ്ട്.

മോഗായും പൊതുജനങ്ങളും.

മോഗായിലെ വിദ്യാർത്ഥികളുടെ കൃഷിസമ്പ്രദായങ്ങളും, തോട്ടങ്ങളും ആ നാട്ടുകാർക്ക് ഒരു മാതൃകയായിത്തീർന്നിരിക്കുന്നു. മോഗായിലെ ശാസ്ത്രീയമായ കൃഷിരീതികളും, നൂതനകൃഷിയായുധങ്ങളും, വളങ്ങളും എല്ലാം നാട്ടുകാരായ കൃഷിക്കാരുടെ ശ്രദ്ധയെ ആകർഷിക്കയും, അവർ അവിടത്തെ കൃഷിരീതികൾ അനുകരിക്കുകയും ചെയ്തുവരുന്നു. ചുരുക്കത്തിൽ മോഗാവിദ്യാലയം ഒരു ഗ്രാമീണപുനരുദ്ധാരണകേന്ദ്രമായിത്തീർന്നിട്ടുണ്ട് എന്നു പറയാം.

വിദ്യാലയഭരണം.

അഞ്ചു വിദ്യാർത്ഥിസാമാജികന്മാരടങ്ങിയ ഒരു പഞ്ചായത്താണ് സ്കൂൾഭരണം നിർവ്വഹിക്കുന്നത്. ഈ സാമാജികന്മാരെ വിദ്യാർത്ഥികൾതന്നെ തിരഞ്ഞെടുക്കുകയാണു ചെയ്യുന്നത്. പ്രസ്തുത പഞ്ചായത്തു പ്രത്യേകം കമ്മററികളെ നിശ്ചയിച്ച് ഒരോരോ പ്രത്യേകശാഖയുടേയും

ഭരണം നടത്തുന്നു. രോഗികളെ ശുശ്രൂഷിക്കുന്നതിനും, ശുചീകരണം, വിളക്കുവെയ്പ്പ്, ഭക്ഷണപാകം, ആദിയായ കാൎയ്യങ്ങൾ അന്വേഷിക്കുന്നതിനും പ്രത്യേകം കമ്മിററികൾ നിയുക്തരായിട്ടുണ്ട്. അവിടത്തെ തിരഞ്ഞെടുപ്പും, പ്രസംഗങ്ങളും, വോട്ടും എല്ലാം ഭാവിപൌരജീവിതത്തിനു പ്രത്യേകം സഹായകമായിത്തീരുന്നു.

മോഗാജൎണ്ണൽ.

മോഗായിലെ വിദ്യാഭ്യാസരീതികൾക്കു പ്രചാരം നൾകുന്നതിനും, അവിടത്തെ പൂൎവ്വവിദ്യാൎത്ഥികളുമായുള്ള ബന്ധം ശിഥിലമാകാതെ നിലനിൎത്തിക്കൊണ്ടുപോകുന്നതിനും വേണ്ടി, പ്രസ്തുത വിദ്യാലയാധികൃതന്മാർ ഒരു മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. വിദ്യാഭ്യാസസംബന്ധമായ പല നല്ല ലേഖനങ്ങളും, പ്രോജക്ററുരീതിയനുസരിച്ച് എഴുതപ്പെട്ടിട്ടുള്ള പാഠക്കുറിപ്പുകളും, മോഗായിലെ മററു വിശേഷങ്ങളും എല്ലാം ഈ മാസികയിൽ പ്രസിദ്ധപ്പെടുത്തുന്നു. ഇതിനു വരിസംഖ്യ ആണ്ടിൽ രണ്ടോ, മൂന്നോ രൂപയാണ്.

ഉപസംഹാരം.

മോഗായിലെ തൊഴിൽപരമായ വിദ്യാഭ്യാസരീതിയും, പ്രോജക്ററുകളുമെല്ലാം ക്ലാസ്സിലെ അദ്ധ്യയനത്തിനു തടസ്സമായിരിക്കും എന്നു സാധാരണന്മാൎക്കു തോന്നിയേക്കാം. പ്രായോഗികവും സാമാജികവും ആയ രീതിയിൽ അഭ്യസനം നടത്തുന്നതുകൊണ്ടു വിദ്യാൎത്ഥികൾക്കു ജ്ഞാനത്തിന്റെ വിലയും, ശക്തിയുംഅറിയാൻ സാധിക്കുന്നു. തന്മൂലം അവർ ഉത്സാഹത്തോടുകൂടി പഠിക്കയും പരീക്ഷകളിൽ പ്രശസ്തമായി ജയിക്കയും ചെയ്യുന്നു. ഗവൎമ്മേണ്ടു പബ്ളിക്കുപരീക്ഷക്കു മോഗായിൽനിന്നയക്കുന്ന വിദ്യാൎത്ഥികളിൽ 95 ശതമാനത്തിലധികം പാസ്സായിവരുന്നുണ്ട്. ചുരുക്കത്തിൽ മോഗാരീതി ഭാരതത്തിന് ഏററവും യോജിച്ച ഒരു വിദ്യാഭ്യാസരീതിതന്നെയെന്നു പറയാം.

# വിദ്യാഭ്യാസത്തിലെ ചില ആദശ്മാററങ്ങഠം.

(എം. രാമവമ്മതമ്പാൻ ബി. എ., എൽ. ടി.)

ആദികാലങ്ങളിൽ മതം മനുഷ്യൻെറ പ്രധാനചിന്താവിഷയമായിരുന്നു. അക്കാലത്തു വിദ്യാഭ്യാസം മുഖ്യമായി പരലോകജീവിതം ആനന്ദപൂണ്ണമാക്കാൻ തയ്യാറാക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നതു്. മനുഷ്യർഐഹികകാൎയ്യങ്ങഠംക്കു കൂടുതൽ പ്രാധാന്യം കല്പിച്ചപ്പോഠം തങ്ങഠം അന്യോന്യം എങ്ങനെ പെരുമാറണമെന്നു് ആരാഞ്ഞുതുടങ്ങി. ഈ ദശയിൽ ധമ്മത്തിനു പ്രാധാന്യം കൂടി. വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം സ്വഭാവസംസ്കരണമായി. ജ്ഞാനസമ്പാദനം അതിന്നു് ഒരു ഉപകരണം മാത്രമായിത്തീൎന്നു. ശാസ്ത്രത്തിൻെറ പ്രാധാന്യം കൂടിക്കൂടിവന്നപ്പോഠം സ്വഭാവസംസ്കരണം യഥാൎത്ഥമായ ജ്ഞാനാന്വേഷണത്തിൻെറ ഉപഫലമായി വരേണ്ട ഒന്നാണെന്നും ബുദ്ധിസംസ്കാരം ശരിയായി വരുമ്പോഠം സ്വഭാവം താനെ സംസ്കരിക്കപ്പെട്ടുമെന്നും അതിനാൽ വിദ്യാഭ്യാസത്തിൽ ജ്ഞാനസമ്പാദനത്തിന്നു് അതിപ്രാധാന്യം നൽകണമെന്നും വന്നുകൂടി. മതക്കാലത്തു ശരീരത്തെ ക്ഷീണിപ്പിച്ചും ത്യാഗം ശീലിച്ചിരുന്നു. ധമ്മദശയിൽ "ശരീരമാദ്യം ഖലു ധമ്മസാധനം" എന്നായി പ്രമാണം. ശാസ്ത്രകാലത്തു ശരീരാരോഗ്യത്തിനും മാനസികാരോഗ്യംപോലെ പ്രാധാന്യം വേണമെന്നായി. ഇക്കാലത്തു "സാധുവായശരീരത്തിൽ സാധുവായ ബുദ്ധി" അല്ലെങ്കിൽ "സംസ്കൃതദേഹത്തിൻ സംസ്കൃതബുദ്ധി" എന്നായി മുദ്രാവാക്യം.

ബാലമനസ്സു വേഗം വികാരങ്ങഠംക്കു വശംവദമായേക്കാവുന്നതിനാൽ ലോകത്തിലെ കാപട്യങ്ങളും ദുഷ്ടതപവും മററും ബാലന്മാർ അറിയരുതു്; പക്വബുദ്ധികളായ മനുഷ്യരുടെ പ്രവൃത്തികളെപ്പററിയും ബാലജനം അറിയരുതു്; കഴിയുമെങ്കിൽ ജനസമൂഹത്തിൽനിന്നു് അകന്ന ഒരു ദിക്കിൽ—ഒരു പ്രത്യേക അന്തരീക്ഷത്തിൽ—ഒരു പുതിയലോകത്തിൽ—ഉൽകൃഷ്ടങ്ങളായ ആദശ്ങ്ങഠംമാത്രം വിളയുന്ന ഒരു ലോകത്തിൽ—ആണു ബാലജനം ജീവിതത്തിനു തയ്യാറാകേണ്ടതു് എന്ന ഒരു ആദശം വന്നുകൂടി. ഗുരുകുലവും വിദ്യാലയജീവിതവും മററും ഇതിൻെറ പ്രകാരാന്തരങ്ങളാണു്. സകല ആദശ്ങ്ങളും ഗ്രഹിച്ചു സിദ്ധിവന്നു് അവർ അപൂർണമായ ലോകത്തിൽ പ്രവേശിക്കട്ടെ.

എത്രതന്നെ ആദശ്ങ്ങളാൽ ഭരിതരാണെങ്കിലും അവർ പ്രപഞ്ചത്തിൽ ഇറങ്ങി പ്രവത്തിക്കുമ്പോഠം ഏറെക്കുറെ ആദശംവിട്ടു് അവർ വി

ട്ടുവീഴ്ചകൾക്കു വശംവദരാകും. എന്നാൽ ഇങ്ങനെയുള്ള വിട്ടൊഴിവുകൾ കുറയ്ക്കാനാണു് ആദർശങ്ങളുടെ ദൃഢമായ സ്വാധീനത്തിൽ അവർ വളരണമെന്നു വച്ചിട്ടുള്ളതു്. ആ കാരണത്താൽ നാട്ടിൽ നടക്കുന്ന സാമുദായ കാര്യം രാഷ്ട്രീയകാര്യം മുതലായവയിൽ ബാലജനത്തിനു കാര്യമേയില്ല എന്നു വിശ്വസിച്ചുവന്നു. റസ്കിൻ എന്ന വിദ്വാൻ കഴിഞ്ഞ ശതാബ്ദത്തിലെ ആദർശം ഇപ്രകാരമാണു പറഞ്ഞിരിക്കുന്നതു്: "യൗവനത്തിനു് ഉചിതമായ മനോഭാവം ഭക്തിയും ഉചിതമായ സ്ഥാനം അപ്രസിദ്ധിയും" ആകുന്നുവെന്നാണു്.

ഈ പുതിയ ഇരുപതാം ശതാബ്ദത്തോടുകൂടി വിദ്യാഭ്യാസത്തിന്റെ ആദർശം തീരെ മാറിയിരിക്കുന്നു. മുമ്പിലത്തെ കണ്ണടച്ചുള്ള അനുസരണത്തിന്റെ സ്ഥാനത്തു കണ്ണുതുറന്ന അന്വേഷണം കയറിപ്പററി. ഗുരു പറയുന്നതിനെ ചോദ്യംകൂടാതെ സ്വീകരിച്ചിരുന്ന സ്ഥാനത്തു ചോദ്യംചെയ്തു താൻതന്നെ ജ്ഞാനം കണ്ടുപിടിക്കുക എന്നായി. സാമുദായികകാര്യം പ്രായം തികയുമ്പോഴേക്കു വിട്ടുകൊടുക്കുക എന്നതിനു പകരം ബാല്യകാലം മുതൽ സമുദായത്തിലെ ഒരംഗമായി സമുദായപരിഷ്കാരത്തിൽ കച്ചകെട്ടുക എന്നായി. രാഷ്ട്രീയകാര്യങ്ങൾ പല ഘടകങ്ങളുടെ സങ്കീർണ്ണങ്ങളാകയാൽ യുവാക്കന്മാർക്കു ദുർഗ്രാഹ്യമാണെന്നു കരുതിയിരുന്നതുപോയി തങ്ങളുടെ പ്രവൃത്തിരംഗമാകാൻപോകുന്ന ലോകത്തിന്റെ ഗതി സൂക്ഷ്മമായും ബുദ്ധിപൂർവമായും അന്വേഷിക്കുകയെന്നതാണു യുവാക്കന്മാരുടെ കർത്തവ്യം എന്നു വന്നിരിക്കുന്നു. സ്ത്രീകൾ പുറത്തിറങ്ങുക അഭിമാനലക്ഷണമല്ലാതിരുന്നിടത്തു് ഇന്നു സഹവിദ്യാഭ്യാസം സ്വീകൃതമായിരിക്കുന്നു. വർഗ്ഗവ്യത്യാസങ്ങളെപ്പററി പറകതന്നെ സഭ്യമല്ലെന്നു കരുതിയിരുന്നതുപോയി അവ വിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്നായിരിക്കുന്നു. ഗോപ്യമായി യാതൊരറിവും സൂക്ഷിക്കേണ്ടതില്ല എന്നായിരിക്കുന്നു. വംശശുദ്ധി കാത്തിരുന്ന ദിക്കിൽ സിവിൽ വിവാഹത്തിനു നിയമനാധുത്വം ലഭിച്ചിരിക്കുന്നു. ചിലർ ഭക്ഷിക്കുന്നതു മററുചിലർ കാണരുതെന്നു വിചാരിച്ചിരുന്ന ദിക്കിൽ ഭിന്നജാതിമതസ്ഥർ തങ്ങളിൽ സ്ത്രീപുരുഷഭേദമെന്യേ സഹഭോജനം സർവ്വസാധാരണയായി കഴിഞ്ഞിരിക്കുന്നു. സ്വദേശം സ്വർഗ്ഗമാണെന്നും വിദേശഗമനം ജ്ഞാതിശാസ്യാഹമാണെന്നും വിശ്വസിച്ചിരുന്നവരുടെ ഇന്നത്തെ സന്താനങ്ങൾ വിദേശയാത്ര വിദ്യാഭ്യസത്തിന്റെ ഒരു ഒഴിക്കുകവഹിയാത്ത ഘടകമായികരുതുന്നു. സ്വരാജ്യസ്നേഹംതന്നെ ലോകസ്നേഹത്തിനു വഴിമാറിക്കൊടുക്കേണ്ടദിക്കായിരിക്കുന്നു. മനുഷ്യന്റെ ജ്ഞാനം വദ്ധിച്ചു വിപുലമായതോടുകൂടി പണ്ടത്തെ തടങ്കലുകളെല്ലാം തകർന്നു മാറിയിരിക്കുന്നു. സാഹിത്യംതന്നെ സ്വദേശസാഹിത്യം പോരാ ലോകസാഹിത്യംവേണം പഠിക്കാൻ എന്നായിരിക്കുന്നു.

ഇപ്രകാരം സർവ്വംവിധനവീകൃതമായിരിക്കുന്ന ഇന്നത്തെ ലോകഗതി അനുസരിച്ചു വിദ്യാഭ്യാസാദർശം മാററി മുപ്പതുവർഷം കഴിയുമ്പോഴത്തെ ലോകസ്ഥിതിയിൽ വിജയം നേടാനുതകുന്ന വിദ്യാഭ്യാസമാണ് ഇന്ന് ആദർശമായിനില്ക്കുന്നതു്. അദ്ധ്യാപകന്മാർ ഒന്നാംക്ലാസ്സുമുതൽ എം. എ. ക്ലാസ്സുവരെ ഏതുക്ലാസ്സ പഠിപ്പിക്കുകയാണെങ്കിലും ഇന്നത്തെ പരിതസ്ഥിതിയെ അവഗണിച്ചു വിജയം നേടാൻ അവർക്കു സാദ്ധ്യമല്ല. അതിനാൽ അദ്ധ്യാപകന്മാർ അത്യധ്വാനംചെയ്തു് "ആധുനികത്വ"മോ "ഭാവികത്വ"മോ സമ്പാദിച്ചേ മതിയാവൂ. ഇതിനായി അദ്ധ്യാപകന്മാർ സംഘടിച്ചു പ്രവർത്തിക്കണം. വിദ്യാഭ്യാസത്തിനു സാധിക്കാവുന്നതിൽ മുഖ്യമായ ഒന്നു വിദ്യാർത്ഥികളെ ഭയഹീനരാക്കുകയാണ് എന്നത്രേ ഒരു ചിന്തകൻ അഭിപ്രായപ്പെടുന്നതു്. അതിന് അദ്ധ്യാപകന്മാർതന്നെ ഭയരഹിതരാകണമല്ലോ. ഏതു വിഷയത്തെപ്പററിയും ഭയരഹിതം വീക്ഷിക്കാനും, അന്വേഷിക്കാനും, പഠിക്കാനും, നടപ്പിൽ വരുത്താനും അവർ നിർഭയം തയ്യാറാകേണ്ടതാകുന്നു.

ഇന്നത്തെ അദ്ധ്യാപകലോകം തങ്ങളെ ആവരണം ചെയ്തുവരുന്ന മഹത്തമങ്ങളായ ഈ മാററങ്ങളെ അറിയുന്നുണ്ടു് എന്നും അവയ്ക്കു് ഒത്തപോലെ തങ്ങളുടെ നയവും ശ്രമവും ക്രമീകരിക്കാൻ ഉത്സാഹിച്ചു പ്രവർത്തിക്കുമെന്നും വിശ്വസിക്കതെന്നെ.

# സാഹിത്യത്തിൻെറ ഔന്നത്യം.

(പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി.)

സർവ്വാഭിരാമവും സകലോപകാരകവുമായ സാഹിത്യം സാരഹീനമാണെന്നു പറയുന്ന സഹൃദയതാശൂന്യന്മാർ പണ്ടെന്നപോലെ ഇന്നും അവിടവിടെ ഇല്ലായ്കയില്ല. അക്കൂട്ടരുടെ മുഖമുദ്രണത്തിനു തുലോം പര്യാപ്തമായ വിധത്തിലുള്ള ചർച്ചചെയ്ത പല മഹാത്മാക്കളുടേയും നാമങ്ങൾ സംസ്കൃതസാഹിത്യത്തിൽനിന്നു നിർദ്ദേശിക്കുവാൻ കഴിയും. താദൃശമഹാന്മാരിൽ പ്രാമാണ്യവും പ്രാധാന്യവും സിദ്ധിച്ചിരിയ്ക്കുന്ന രാജശേഖരകവിരാജൻ സാഹിത്യത്തിനു കൊടുത്തിരിക്കുന്ന സ്ഥാനം വിജ്ഞേയവും വിലോഭനീയവുമത്രേ. കാവ്യജിജ്ഞാസുക്കൾ ഒന്നാമതു ശാസ്ത്രവിജ്ഞന്മാരായിരി

യ്യണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. കാവ്യങ്ങൾ ശാസ്ത്രപൂർവകങ്ങളാകയാൽ, ശാസ്ത്രപ്രദീപസഹായരഹിതന്മാർ കാവ്യാന്തർഗ്ഗതമായ തത്വാർത്ഥസാർത്ഥത്തെ അദ്ധ്യക്ഷീകരിപ്പാൻ ശക്തന്മാരാവുകയില്ലെന്നാണ് അദ്ദേഹത്തിൻെറ യുക്തി. അപൌരുഷേയമായ വേദത്തിൻെറ അങ്ഗങ്ങൾ ശിക്ഷാകല്പവ്യാകരണാദിയായി ആറെന്നാണ് അധികപക്ഷം. എന്നാൽ, രാജശേഖരൻെറ അഭിപ്രായം, 'അലങ്കാരം' ഏഴാമത്തെ അങ്ഗമാണെന്നത്രെ. അലങ്കാരം വേദാർത്ഥജ്ഞാനത്തിൽ ഉപകാരകമാണെന്നും, "ദ്വാ സുപർണ്ണാ സയുജാസഖായാ" ഇത്യാദിയായ വൈദികവാക്യങ്ങളുടെ അർത്ഥം അലങ്കാരതത്വപരിജ്ഞാനഹീനന്മാർക്കു ഗ്രഹിപ്പാൻ കഴിയുകയില്ലെന്നും മററും ആണ് അതിലേയ്ക്കു യുക്തികൾ. നാലു വേദങ്ങൾ, ആറംഗങ്ങൾ, നാലുശാസ്ത്രങ്ങൾ— എന്നിങ്ങനെ വിദ്യാസ്ഥാനം പതിനാലെന്നാണ് പൂർവ്വാചാര്യമതം. സർവ്വവിദ്യാസ്ഥാനങ്ങൾക്കും ഏകായതനമായ കാവ്യത്തെ 15-ാം വിദ്യാസ്ഥാനമായി കണക്കാക്കേണമെന്നിദ്ദേഹം വാദിയ്ക്കുന്നു! കാവ്യം ഗദ്യപദ്യമയമാണ്; കവിധർമ്മാത്മകമാണ്; ഹിതോപദേശകവുമാണ്; ശാസ്ത്രങ്ങളെല്ലാം കാവ്യത്തിൻെറ പുറകേ ചെല്ലുന്നതുമുണ്ടു—എന്നൊക്കെ യുക്തികളും കാണിയ്ക്കുന്നു. ആന്വീക്ഷികി, ത്രയി, വാർത്ത, ദണ്ഡനീതി എന്ന നാലു വിദ്യകളുടെകൂടെ അഞ്ചാമത്തേതായിട്ടു 'സാഹിത്യവിദ്യ'യെ ഗണിയ്ക്കണമെന്നാണു രാജശേഖരപക്ഷം. ആ സാഹിത്യവിദ്യ മററു നാലു വിദ്യകളുടേയും നിഷ്യന്ദമാണല്ലൊ എന്നാണു കാരണം പറയുന്നതു്. ധർമ്മാർത്ഥവിജ്ഞാനത്തിനു മററു വിദ്യകളെപ്പോലെ സാഹിത്യവും സഹായമാകയാൽ, അതിൻെറ 'വിദ്യാ'ത്വം അനപലപനീയമാണത്രേ. ഉചിതങ്ങളും ഉദാരങ്ങളുമായ ശബ്ദാർത്ഥങ്ങളുടെ പരിപാകഭാസുരമായ സാഹിത്യത്തോടുകൂടിയിരിയ്ക്കുന്ന ഈ "സാഹിത്യവിദ്യ" സർവ്വവിദ്യാചക്രവർത്തിനിയായിട്ടാണു വർത്തിക്കുന്നതെന്ന വസ്തുത സഹൃദയധുരീണന്മാർ സമ്മതിയ്ക്കുതന്നെ ചെയ്യുന്നു. സാഹിത്യവിദ്യയുടെ ഉപവിദ്യകളാണു അറുപത്തിനാലു കലകൾ. അവയാണു കാവ്യജീവനങ്ങൾ എന്നുതന്നെ പറയാം. ഈവണ്ണമിരിയ്ക്കുന്ന സാഹിത്യവിദ്യാതത്വം സമഗ്രമായി ഗ്രഹിയ്ക്കണമെങ്കിൽ, താഴെ പറയുന്ന ഓരോന്നും വെവ്വേറെ വിസ്തരിച്ചറിയേണ്ടിയിരിക്കുന്നു. 1. ശാസ്ത്രനിർദ്ദേശം, 2. കാവ്യപുരുഷോല്പത്തി, 3. പദവാക്യവിവേകം, 4. പാഠപ്രതിഷ്ഠ, 5. അർത്ഥാനുശാസനം. 6. വാക്യവിധികൾ, 7. കവിവിശേഷം, 8. കവിചര്യ, 9. രാജചര്യ, 10 കാകുവിധങ്ങൾ, 11. ശബ്ദങ്ങളേയും അർത്ഥങ്ങളേയും സ്വീകരിക്കുന്നതിനുള്ള സമ്പ്രദായങ്ങൾ, 12. കവികളുടെ സങ്കേതങ്ങൾ, 13. ദേശം, കാലം ഇവയുടെ വിഭാഗം, 14. ഭൂമിശാസ്ത്രതത്വം—എന്നിതുകളാണ് അവ.

ഇപ്രകാരമുള്ള സാഹിത്യവിദ്യയ്ക്കു സർവ്വവിദ്യാന്തരമൂൎദ്ധന്യതചമാണ് ആചാൎയ്യൻ കല്പിച്ചിരിക്കുന്നതു് എന്നു്, 15-ാമത്തെ വിദ്യയായിട്ടതിനെ ഗ്രഹിക്കുന്നതുകൊണ്ടു് അനുമിയ്ക്കാം. ഇതരാചാൎയ്യന്മാരും സാഹിത്യവിദ്യയുടെ സകലോത്തമതചത്തെ സമ്മതിക്കുന്നുണ്ടു്. "ശാസ്ത്രം എരിവുള്ള ഔഷധത്തെപ്പോലെ അവിദ്യാരോഗത്തെ നശിപ്പിയ്ക്കുകയും, കാവ്യം അത്യന്തഹൃദ്യമായ അമൃതംപോലെ അവിവേകവ്യാധിയെ ഇല്ലാതാക്കുകയും ചെയ്യുന്നു."—"ഹൃദയങ്ഗമമായ കാവ്യരസം കലൎത്തിയിട്ടുള്ളതാണെങ്കിൽ, കനത്ത ശാസ്ത്രതത്ത്വങ്ങൾകൂടി സുഗ്രഹങ്ങളാണ്; വളരെ എരിവുള്ള മരുന്നുകൂടിയും ആദ്യം അല്പം തേൻനുകൎന്നാൽ, പ്രയാസമെന്യേ സേവിയ്ക്കാമല്ലോ."—"കാവ്യം നാടകം മുതലായവ സചാഭീഷ്ടലാഭത്തിനും, പരാഭിലാഷപൂരണത്തിന്നും പൎയ്യാപ്തമത്രെ. വല്മീകി, കാളിദാസൻ തുടങ്ങിയവൎക്കു് അനശചരമായ യശസ്സിന്നും, ധാവകൻ ബോപദേവൻ ആദിയായവൎക്കു് ആത്യന്തികമായ ധനാൎജ്ജനത്തിന്നും, ജയദേവ-മയൂരപ്രഭൃതികൾക്കു കാമാവാപ്തിയ്ക്കും, മുദ്ഗലാചാൎയ്യമുഖ്യൎക്കു മുക്തിസിദ്ധിയ്ക്കും കാവ്യം കാരണമായിരിയ്ക്കുന്നു. ഐഹികവും ആമുഷ്മികവുമായ സകല കാൎയ്യവും ജിജ്ഞാസുവിന്നു കാവ്യത്തിൽനിന്നു സുഖമായി ഗ്രഹിക്കാം."—"സകല സൌഖ്യങ്ങളുടേയും സങ്കേതമായ വിബുധോദ്യാനമാണു സാഹിത്യലോകം."

എവംവിധങ്ങളായ ആചാൎയ്യവചനങ്ങൾക്കു വിഷയമായ ആ ഔന്നത്യവത്തായ സാഹിത്യം ഏതാണു്, എന്താണു്? അതാവിതു്:—

"മാൎഗ്ഗാനുഗുണ്യസുഭഗോ മാധുൎയ്യാദിഗുണോദയഃ
അലങ്കരണ വിന്യാസോ വക്രതാതിശയാന്വിതഃ
വൃത്ത്യൗചിത്യമനോഹാരി രസാനാം പരിപോഷണം
സ്പൎദ്ധയാ വിദ്യതേ യത്ര യഥാസചമുഭയോരപി
സാകാപ്യവസ്ഥിതിസ്തദചിദാഹ്ളാദൈകനിബന്ധനം
പദാദിവാക്പരിസ്പന്ദസാരഃ സാഹിത്യമുച്യതേ."

# ഏഴാംക്ലാസ്സിലെ മലയാളഭാഷാ പാഠപുസ്തകങ്ങൾ.

(ജി. രാമൻമേനോൻ എം., എ. ബി. എൽ.)

1110—11 എന്നീ സ്കൂൾ വർഷത്തിൽ ഏഴാംക്ലാസ്സിലേക്കു നിശ്ചയിച്ചിട്ടുള്ള മലയാള ഭാഷാപാഠപുസ്തകങ്ങളുടെ എണ്ണവും വണ്ണവും വിലയും അമിതമായിരിക്കുന്നു. * ഇവ കഴിഞ്ഞയാണ്ടത്തേതിൽനിന്ന് ഈയാണ്ടിൽ കുറെക്കൂടെ അധികമാണ്. വിദ്യാർത്ഥികളിൽ ഒരുവിധം നിവൃത്തിയുള്ളവരെല്ലാം പുസ്തകങ്ങൾ വാങ്ങിക്കഴിഞ്ഞു. ഈ പുസ്തകങ്ങളിൽ മിക്കതും മുഴുവൻ പഠിക്കാനുള്ളതാണത്രെ. ഒന്നിലോ രണ്ടിലോ മാത്രം ചില ഭാഗങ്ങൾ പഠിപ്പിക്കേണ്ടെന്ന് ഒഴിച്ചിട്ടുണ്ടു്. ശിഷ്ടമുള്ളതും ഈ ക്ലാസ്സിൽ പഠിപ്പിക്കാൻ സാധിക്കുന്നതിനേക്കാൾ വളരെ അധികമാണ്. അതുകൊണ്ടു കുറേഭാഗങ്ങൾകൂടെ വിട്ടുകളയണമെന്ന് അധികൃതന്മാർ ഉടനെ പള്ളിക്കൂടങ്ങളിലേക്കു എഴുതിയയച്ചാൽ കൊള്ളാം. ഈ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ ഗ്രഹണശക്തിയെ കവിഞ്ഞ വളരെ ഭാഗങ്ങൾ മിക്ക പാഠപുസ്തകങ്ങളിലും ഉണ്ടു്. ഈ ഭാഗങ്ങളെ ഉപേക്ഷിക്കുന്നതാണ് ആവശ്യം. വർഷാവസാനപ്പരീക്ഷയ്ക്കു ചോദ്യങ്ങളുണ്ടാക്കുന്നതും, കുട്ടികളുടെ ഗ്രഹണശക്തിയെ പരിഗണിച്ചിട്ടായിരിക്കണം. ഈ ക്ലാസ്സിലെ കഴിഞ്ഞയാണ്ടത്തെ പ്രധാന പാഠപുസ്തകങ്ങളിലെ മിക്കഭാഗങ്ങളും വിദ്യാർത്ഥികളുടെ ഗ്രഹണശക്തിക്കപ്പുറമായിരുന്നു. പരീക്ഷയ്ക്കു ചോദ്യങ്ങൾ ഈ സംഗതി ഓർമ്മിച്ചുകൊണ്ടു ലഘുവാക്കിയിരുന്നുവെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. ഈ ആണ്ടിലും അപ്രകാരംതന്നെ ചെയ്യേണ്ടതാണ്.

ഈ ആണ്ടിൽ 7-ാംക്ലാസ്സിലേക്ക് ഒരു പദ്യപാഠപുസ്തകമായി നിശ്ചയിച്ചിരിക്കുന്ന "പ്രഭാതപുഷ്പം" എന്നതിലെ മിക്ക ഭാഗങ്ങളും 7-ാംക്ലാസ്സിലെ വിദ്യാർത്ഥികൾക്കു ഗ്രഹിക്കത്തക്കവണ്ണം ലഘുവാണ്. ഇതിലെ ഭാഷാരീതിയും ലഘുവാണ്; ആശയങ്ങൾ പലതിനും ഭംഗിയുമുണ്ടു്. എന്നാൽ, ചിലേടത്തു് അസാരസ്യങ്ങളും അനുപപത്തികളും ഉണ്ടെന്നുകൂടെ പറയേണ്ടിയിരിക്കുന്നു. പക്ഷേ, പരീക്ഷകന്മാർ ഇത്തരം ന്യൂനതകളെക്കുറിച്ചും ചോദ്യങ്ങൾ ചോദിച്ചേക്കാം. ഈ വിഷയത്തിൽ അധികമൊന്നും ഈ ക്ലാസ്സിലെ കുട്ടികളോട് ആവശ്യപ്പെട്ടുകൂടാ. എങ്കിലും, ന്യൂനത

* 7-ാംക്ലാസ്സിലെ പുസ്തകങ്ങൾക്കു വില കുറഞ്ഞിരിക്കണമെന്നു പറയുന്നതു ശരിയാണ്. എന്നാൽ ഇക്കൊല്ലം എല്ലാ പുസ്തകത്തിനും വില കൂടുതലാണെന്നു പറയുന്നതുമാത്രം ശരിയല്ല. ഗു. പ.

കൾ ചൂണ്ടിക്കാണിച്ചു കുട്ടികൾക്കു തെററിദ്ധാരണകളുണ്ടാകാതെ സൂക്ഷിക്കുന്നതു്, അവരുടെ ഔചിത്യബുദ്ധിയെ ഉത്തേജിപ്പിക്കുന്നതും, ഗുണകരമായിരിക്കും. ചില ഉദാഹരണങ്ങൾ താഴെ ചേൎക്കുന്നു:—

"അന്തിക്കു നീലവിയത്തിലണിനിര
ന്നന്തിസ്ഫുരിക്കുമുഡുക്കളിലും."

ഇവിടെ നക്ഷത്രങ്ങൾ ഉന്തിസ്ഫുരിക്കുന്നതായി പറഞ്ഞിരിക്കുന്നതു് അഭംഗിയായിരിക്കുന്നു. അവ അണിയിൽ നിരന്നു നില്ക്കുന്ന സ്ഥിതിക്കു് ഉന്തിനില്ക്കുന്നതായി പറയാൻ ഒരു ന്യായവുമില്ല. രണ്ടും പരസ്പരവിരുദ്ധമാണ്. പ്രാസഭ്രമമാണ് ഈ അഭംഗിയുണ്ടാക്കിയതെന്നു തോന്നുന്നു.

ഈ പുസ്തകത്തിലെ ഞാൻ കണ്ട "ഈശ്വരൻ" എന്ന ആദ്യത്തെ കൃതിയിലെ ആരംഭമാണു മുകളിൽ കാണിച്ച രണ്ടു വരികൾ. ഇതിൽതന്നെ മറെറാരു ഭാഗത്തു താഴെ കാണുംപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഘോരമാം കാററിലുലയും ചെറുകപ്പൽ
പാറയിൽ തട്ടിയുടഞ്ഞപോലെ,
എൻമൃദുമാനസം പൊട്ടിത്തകൎന്നഹോ,
മുങ്ങിത്തുടങ്ങുകയായിരുന്നു."

ഇവിടെ മൃദുവായ ഒരു സാധനം കട്ടത്ത മറെറാരു സാധനത്തിൽ തട്ടിപ്പൊട്ടിത്തകൎന്നതായി പറഞ്ഞിരിക്കുന്നതു യുക്തമല്ല. ഇളംപുല്ലോ, വെണ്ണയോ മററു മൃദുസാധനമോ പാറയിൽ തട്ടിയാൽ പൊട്ടിത്തകരുകയില്ലെന്നു് അനുഭവവേദ്യമാണല്ലൊ. കണ്ണാടിപോലെ ദൃഢതയുള്ളവയും എന്നാൽ ഉറപ്പു കുറഞ്ഞവയുമായ സാധനങ്ങളാണു കഠിനവസ്തുക്കളിൽ തട്ടിയാൽ തകൎന്നു പോകുന്നതു്.

ഈ കവിതയിൽതന്നെ, കണ്ണുനീർത്തുള്ളികൾ, അവ പുറപ്പെട്ട കണ്ണുകളിൽത്തന്നെ താണുതാണസ്തമിച്ചു എന്നു പറഞ്ഞിരിക്കുന്നു. കണ്ണുനീർ കണ്ണിൽത്തന്നെ നിന്നാൽ ആവിയായി വായുവിൽ ലയിക്കയാണു ചെയ്യുന്നതു്. അവ തുടച്ചു നായികയെ ആശ്വസിപ്പിക്കാൻ ആരുമില്ലായിരുന്നുവെന്നാണ് ആശയം. ഇതു ഹൃദയസ്പൎശകം തന്നെ.

ഈ പുസ്തകത്തിലെ ആദ്യത്തെ കവിതയായ "ഞാൻ കണ്ട ഈശ്വരൻ" എന്ന കൃതിയിൽ, ആദ്യമായി കവയിത്രിയുടെ ഒരു വിഷാദാവസ്ഥയെ വിവരിച്ചിരിക്കുന്നു. നായിക മേൽപ്പോട്ടു നോക്കിക്കൊണ്ടു് ഒരു പുൽത്തകിടിയിൽ കിടക്കുകയാണ്. ആദ്യത്തെ ചില വൎണ്ണനകൾകൊണ്ടു് ഇതു

സന്ധ്യയ്ക്കായിരുന്നുവെന്നും അപ്പോൾ നക്ഷത്രങ്ങളും ചന്ദ്രനും പ്രകാശിച്ചു തുടങ്ങിയെന്നും വിചാരിക്കാം. എന്നാൽ, അടുത്തുതന്നെ,

"പച്ചിലച്ചില്ലിയിൽ തത്തിക്കളിക്കുമാ
കൊച്ചുപറവതൻ ഗാനത്തിലും"

എന്നു പറഞ്ഞിരിക്കുന്നു. സന്ധ്യയായതിൽപിന്നെ ഇങ്ങനെ ചെയ്യുന്ന കൊച്ചുപക്ഷികൾ ഉണ്ടെന്നു തോന്നുന്നില്ല. നായികയ്ക്കുള്ള വിഷാദത്തിനു മുമ്പു പറഞ്ഞ മററു പ്രകൃതിരാമണീയകങ്ങളൊന്നും ആശ്വാസം നൽകിയില്ലെങ്കിലും, അടുത്ത് ഒരു മുല്ലവള്ളിയിൽ നിന്ന മുല്ലപ്പൂവിൻെറ മണവും ദർശനവും നായികയിൽ ഈശ്വരൻെറ കൃപയെക്കുറിച്ചുള്ള ഓർമ്മയെ ജനിപ്പിച്ചു നായികയ്ക്കു മനസ്സാന്തി നൽകുന്നു. ഇതു് ആകപ്പാടെ വളരെ ലോലവും ശിഥിലവുമായിത്തോന്നാമെങ്കിലും, അസംഭാവ്യമല്ല. ചില സന്ദർഭങ്ങളിൽ ഇങ്ങനെ ചില വസ്തുക്കൾ മനസ്സിനെ ആകർഷിച്ച് ഉൽബുദ്ധമാക്കുന്നതു് അസാധാരണമല്ല.

ഈ പുസ്തകത്തിലെ ചില കവിതകളിൽ ചില ന്യൂനതകൾ കാണാമെങ്കിലും മററു ചിലതു സ്വാഭാവികവും ലളിതവുമായിട്ടുണ്ടു്. "ബാലലീല" എന്ന കവിത ഇതിനു് ഒരുദാഹരണമാണു്. ഈ പുസ്തകത്തിലെ ആശയങ്ങളിലധികവും 7-ാം ക്ലാസ് വിദ്യാർത്ഥികളുടെ ഗ്രഹണശക്തിക്കു യോജിച്ചവയാണെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ ഉത്തമസാഹിത്യത്തിൻെറ ഗൌരവമോ, ശക്തിയോ ഗണ്യമായ വിധത്തിൽ ഇതിലുണ്ടെന്നു പറയാനുമില്ല.

## സഹവിദ്യാഭ്യാസം.

(വിദ്വാൻ പി. കെ. കോരുതു്, പുത്തൻകാവ്)

യുണൈററഡ്സ്റ്റേററ്സ് മുതലായ പരിഷ്കൃതഭൂവിഭാഗങ്ങൾ വിദ്യാഭ്യാസവിഷയത്തിൽ അംഗീകരിച്ചിരിക്കുന്ന ഒരു നവീനപ്രസ്ഥാനമാണു സഹവിദ്യാഭ്യാസം. സ്ത്രീപുരുഷന്മാരുടെ സഹകരണശക്തിയെ വർദ്ധിപ്പിക്കാൻ സഹവിദ്യാഭ്യാസത്തോളം ശക്തിമത്തായ മറെറാരു സമ്പ്രദായം

ഇതേവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ആരോഗ്യകരമായ വിദ്യാഭ്യാസവും സഹവിദ്യാഭ്യാസമാണെന്ന് അനുഭോക്താക്കൾ മുക്തകണ്ഠം സമ്മതിക്കുന്നു. സങ്കോചമില്ലായ്മയും അതേ അവസരത്തിൽ സാന്മാൎഗ്ഗികബോധവും വിദ്യാൎത്ഥിവിദ്യാൎത്ഥിനികളിൽ ദൃഢമാകുന്നതിനു സഹവിദ്യാഭ്യാസം സൎവോൽകൃഷ്ടമാണെന്ന് അമേരിക്കൻവിദ്യാഭ്യാസശാസ്ത്രജ്ഞന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നുണ്ട്. സഹവിദ്യാഭ്യാസം പരിപൂൎണ്ണമായി അംഗീകരിച്ചിരിക്കുന്ന അമേരിക്കയിലെ ഐക്യനാടുകളിൽ സഞ്ചരിച്ചിട്ടുള്ള പലരും സഹവിദ്യാഭ്യാസത്തിൻെറ ഗുണങ്ങളെ ഉച്ചൈസ്തരം ഉൽഘോഷിച്ചുകാണുന്നു. വിദ്യാലയങ്ങളിലെ നിർബാധമായ പരസ്പരസമ്പൎക്കം സ്ത്രീപുരുഷന്മാരുടെ അന്യോന്യമിഥ്യാഭിപ്രായങ്ങളെ പാടേ ദൂരീകരിക്കയും, അവരിൽ പരസ്പരവിശ്വാസത്തേയും സ്നേഹത്തേയും വൎദ്ധിപ്പിക്കയും ചെയ്യുന്നു.

സ്ത്രീകൾ തനിച്ചു പഠിക്കുമ്പോൾ പ്രവൃത്തിതല്പരതയേക്കാൾ സൌന്ദൎയ്യത്തിൽ ഭ്രമിക്കുന്നു. അതുപോലെ പുരുഷന്മാരുടെ തനിവിദ്യാഭ്യാസം അവരിൽ സൗന്ദൎയ്യബോധത്തെ ഇല്ലായ്മചെയ്യുന്നതായി അനേകം അദ്ധ്യാപകന്മാർ സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ സഹവിദ്യാഭ്യാസം യുവതീയുവാക്കന്മാരിലും ബാലികാബാലന്മാരിലും മേൽപ്പറഞ്ഞ ദ്വിവിധഗുണങ്ങളേയും ഒരവസരത്തിൽ വളൎത്തുന്നതായി പരീക്ഷണങ്ങൾ കൊണ്ടറിഞ്ഞിരിക്കുന്നു. സുശീലകളും ഉത്തമകളും ആയ പെൺകുട്ടികളോട് അഥവാ യുവതികളോടൊന്നിച്ചുള്ള പെരുമാററത്താൽ ആൺകുട്ടികൾ അഥവാ യുവാക്കന്മാർ മൎയ്യാദക്കാരും സൽസ്വഭാവികളുമായിത്തീരാൻ വളരെ സൗകൎയ്യമുണ്ട്. അതേപ്രകാരത്തിൽ സ്ത്രീത്വത്തിൻെറ യഥാൎത്ഥമാഹാത്മ്യം വെളിപ്പെടുത്തണമെന്നുള്ള ഉത്തമാദൎശം സ്ത്രീജനങ്ങളിലും പ്രത്യക്ഷമാകും. നീചമായ വിനോദങ്ങളിൽ ലസിക്കുന്നതിനു സഹവിദ്യാഭ്യാസമുള്ള പാഠശാലകളിൽ ആൺകുട്ടികൾക്കാകട്ടെ പെൺകുട്ടികൾക്കാകട്ടെ സാധിക്കയില്ല.

സഹോദരസഹോദരിമാർ ഒന്നിച്ചിരുന്നു പഠിക്കാൻ സൗകൎയ്യപ്പെടുന്ന വിദ്യാലയങ്ങളിൽവച്ചു സഹോദരൻെറ സാന്നിദ്ധ്യം സഹോദരിയേയും സഹോദരിയുടെ സാന്നിദ്ധ്യം സഹോദരനേയും സൽപന്ഥാവുകളിലേക്ക് ആനയിക്കുന്നു.

ബ്രഹ്മചൎയ്യജീവിതം പരിശുദ്ധമായി സൂക്ഷിക്കുന്നതിന് ഇതു് ഒന്നാന്തരം കാവല്ക്കാരനാണെന്നും, ഒരു മാതാവിനെപ്പോലെ സഹവിദ്യാഭ്യാസം അമേരിക്കയിലെ വിദ്യാൎത്ഥികളെ ഉത്തമാദൎശത്തിലേക്കു വഴി കാട്ടുന്നു എന്നും അമേരിക്കയിലെ പണ്ഡിതന്മാർ ഏകമായി അഭിപ്രായപ്പെട്ടിരിക്കുന്നു

അമേരിക്കയിലെ സഹവിദ്യാഭ്യാസസമ്പ്രദായങ്ങളെപ്പററി കൂടി അല്പം പ്രതിപാദിച്ചു് ഈ ലേഖനം ഉപസംഹരിക്കാം. ഇവിടെ പ്രാഥമികം, സെക്കണ്ടറി, യൂണിവേഴ്സിററി എന്നിങ്ങനെ എല്ലാ വിദ്യാഭ്യാസഘട്ടങ്ങളിലും സഹവിദ്യാഭ്യാസം നടപ്പിലിരിക്കുന്നു. പ്രാഥമികവിദ്യാശാലകളിൽ 97 ശ: മാനവും സഹവിദ്യാഭ്യാസസ്ഥാപനങ്ങളാണ്. ന്യൂയോക്ക് മുതലായ ഏതാനും പട്ടണങ്ങളിൽ കത്തോലിക്കർ മാത്രം പ്രാഥമികവിദ്യാഭ്യാസഘട്ടത്തിൽ ആൺപെൺ വ്യത്യാസത്തെ ഗൗരവമായി ഗണിക്കുന്നുണ്ട്. സെക്കണ്ടറി വിദ്യാലയങ്ങളിൽ ഭൂരിപക്ഷവും സഹവിദ്യാഭ്യാസത്തിനു പ്രാഥമ്യം നൽകിയിരിക്കുന്നു. എങ്കിലും യാഥാസ്ഥിതികന്മാർ സെക്കണ്ടറി വിദ്യാഭ്യാസവേളയിൽ ആൺപെൺവ്യത്യാസം അത്യാവശ്യമെന്നു സിദ്ധാന്തിക്കുന്നതിനാൽ ചിലയിടങ്ങളിൽ ഇരുകൂട്ടർക്കും പ്രത്യേക വിദ്യാലയങ്ങൾ ഉണ്ടു്. എന്നാൽ അപ്രകാരമുള്ള വിദ്യാലയങ്ങളുടെ സംഖ്യ വളരെ പരിമിതമാണ്. സർവ്വകലാശാലാവിദ്യാഭ്യാസവും ഇപ്പോൾ സ്ത്രീപുരുഷഭേദം കൂടാതെ അമേരിക്കയിൽ ഒരേസ്ഥാപനത്തിൽ വച്ചുതന്നെ നൽകിക്കൊണ്ടിരിക്കുന്നു. തന്നിമിത്തം ഉപരിവിദ്യാഭ്യാസം ലഭിച്ച സ്ത്രീകളുടെ സംഖ്യ ഇതരരാജ്യങ്ങളിലേക്കാൾ കൂടുതലായി അമേരിക്കയിൽ ഉണ്ടു്. അതിനാൽ വിദ്യാഭ്യാസവിഷയത്തിൽ അമേരിക്കയുടെ ചെലവു മററുരാജ്യങ്ങളിലേക്കാൾ താരതമ്യേന കുറവാണ്. സഹവിദ്യാഭ്യാസവിഷയത്തിൽ അമേരിക്കയുടെ പിന്നാണിയിൽ മാത്രമേ ഇംഗ്ലണ്ടു സ്ഥിതിചെയ്യുന്നുള്ളു. എന്നാൽ ഉല്പതിഷ്ണുക്കളായ ഇംഗ്ലീഷുകാരെല്ലാം സഹവിദ്യാഭ്യാസം അത്യാവശ്യമെന്നു വാദിച്ചുതുടങ്ങിയിരിക്കുന്നു. കാലാന്തരത്തിൽ ഭൂലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സഹവിദ്യാഭ്യാസം പ്രാബല്യത്തിൽ വരുമെന്നു നമുക്കു പ്രത്യാശിക്കാം.


## ശ്രീനീലകണ്ഠതീർത്ഥപാദസ്വാമി
## —ചരിത്രസമുച്ചയം—

— വില കുറച്ചു. —

കരുണാശീതളസ്വാന്തനും വേദവേദാന്തകുഞ്ജകുഞ്ജരനും ആയ കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമിയുടെ ശിഷ്യപ്രധാനന്റെ ജീവചരിത്രം. സാഹിത്യപഞ്ചാനനൻ മി: പി. കെ. നാരായണപിള്ളയുടെ അത്യുജ്ജ്വലമായ പ്രസ്താവനയോടുകൂടിയതു്. മലയാളത്തിലെ പ്രഥമവും പ്രധാനവുമായ ജീവചരിത്രം. വില 2 രൂപമാത്രം.

# രാജാ കേശവദാസ്.

വീരാരാധന ഗ്രന്ഥാവലി നമ്പർ 2.

ഗ്രന്ഥകൎത്താ:— ആർ. ഈശ്വരപിള്ള ബി. എ.

ദാരിദ്ര്യത്തിൽ ജനിച്ചും, സ്വല്പമായ വിദ്യാഭ്യാസം മാത്രം ലഭിച്ചും, പലവിധ കഷ്ടതകൾ സഹിച്ചും, സ്വപ്രയത്നം, സ്വകൃത്യബോധം, നീതിനിഷ്ഠ, കശാഗ്രബുദ്ധി, സ്വാമിഭക്തി ഇവകൾകൊണ്ടു മാത്രം ലോകത്തിൽ ഉയൎന്ന പ്രജകളിൽ ഒരാൾക്കു ലഭിക്കാൻ സാധിക്കുന്ന ഏററവും ഉന്നതപദം പ്രാപിച്ചു സമൃദ്ധിയിങ്കലും അനുദ്ധതനായ ഈ സല്പുരുഷന്റെ ചരിത്രം ആൎക്കും ഒരു വിശിഷ്ടമായ സാധനപാഠമായിത്തന്നെ ഇരിക്കും.

വില അണ 8.

# ശ്രീരാമൻ.

ഗ്രന്ഥകൎത്താ:— ആർ. ഈശ്വരപിള്ള ബി. എ.

പുത്രനായൊ, ഭ്രാതാവായൊ, യോദ്ധാവായൊ, തപസ്വിയായൊ, ഭൎത്താവായൊ, രാജാവായൊ, മിത്രമായൊ, ശത്രുവായൊ ഉള്ള ഏതൊരു നിലയാകട്ടെ, ബ്രഹ്മചൎയ്യം മുതലായ മൂന്നു് ആശ്രമാവസ്ഥകളിൽ ഏതെങ്കിലുമാകട്ടെ, ധൎമ്മവീരനായ ശ്രീരാമനോടു തുല്യനായിട്ടു് ഒരുപദേഷ്ടാവും, രാമായണംപോലെ അത്ര രസാലങ്കാരസാരോപദേശഭൂയിഷ്ഠമായ ഒരു കാവ്യവും, വാത്മീകിയെപ്പോലെ ഒരു കവിയും ഇല്ലെന്നു സൎവ്വസമ്മതമാണു്.

വില അണ 8.

# ചിന്താസന്താനം.

## (ആറാം ഭാഗം)

ഗ്രന്ഥകൎത്താ:— ആർ. ഈശ്വരപിള്ള ബി. എ.

**ഇതാ തയ്യാറായിരിക്കുന്നു.**

കുറച്ചു പ്രതികൾ മാത്രം.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# ചിന്താസന്താനം.

## (നാലാംഭാഗം.)

ഗ്രന്ഥകർത്താ:— ആർ. ഈശ്വരപിള്ള ബി. എ.

കേരളത്തിലെ ഒരു പ്രധാനചിന്തകനും, ഒന്നാംതരം ഗദ്യകാരനും ആയ ഈ ഗ്രന്ഥകർത്താവിൻെറ 14 ഉപന്യാസങ്ങൾ അടങ്ങിയതാണു പ്രസ്തുത പുസ്തകം. അനുകരണീയമായ ഗദ്യരീതി; ആദരണീയമായ ആദശ്ങ്ങൾ; ഉൽകൃഷ്ടമായ ചിന്തകൾ; എല്ലാവരും വായിച്ചു പഠിക്കേണ്ടതു്. കച്ചവടക്കാൎക്കു നല്ല കമ്മീഷൻ. വില കുറച്ചിരിക്കുന്നു.

വില 10 അണ.

# ചിന്താസന്താനം അഞ്ചാംഭാഗം.

ഗ്രന്ഥകർത്താ: ആർ. ഈശ്വരപിള്ള ബി. എ.

പതിനാലു് ഉപന്യാസങ്ങൾ അടങ്ങിയ മുഴുവൻ ഭാഗത്തിനു് (ആട്ട്പേപ്പറിൽ ഗ്രന്ഥകർത്താവിൻെറ ഛായയോടുകൂടിയതു്)

വില 10 അണ.

1935-ലെ സ്കൂൾഫയിനൽ പരീക്ഷയ്ക്കു തിരഞ്ഞെടുക്കപ്പെട്ട 8 ഉപന്യാസങ്ങൾ മാത്രം അടങ്ങിയതു്.

വില 10 ചക്രം.

# സൂര്യകാന്തി.

ഇന്നത്തെ കവിതയുടെ പോക്കു് അറിയണമെന്നുണ്ടോ? മി: ജി. ശങ്കരക്കുറുപ്പിൻെറ ഈ പുതിയ കൃതി വായിക്കണം. കവിതാകാമിനി കളിയാടുന്ന സൂര്യകാന്തിയുടെ അകം മാത്രമല്ല കമനീയം; പുറവും കമനീയമാണു്. പുസ്തകം വാങ്ങിക്കഴിയുമ്പോൾ വില 1 രൂപാ കൊടുത്തതു കൂടിപ്പോയില്ല എന്നു നിങ്ങൾക്കുതന്നെ തോന്നും. അത്ര ആകഷ്ണീയമായിട്ടുണ്ടു കെട്ടും മട്ടും.

വില 1 രൂപാ.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.